بســم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

**2006**
**ജനുവരി – ഫെബ്രുവരി**

1181 മകരം–കുംഭം
1426 മുഹർറം – സഫർ
1384 തബ്ലീഗ് – അമാൻ

പുസ്തകം 6
ലക്കം 1
വില 10 രൂപ

**SATHYAMITHRAM**
ANSARULLAH PUBLICATION

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.



***Postal Address :***
Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വി ഷ യ വി വ രം


**ആമുഖം**

അല്പം വിവേകം നല്ലതല്ലേ!! ..... 4

**വിശുദ്ധ ഖുർആൻ**

സൂറത്തുൽ ഹിജ്ർ: അർത്ഥം വ്യാഖ്യാനം ..... 5

**ഖുത്വ്ബ**

പ്രവാചകനിന്ദയ്ക്കുള്ള പ്രതിക്രിയ ..... 8
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**ലേഖനം**

വാഗ്ദത്ത മസീഹിനെ വിശ്വസിക്കണ്ടേതില്ലേ? ..... 15
വിവ: എം. നാസിർ അഹ്മദ്

ജൽസ സാലാനാ 2005 ..... 18
ഇബ്നു എസ്. ഹമീദ്

യൂറോപ്പിന് താക്കീത് ..... 20

കാർട്ടൂൺ വിവാദം: അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതികരണം ..... 22


ഒരു തബ്ലീഗ് സംഭാഷണം ..... 24
വിവ: സഗീർ.എച്ച്.എസ്, കാവശ്ശേരി

യൂസുഫ്നബി(അ)ന്റെ ഐതിഹാസികമായ കഥ ..... 27
എ.ക്യു. മഹ്ദി, കൊല്ലം

വാഗ്ദത്ത പരിവർത്തനകാരി ..... 34
ടി. ശംസുദ്ദീൻ, കണ്ണൂർ

കാർട്ടൂൺ ഉയർത്തുന്ന പ്രശ്നങ്ങൾ ..... 38
ഉമ്മർ പാറപ്പുറത്ത്

റിപ്പോർട്ടുകൾ, ദുആകൾ ..... 42


*മുഖചിത്രം: ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്*

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# അല്പം വിവേകം നല്ലതല്ലേ!!

**ദൈ**വദൂതന്മാരെ നിന്ദിക്കുക എന്നതിന് പ്രവാചകാവതാരത്തോളംതന്നെ പഴക്കമുണ്ട്. എല്ലാ പ്രവാചകന്മാരും ശത്രുക്കളുടെ പരിഹാസത്തിനും നിന്ദതയ്ക്കും പാത്രമായിട്ടുണ്ട്. മുഹമ്മദ്(സ) പോലും അതിൽനിന്ന് ഒരിക്കലും ഒഴിവാക്കപ്പെട്ടിട്ടില്ല. അദ്ദേഹം ഇന്നുമാത്രമല്ല, തുടക്കം മുതൽ മക്കയിലും മദീനയിലും പോലും പരിഹസിക്കപ്പെട്ടു. പതിനാല് നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഈ പരിഹാസം തുടരുന്നു. “ജനങ്ങൾക്ക് അഹോ കഷ്ടം! പരിഹസിക്കപ്പെടാതെ ഒരു പ്രവാചകനും കഴിഞ്ഞുകടന്നുപോയിട്ടില്ല.” ഇത് ഇന്നും നിർബാധം തുടരുന്നു.

പ്രവാചകനിന്ദയ്ക്കുള്ള ശിക്ഷ എന്താണെന്നും അതിനെ എങ്ങനെ പ്രതികരിക്കണമെന്നും തിരുനബി(സ) നമുക്ക് പഠിപ്പിച്ചുതന്നിട്ടുള്ളതാണ്. പ്രവാചകസ്നേഹത്തിന്റെ പേരിൽ പ്രവാചകനിന്ദയ്ക്ക് നാം പ്രതികരിക്കുമ്പോൾ അത് പ്രവാചക കല്പനയ്ക്ക് വിരുദ്ധമാകാൻ പാടില്ല. ഇന്ന് ലോകത്ത് നാം കാണുന്നതെന്താണ്? പ്രവാചകസ്നേഹത്തിന്റെ പേരിൽ, അരുതെന്ന് അവിടന്ന് പറഞ്ഞ, പഠിപ്പിച്ച എല്ലാം നാം ചെയ്തുകൂട്ടുന്നു. ഉലമാവർഗ്ഗം മുസ്ലിം സമൂഹത്തെ നാശത്തിന്റെ അഗാധഗർത്തത്തിലേക്ക് ആഴ്ത്തുകയാണ് ചെയ്യുന്നത്. കാർട്ടൂൺ വിവാദത്തിന്റെ പേരിൽ സ്വന്തം നാടുകളിൽ കലഹങ്ങൾ ഉണ്ടാക്കി സ്വന്തം ജനങ്ങളെതന്നെ കുരുതികൊടുക്കുന്നു. മതത്തിന്റെ പേരിൽ ബലം പ്രയോഗിക്കുക എന്നത് അവരുടെ വിശ്വാസത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. നിഷ്കളങ്കരായ ആളുകളുടെ ഹൃദയത്തിൽ രോഷത്തിന്റേയും വിദ്വേഷത്തിന്റേയും അഗ്നി കൊളുത്തുകയാണ് അവർ ചെയ്യുന്നത്. പൈശാചികമായ അറേബ്യയെ തന്റെ ഹൃദയരക്തംകൊണ്ട് പവിത്രീകരിച്ച സമാധാനത്തിന്റെ രാജകുമാരനായ പ്രവാചക(സ)ന്റെ അനുയായികൾതന്നെ നിഷ്കളങ്കരായ മനുഷ്യരെ വകവരുത്താൻ ഇക്കാലത്ത് പ്രേരണ നല്കുന്നു. കാവലില്ലാത്ത പാവപ്പെട്ടവരുടെ കുടിലുകൾക്ക് കാവലേകിയ തിരുനബി(സ)യുടെ പേരിൽ നിസ്സഹായരും നിരാലംബരുമായവരുടെ വസതികൾ കൊള്ളയടിക്കാൻ അനുയായികൾ ഉത്സാഹം കാട്ടുന്നു. ഉറുമ്പിനെപോലും തീകൊണ്ട് നിങ്ങൾ ശിക്ഷിക്കരുതെന്ന് തന്റെ സഹചരരെ പഠിപ്പിച്ച പ്രവാചകന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ നാട്ടിലാകെ തീയാളിക്കത്തിക്കുന്നു. ഹർത്താലുകൾ നടത്തുകയും എംബസികൾ തകർക്കുകയും സ്വന്തം സഹോദരന്മാരുടെതന്നെ രക്തം ഒഴുക്കുകയും ചെയ്യുന്നത് ആർക്കുവേണ്ടിയാണ്. സമാധാനത്തിന്റെ പ്രതീകമായ തിരുനബി(സ)ക്ക് വേണ്ടിയോ? തന്നെ പരസ്യമായി അവഹേളിക്കുകയും നിന്ദിക്കുകയും ചെയ്തു എന്നുമാത്രമല്ല, തന്റെ പ്രിയപത്നിയുടെ പേരിൽ അതിനിന്ദ്യമായ ആക്ഷേപം ഉന്നയിക്കുകയും മുസ്ലിം സമുദായത്തിൽ അശാന്തി പരത്താൻ ശ്രമിക്കുകയും ചെയ്ത ഉബയ്യിബ്നു സുലൂലിന് മാപ്പ് കൊടുക്കുകയും മരിച്ചപ്പോൾ അയാളുടെ പാപമോചനത്തിനായി എഴുപതിൽ കൂടുതൽ പ്രാവശ്യം പൊറുക്കലിനെ തേടുമെന്ന് പറയുകയും ചെയ്ത കാരുണ്യവാനായ പ്രവാചകന്റെ മാതൃക ഇന്നെവിടെ? അതെ, സമൂഹം തിരുദൂതരുടെ തിരുചര്യകളിൽനിന്ന് അകന്നുപോയി.

ഇസ്ലാമിന്റെ ലേബലിൽ ഇവ്വിധമുള്ള അക്രമപ്രവർത്തനങ്ങൾ അഴിച്ചുവിടുമ്പോൾ എതിർകക്ഷി ആത്മഗതം പറയും ‘ഞാൻ വരച്ചത് ശരിയല്ലേ? ഇസ്ലാമിനെക്കുറിച്ച് ഞാൻ പറഞ്ഞത് ശരിയല്ലേ? ഇത് അസഹിഷ്ണുത പരത്തുന്ന മതമല്ലേ?’ എന്ന്. പീഡനങ്ങൾ സഹിച്ച് പീഡിതർക്ക് മോചനം നല്കിയ ഇസ്ലാമിന് എന്തിന് നാം ദുഷ്പേരുണ്ടാക്കുന്നു? വികാരത്തിന് അടിപ്പെടാതെ വിവേകം കാണിക്കലല്ലേ നന്ന് ?

പ്രവാചകനിന്ദയ്ക്കുള്ള ശിക്ഷ അല്ലാഹുതാൻതന്നെ നല്കുന്നതാണ്. അല്ലാഹു പറയുന്നു: “അല്ലാഹുവിനേയും അവന്റെ ദൂതനേയും ഉപദ്രവിക്കുന്നവരാരോ നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെക്കുകയും ചെയ്തിട്ടുണ്ട്.” (*33:58*)

അതുകൊണ്ട് തിരുനബിയുടെ മാതൃക പിൻപറ്റി വികാരത്തെ നിയന്ത്രിച്ച് വിവേകത്തോടെ പ്രവർത്തിക്കാൻ നമുക്ക് പ്രാപ്തിയുണ്ടാകണം. അതിന് ദൈവം തുണയ്ക്കട്ടെ. ●



# ഞാൻ വെളിച്ചം

ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)

**ഞാ**ൻ രക്തദാഹി മഹ്ദിയിലും ചോരക്കൊതിയൻ മസീഹിലും വിശ്വസിക്കുന്നില്ല. അല്ലാ, ഞാൻ അത്തരം നിരർത്ഥ ആശയങ്ങളെ വെറുക്കുകയും അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യുന്നു. അവരുടെ ഭാവനയിലുള്ള ഇത്തരം മഹ്ദിയിലും ഇത്തരം മസീഹിലും വിശ്വസിക്കാത്തതിനാലാണ് അവരെന്നെ കാഫിറാക്കിയിരിക്കുന്നത്. എന്നുമാത്രമല്ല, ദൈവത്തിൽനിന്നുള്ള വ്യക്തമായ വെളിപാടനുസരിച്ച് ബൈബിളിലും ഖുർആനിലും ഹദീസുകളിലും സുവിശേഷമറിയിക്കപ്പെട്ട സത്യമഹ്ദിയും വാഗ്ദത്തം ചെയ്യപ്പെട്ട സത്യമസീഹും ഞാൻ തന്നെയാണെന്ന് ഞാൻ പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതും എന്നെ കാഫിറാക്കിയതിനുള്ള കാരണംതന്നെ. എന്നാൽ, മഹ്ദി മസീഹാണെന്ന് വാദിക്കുന്ന എനിക്ക് വാളോ തോക്കോ നല്കപ്പെട്ടിട്ടില്ല. വിനയത്തോടും സൗമ്യതയിലും ജനങ്ങളെ ദൈവത്തിലേക്ക് വിളിക്കാനാണ് ഞാൻ ആജ്ഞാപിക്കപ്പെട്ടിട്ടുള്ളത്. ആ ദൈവമാകട്ടെ, നിത്യനും മാറ്റമില്ലാത്തവനും പരമപരിശുദ്ധനും പരമജ്ഞാനിയും പരമകാരുണികനും പരമനീതിമാനുമായ സത്യദൈവമാകുന്നു.

ഈ ഇരുണ്ട കാലഘട്ടത്തിലെ വെളിച്ചമാവുന്നു ഞാൻ. ഇരുട്ടിൽ നടക്കുന്നവർക്കായി പിശാച് ഒരുക്കിവെച്ച പടുകുഴിയിൽ വീഴുന്നതിൽനിന്ന് എന്നെ പിന്തുടരുന്നവർ രക്ഷിക്കപ്പെടും. സമാധാനത്തിലൂടെയും വിനയമാർഗ്ഗത്തിലും സത്യദൈവത്തിലേക്ക് ജനങ്ങളെ വഴിനടത്തുന്നതിനും ഇസ്‌ലാമിൽ ധാർമ്മികതയ്ക്കുള്ള സ്ഥാനം ഊന്നിയുറപ്പിക്കുന്നതിനുമായിട്ടത്രെ എന്നെ ദൈവമയച്ചിട്ടുള്ളത്. സത്യാന്വേഷികൾക്ക് സംതൃപ്തി പ്രദാനം ചെയ്യുന്ന സ്വർഗ്ഗീയാടയാളങ്ങൾ ദൈവം എനിക്കുവേണ്ടി വെളിപ്പെടുത്തിയിരിക്കുന്നു. എനിക്ക് പിന്തുണ നല്കിക്കൊണ്ട് അല്ലാഹു അത്ഭുതങ്ങൾ കാണിച്ചു. ദിവ്യദൗത്യം വാദിക്കുന്ന സത്യാത്മാക്കളുടെ അടയാളമായി വേദഗ്രന്ഥങ്ങൾ വിവരിച്ചുതരുന്നപ്രകാരം അദൃശ്യകാര്യങ്ങളെക്കുറിച്ചും ഭാവിയെപ്പറ്റിയുള്ള രഹസ്യവിവരങ്ങൾ എനിക്ക് ദൈവം വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അവനെനിക്ക് പാവനവും പരിശുദ്ധവുമായ ജ്ഞാനം നല്കി എന്നെ അനുഗ്രഹിച്ചിരിക്കുന്നു. ആകയാൽ, സത്യത്തെ വെറുക്കുകയും ഇരുട്ടിനെ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആത്മാക്കൾ എനിക്കെതിരായിത്തിരിഞ്ഞു. എന്നാൽ, എനിക്ക് ആവോളം ഞാൻ മനുഷ്യവംശത്തിന്റെ നേരെ അനുകമ്പാലു ആയിരിക്കുന്നതാണ്. (*യേശു മിശിഹാ ഇന്ത്യയിൽ*)

**വിശുദ്ധ ഖുർആൻ**

# സൂറത്തുൽ ഹിജ്ർ

## *(മക്കയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

وَلَقَدْ جَعَلْنَا فِي السَّمَاءِ بُرُوجًا وَزَيَّنَّاهَا لِلنَّاظِرِينَ ﴿١٦﴾

**15:17 "നാം ആകാശത്ത് പല രാശികളെ ഏർപ്പെടുത്തുകയും നാം അവയെ കാണികൾക്ക് അലംകൃതമാക്കുകയും ചെയ്തിരിക്കുന്നു."**

*പദാർത്ഥം*: وَلَقَدْ جَعَلْنَا തീർച്ചയായും നാം ഏർപ്പെടുത്തിയിരിക്കുന്നു فِي السَّمَاءِ ആകാശത്തിൽ بُرُوجًا രാശികളെ وَزَيَّنَّاهَا അവയെ നാം അലങ്കരിക്കുകയും ചെയ്തു لِلنَّاظِرِينَ കാണികൾക്ക്

وَحَفِظْنَاهَا مِن كُلِّ شَيْطَانٍ رَّجِيمٍ ﴿١٧﴾

**15:18 "വിരട്ടപ്പെട്ട എല്ലാ പിശാചിൽനിന്നും നാം അവയെ സുരക്ഷിതമാക്കുകയും ചെയ്തിരിക്കുന്നു."**

*പദാർത്ഥം*: وَحَفِظْنَاهَا അവയെ നാം സുരക്ഷിതമാക്കുകയും ചെയ്തു مِن كُلِّ شَيْطَانٍ എല്ലാ പിശാചിൽനിന്നും رَّجِيمٍ വിരട്ടപ്പെട്ട

إِلَّا مَنِ اسْتَرَقَ السَّمْعَ فَأَتْبَعَهُ شِهَابٌ مُّبِينٌ ﴿١٨﴾

**15:19 "പക്ഷേ വല്ലവനും ഒളിഞ്ഞുകേൾക്കുന്നതായാൽ അപ്പോൾ അവനെ ഒരു പ്രകാശിക്കുന്ന തീജ്വാല പിൻപറ്റുന്നതാണ്."**

*പദാർത്ഥം*: إِلَّا مَنِ اسْتَرَقَ ഒളിഞ്ഞു ശ്രമം നടത്തിയവനൊഴികെ السَّمْعَ കേൾക്കാൻ فَأَتْبَعَهُ അപ്പോൾ അവനെ പിന്തുടരും شِهَابٌ തീജ്വാല (ഉൽക്ക-ചെങ്കോൽ) مُّبِينٌ പ്രകാശിക്കുന്ന

*വ്യാഖ്യാനം*: ഭൗതികവ്യവസ്ഥിതിയും ആത്മീയവ്യവസ്ഥിതിയും തമ്മിൽ ശക്തമായ തുല്യതയും രൂപസാദൃശ്യവും വിശുദ്ധഖുർആൻ പറയുന്നുണ്ട്. ആത്മീയലോകത്തെ മനസ്സിലാക്കിത്തരുന്നതിനായി.

'ശിഹാബ്'ന് മൂന്നർത്ഥങ്ങളുണ്ടെന്ന കാര്യവും ഓർക്കുക. (1) തീജ്വാല (2) നക്ഷത്രങ്ങളെപ്പോലെ തിളങ്ങുന്ന വെളിച്ചം (ആകാശത്തുള്ള ശിലകൾ തമ്മിൽ കൂട്ടിയുരസുമ്പോഴാണ് അതുണ്ടാകുന്നത്) (3) നക്ഷത്രം. എന്തുകൊണ്ടെന്നാൽ മറ്റൊരിടത്ത് സാഫാത്ത് എന്ന അദ്ധ്യായത്തിൽ അല്ലാഹു പറയുന്നു: ***ഇന്നാ സയ്യന്നസ്സമാഅദ്ദുൻയാ ബിസീനത്തിനിൽ കവാക്കിബി വ ഹിഫ്ളൻമ്മിൻ കുല്ലി ശയ്ത്വാനിൻമ്മാരിദ്.*** അതായത് സൗന്ദര്യത്തിനും സംരക്ഷണത്തിനുമായിട്ടാണ് ആകാശത്തിൽ നക്ഷത്രങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. അങ്ങനെ, സംരക്ഷണത്തിന്റെ ജോലി നക്ഷത്രങ്ങളെ ഏല്പിച്ചിരിക്കുകയാണ്. 'മുൽക്ക്' എന്ന അദ്ധ്യായത്തിൽ പറയുന്നു: ***വലഖദ് സയ്യന്നസ്സമാഅദ്ദുൻയാ ബി മസ്വാബീഹ വജ അൽനാഹാ റുജൂമൻല്ലിശ്ശയാത്വീനി*** അതായത് നാം അടുത്തുള്ള ആകാശത്തെ നക്ഷത്രങ്ങളെക്കൊണ്ട് അലങ്കരിച്ചിരിക്കുന്നു. ആ നക്ഷത്രങ്ങളെ ശയ്ത്വാന്മാരെ എറിയാനുള്ള മാർഗ്ഗമാക്കിയിരിക്കുന്നു. ഈ ഉദ്ധരണികളിൽനിന്ന് നക്ഷത്രങ്ങളുടെ പേരുതന്നെയാണ് ശിഹാബ് എന്ന് മനസ്സിലാകുന്നു. പ്രകാശിക്കുന്ന ജ്വാല പിൻതുടരും എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, ഏതെങ്കിലും ദൈവികവചനം ജീവസുറ്റതായി നിലകൊള്ളുകയും ***അദ്ദിക്ർ*** (പ്രബോധന ഗ്രന്ഥം) എന്നു പറയപ്പെടാൻ അർഹമായിത്തീരുകയും ചെയ്യുമ്പോൾ, അല്ലാഹു ശത്രുക്കളിൽനിന്ന് അതിനെ സംരക്ഷിക്കാൻ ശിഹാബിനേയോ നക്ഷത്രങ്ങളേയോ മറ്റുവാക്കുകളിൽ പറഞ്ഞാൽ ദൈവനിയോഗിതനേയോ അയച്ചുകൊണ്ടിരിക്കുന്നു. ചർച്ച ചെയ്യപ്പെടുന്ന വചനങ്ങളിൽ വിശുദ്ധഖുർആന്റെ സംരക്ഷണത്തിനായി പ്രത്യേകമായ നിലയിൽ ഈ രീതി ഉപയോഗിക്കുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുകയാണ്. സംരക്ഷണത്തിന്റെ കാര്യത്തിൽ ഇതിനെക്കാൾ കൂടുതൽ ശക്തമായ മാർഗ്ഗം അസംഭാവ്യമാണ്. എന്തുകൊണ്ടെന്നാൽ, ദൈവനിയോഗിതർ അടയാളങ്ങളിലൂടെ മാത്രമല്ല ശയ്ത്വാന്മാരുടെ ആക്രമണങ്ങളിൽനിന്ന് ശരീഅത്തിനെ രക്ഷിക്കുന്നത്. പ്രത്യുത ഇൽഹാം മുഖേന സഹായിക്കപ്പെടുന്നതുകൊണ്ട് അതിന്റെ വ്യാഖ്യാനങ്ങളിൽനിന്ന് സത്യവിശ്വാസികൾക്ക് ദൈവികവചനത്തിന്റെ ശരിയായ അർത്ഥവും മനസ്സിലാകുന്നു. അതിനെക്കുറിച്ച് സംശയിക്കാനെ സാധ്യമല്ല. അക്കാരണത്താൽ അവർക്കുമുമ്പേ വന്ന ആളുകളുടെ വ്യാഖ്യാ

നപരമായ അഭിപ്രായഭിന്നതകളിൽനിന്ന് അവർ രക്ഷപ്പെടുന്നു.

മുകളിൽപറഞ്ഞ വിശദീകരണത്തിൽനിന്ന്, മുമ്പുവന്ന ദൈവികവചനത്തിന്റെ സംരക്ഷണം, അതായത് അതിനെ ശയ്ത്വാന്റെ ദുർബോധനങ്ങളിൽനിന്നും സംശുദ്ധമാക്കുന്നതിനും അത് ജീവിക്കുന്നു എന്നതിന് തെളിവു നല്കുന്നതിനുമായി ദൈവനിയോഗിതരുടെ ആഗമം അങ്ങേയറ്റം നിർബന്ധമാണെന്ന് വ്യക്തമാകുന്നു. എന്നാൽ വ്യസനകരമെന്നു പറയട്ടെ, ഇന്ന് മുസ്‌ലിംകൾ ഈ അനുഗ്രഹത്തെ നിഷേധിക്കുന്നവരാണ്. അവർ പറയുന്നു. റസൂൽ കരീം(സ)യ്ക്കുശേഷം അദ്ദേഹത്തെ പിൻപറ്റിക്കൊണ്ടുള്ള നബിയും വരാവതല്ല. വാസ്തവത്തിൽ ഖുർആൻ പറയുന്നു: ഏതെങ്കിലും ദൈവികവചനം അദ്കിറായി (യഥാർത്ഥ പ്രബോധനഗ്രന്ഥമായി) നിലകൊള്ളുമ്പോൾ അതിന്റെ സംരക്ഷണത്തിനും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് അതിനെ രക്ഷിക്കുന്നതിനും ആത്മീയാകാശത്തിലെ നക്ഷത്രങ്ങളും ശിഹാബും- തീജ്വാലയും അല്ലാഹുവിൽനിന്ന് ഇറങ്ങുന്നതാണ്. മുമ്പേയുള്ള മതങ്ങളിൽ നബിമാരുടെ വരവ് നിലച്ചുപോയത്, അവരുടെ ഗ്രന്ഥം അദ്കിറായി നിലകൊള്ളുന്നില്ല എന്നതിന്റെ ലക്ഷണമാണ്. വിശുദ്ധഖുർആൻ അദ്കിറാണ്. അത് ഖിയാമത്തുന്നാൾവരെ നിലകൊള്ളും. അതിന്റെ സംരക്ഷണത്തിന് ഈ മാർഗ്ഗവും നിലനില്ക്കുന്നതാണ്. ഇതുകൊണ്ട് ഇതിന്റെ പദവി കുറഞ്ഞുപോകുകയില്ല. മറിച്ച്, വിശുദ്ധഖുർആൻ ഇപ്പോഴും അദ്കിർ ആണെന്ന് സ്ഥാപിതമാകുകയാണ് ചെയ്യുന്നത്. അതായത്, അല്ലാഹുവും ദാസനും തമ്മിൽ ബന്ധം സ്ഥാപിക്കാനുള്ള മാർഗ്ഗം. അതുകൊണ്ട് അതിന്റെ ബാഹ്യമായ സംരക്ഷണത്തോടൊപ്പം അല്ലാഹു തന്റെ ആളെ അയച്ചുകൊണ്ട് ശയ്ത്വാന്റെ ആന്തരികവും ബാഹ്യവുമായ ആക്രമണങ്ങളെ അകറ്റി അതിന്റെ അർത്ഥപരമായ സംരക്ഷണവും നടത്തുന്നു. ഇപ്പോൾ ***ശിഹാബുൻമ്മുബീൻ*** അതായത്, ഖുർആന്റെ സംരക്ഷണത്തിനായി ആത്മീയമായ ആകാശത്തിലെ നക്ഷത്രങ്ങളെ അയക്കുന്ന പരമ്പരയും നിലച്ചുപോയി എന്ന് ആരാണോ പറയുന്നത് അവൻ മറ്റു വാക്കുകളിൽ പറയുന്നത്, ***നഊദുബില്ലാഹ് മിൻ ദാലിക്-*** വിശുദ്ധഖുർആൻ അദ്കിറായി ഇന്ന് അവശേഷിക്കുന്നില്ല എന്നാണ്. അതിന്റെ സംരക്ഷണത്തിനും ശയ്ത്വാന്റെ നാശത്തിനുമായി ആത്മീയാകാശത്തുനിന്നുള്ള നക്ഷത്രങ്ങളുടെ ഇറക്കം ഇപ്പോൾ നിലച്ചുപോയത്രെ!

ഇക്കാലഘട്ടത്തിലെ ഒരു ഖുർആൻവ്യാഖ്യാതാവ് എഴുതുന്നു: വിശുദ്ധഖുർആനെ അല്ലാഹു സംരക്ഷിക്കുന്നു. അതിനുമുമ്പേ ഇൽഹാമുകളുടെ സംരക്ഷണം അടച്ചുകളഞ്ഞു. ഇതിനുള്ള തെളിവിനായി അദ്ദേഹം ***ഇന്നാനഹ്നു നസ്സൽന്നദ്കിറ വഇന്നാലഹൂ ലഹാഫിളൂൻ*** എന്ന വചനവും മാഇദ എന്ന അദ്ധ്യായത്തിലെ താഴെ കാണുന്ന വചനവും ഉദ്ധരിച്ചിരിക്കുന്നു.

***ഇന്നാ അൻസൽനത്തൗറാത്ത ഫീഹാ ഹുദൻ വ്വനൂറുൻ യഹ്കുമു ബിഹന്നബിയ്യൂനല്ലദീന അസ്‌ലമൂ ലില്ലദീന ഹാദൂ വർറബ്ബാനിയ്യൂന വൽഅഹ്ബാറു ബിമസ്തുഹ്ഫിളൂ മിൻ കിതാബില്ലാഹി വ കാനൂ അലയ്ഹി ശുഹദാഅ***

സന്മാർഗ്ഗവും പ്രകാശവും ഉൾക്കൊള്ളുന്ന തൗറാത്തിനെ നാം ഇറക്കിയിരുന്നു. അതനുസരിച്ച് അല്ലാഹുവിനോട് അനുസരണം പുലർത്തുന്ന പ്രവാചകന്മാർ യഹൂദന്മാർക്കുവേണ്ടി വിധി കല്പിക്കാറുണ്ടായിരുന്നു; അപ്രകാരംതന്നെ ദിവ്യജ്ഞാനം സിദ്ധിച്ചവരും നിയമജ്ഞന്മാരും. കാരണം അല്ലാഹുവിന്റെ സംരക്ഷണം അവർക്ക് ഏല്പിക്കപ്പെട്ടിരുന്നു. അവർ അതിന്റെ മേൽനോട്ടക്കാരുമായിരുന്നു.

ഇവിടെ നബിയെക്കുറിച്ചുള്ള പരാമർശമില്ലായിരുന്നുവെങ്കിൽ അദ്ദേഹം പറയുന്ന തെളിവ് ശരിയാകുമായിരുന്നു. എന്നാൽ, ഇവിടെ തൗറാത്തിന്റെ സംരക്ഷണം നബിമാരെ ഏല്പിച്ചിരുന്നുവെന്നാണ് പറയുന്നത്. നബി സ്വന്തം കഴിവുകൊണ്ട് പ്രവൃത്തിക്കുകയില്ലെന്നത് പ്രകടമാണ്. നബി അല്ലാഹുവിന്റെ ശക്തിയിലാണ് പ്രവർത്തിക്കുന്നത്. ഇങ്ങനെ വരുമ്പോൾ തൗറാത്തിന്റെ സംരക്ഷണം മനുഷ്യരെയാണ് ഏല്പിച്ചിരുന്നതെന്ന് എങ്ങനെയാണ് പറയാൻ കഴിയുക. ഇനി ആരെങ്കിലും തൗറാത്തിലെ വിഷയങ്ങൾ മാറ്റിമറിച്ചുവെന്നിരിക്കട്ടെ. അല്ലാഹു ഒരു നബിയെ അത് നന്നാക്കാനുള്ള ജോലി ഏല്പിച്ചു. അപ്പോൾ ആ നബിക്ക് അതിലെ തെറ്റുകൾ എങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുക. അല്ലാഹുവിൽനിന്നുള്ള ഇൽഹാമല്ലാതെ ശരിയായ കാര്യം ഏതെന്ന് മനസ്സിലാക്കാൻ എന്തു മാർഗ്ഗമാണ് അദ്ദേഹത്തിന്റെ പക്കലുള്ളത്. അല്ലാഹു വെളിപാടുമുഖേന ഏതെങ്കിലും തെറ്റിനെക്കുറിച്ച് ആർക്കെങ്കിലും അറിയിച്ചുകൊടുക്കുമ്പോഴാണ്, അതിന്റെ സംരക്ഷണം അല്ലാഹുവിന്റെ പക്കൽനിന്നുണ്ടാകുന്നത്. അല്ലാതെ മനുഷ്യന് സ്വയം അത് ചെയ്യുക സാധ്യമല്ല. ഉദാഹരണത്തിന് കുറച്ചു ശയ്ത്വാന്മാർ ഈ ദൈവികഗ്രന്ഥത്തിന്റെ ആശയങ്ങളെ മാറ്റിമറിക്കാനും അങ്ങനെ ജനങ്ങളെ വഴിതെറ്റിക്കാനും ശ്രമിക്കുന്നു. അപ്പോൾ അത്ഭുതദൃഷ്ടാന്തങ്ങളും അമാനുഷിക പ്രവർത്തനങ്ങളും ദൈവികമായ പ്രമാണങ്ങളും കൊണ്ട് നബി അതിനെ നേരിടുന്നു. ആ പ്രവൃത്തി ആ നബി ചെയ്തതാണെന്ന് പറയാൻ പറ്റില്ല. മറിച്ച് അല്ലാഹുവാണ് ആ പ്രവൃത്തി ചെയ്തത്. മുമ്പേവന്ന ഗ്രന്ഥങ്ങളുടെ സംരക്ഷണം മനുഷ്യരെ ഏല്പിച്ചിരുന്നുവെന്ന് പറയുന്നത് ശരിയല്ല. വിശുദ്ധഖുർആന്റെ സംരക്ഷണം അല്ലാഹു താൻതന്നെ ഏറ്റെടുത്തിരിക്കുകയാണ്. എന്നല്ല, എല്ലാ ദൈവികഗ്രന്ഥങ്ങളുടേയും സംരക്ഷണം അല്ലാഹുവിന്റെ ഉത്തരവാദിത്തമാണ്. മുകളിൽപറഞ്ഞ ഖുർആനികവചനത്തിൽനിന്ന് അത് വ്യക്തമാകുന്നുണ്ട്. ചില ജോലി അവൻ മനുഷ്യരെക്കൊണ്ട് ചെയ്യിക്കുന്നുവെങ്കിൽ, അത് അവന്റെ ആയുധമെന്ന നിലയിലുള്ള പ്രവർത്തനം മാത്രമാണ്. വിശുദ്ധഖുർആൻ ഇപ്പോൾ ലോകം മുഴുവൻ വ്യാപിച്ചുകഴിഞ്ഞു. പ്രബലരായ ഹാഫിസുമാർ അതിനെ ഹൃദിസ്തമാക്കി. ബാഹ്യമായി നോക്കുമ്പോൾ ഇത് മനുഷ്യരുടെ പ്രവൃത്തിയാണ്. എന്നാൽ, വിശുദ്ധഖുർആന്റെ സംരക്ഷണം മനുഷ്യരുടെ കൈയിലാണെന്ന് ആർക്കും പറ

യാൻ പറ്റില്ല. കാരണം ഈ ഏർപ്പാട് ചെയ്തതും അല്ലാഹു തന്നെയാണ്. സംരക്ഷണത്തെക്കുറിച്ച് പറയുമ്പോൾ വിശുദ്ധഖുർആന് മറ്റു ഗ്രന്ഥങ്ങളുടെ മേലുള്ള മേന്മ അതിനെ അല്ലാഹു സംരക്ഷിക്കുമെന്നും മറ്റു ഗ്രന്ഥങ്ങളെ മനഷ്യൻ സംരക്ഷിക്കുന്നുവെന്നും ഉള്ളതല്ല. മറിച്ച് അതൊരു പരിമിതമായ കാലത്തേക്കുമാത്രമുള്ള അദ്ദിക്ർ അഥവാ പ്രബോധനഗ്രന്ഥമാണ്. വിശുദ്ധഖുർആൻ ഖിയാമത്തുനാൾ വരേക്കുമുള്ള അദ്ദിക്ർ അഥവാ പ്രബോധനഗ്രന്ഥമാണ്. അതിനെ സഹായിക്കാൻ എപ്പോഴും ദൈവനിയോഗിതർ വന്നുകൊണ്ടിരിക്കും. എന്നാൽ, മറ്റു ഗ്രന്ഥങ്ങളുടെ സംരക്ഷണം അല്ലാഹു നേരത്തെതന്നെ വിട്ടുകളഞ്ഞിരിക്കുന്നു. ശയ്ത്വാന്മാരുടെ ആക്രമണങ്ങളിൽ നിന്ന് അവയെ സംരക്ഷിക്കുന്നതിന് ആകാശത്തുനിന്ന് ഇപ്പോൾ ശിഹാബ് അഥവാ തീജ്വാല ഇറങ്ങുന്നില്ല. വിശുദ്ധഖുർആന്റെ മറ്റൊരു മഹാത്മ്യം അത് മുഴുവനും ദൈവവചനമാണെന്നുള്ളതാണ്. അതായത്, അതിലെ ഓരോ വാക്കും വെളിപാടാണ്. എന്നാൽ മുമ്പേ ഇറങ്ങിയ ഗ്രന്ഥങ്ങളുടെ അവസ്ഥ ഇതായിരുന്നില്ല. അത് ദൈവികവചനത്തിന്റേയും ദൈവികവചനത്തിന്റെ വിശദീകരണത്തിന്റേയും സമുച്ചയമായിരുന്നു. പുരാതനഗ്രന്ഥമായ ഇഞ്ചീലിൽനിന്ന് പകൽവെളിച്ചം പോലെ അത് വ്യക്തമാകുന്നുണ്ട്. അതുകൊണ്ട് ഈ ഗ്രന്ഥങ്ങളിലെ, വിഷയങ്ങളുടെ സംരക്ഷണം എന്നാണ് മനസ്സിലാക്കിയിരുന്നത്. കാരണം അക്കാലഘട്ടത്തിൽ അവയിലെ ആശയത്തിനാണ് അദ്ദിക്ർ എന്നു പറഞ്ഞിരുന്നത്, വാക്കുകൾക്കല്ല. ദൈവികവെളിപാടിനെ നബിമാരോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളോ മിക്കപ്പോഴും അവരുടെ വാക്കുകളിൽ വിവരിച്ചുകൊടുത്തിരുന്നു. അതിൽ എന്തെങ്കിലും തെറ്റുള്ളതായി അവർ മനസ്സിലാക്കിയിരുന്നില്ല. വിശുദ്ധഖുർആനിലെ വഹ്‌യ് എന്നത്തേക്കുമുള്ളതാണ്. അല്ലാഹു അതിറങ്ങിയ കാലം മുതൽ വഹ്‌യുടെ രീതിയെ മാറ്റി. ഉച്ചാരണത്തോടുകൂടി അതിന്റെ വാക്കുകളെ സംരക്ഷിച്ചുനിർത്തുന്നത് നിർബന്ധമാക്കി. അതുകൊണ്ട് വിശുദ്ധഖുർആനിലെ സകലവാക്കും രേഖപ്പെടുത്തുകയോ ഹൃദിസ്തമാക്കുകയോ സുരക്ഷിതമാക്കുകയോ ചെയ്യപ്പെട്ടു. അല്ലാഹു മുഖേനയോ മനുഷ്യർമുഖേനയോ ഇത്തരം സംരക്ഷണം മുൻകഴിഞ്ഞ ഒരു വെളിപാടിനും ലഭിച്ചിരുന്നില്ല. വിശുദ്ധഖുർആന് ഖിയാമത്തുന്നാൾവരെ ആശയപരമായ സംരക്ഷണം ലഭിച്ചിട്ടുള്ളതുപോലെ, ഒരു പരിമിതമായ കാലംവരെ മറ്റു ഗ്രന്ഥങ്ങൾക്ക് സംരക്ഷണം ലഭിച്ചിരുന്നു എന്നത് ശരിതന്നെ.

മറുപടി അർഹിക്കുന്ന മറ്റൊരു ചോദ്യം അവശേഷിക്കുന്നു. അതെന്താണെന്നുവെച്ചാൽ ബാഹ്യമായ ആകാശത്തിൽ കൊള്ളിമീൻ വീഴാറുണ്ട്. അതിന്റെ കാരണമെന്താണ്? അതിനെ നബിമാരുമായി സാദൃശ്യപ്പെടുത്തിയിരിക്കുകയാണല്ലോ. അപ്പോൾ ശയ്ത്വാനിൽനിന്ന് രക്ഷപ്പെടാനുള്ള എന്തെങ്കിലും ഫലം അതിൽനിന്നും ഉണ്ടാകണമല്ലോ. അതിനുള്ള മറുപടി ഇതാണ്. നബിമാർ ആഗതരാകുന്ന കാലത്ത് അല്ലാഹു രണ്ടുതരത്തിലുള്ള ദൃഷ്ടാന്തം കാണിക്കുന്നുവെന്നത് അവന്റെ പണ്ടുപണ്ടേയുള്ള നടപടിക്രമമാണ്. ഒരുതരത്തിലുള്ള ദൃഷ്ടാന്തം മനുഷ്യരുടെ അടുത്തായിരിക്കും. അതായത്, ഈ ലോകത്തുള്ള വസ്തുക്കളുമായി ബന്ധപ്പെട്ട് വെളിപെടുന്നതാകുന്നു. എന്നാൽ, നബിയുടെ തന്ത്രത്തിനും സാമർത്ഥ്യത്തിനും അതിൽ പങ്കുണ്ടെന്ന് ചില സംശയാലുക്കൾ ധരിക്കുന്നു. അവർ മറ്റൊരുതരത്തിലുള്ള ദൃഷ്ടാന്തവും കാണിക്കുന്നു. അത് ആകാശഗോളങ്ങളുമായി ബന്ധപ്പെട്ടതാണ്. അവയിൽ ഒരു ദൃഷ്ടാന്തമാണ് നക്ഷത്രങ്ങളുടെ അതായത് '***ശഹബ്***' അഥവാ ഉൽക്കകൾ പൊട്ടിവീഴുന്നത്. നബിമാരുടെ ചരിത്രവുമായിട്ട് ഇതിനുള്ള ബന്ധം നോക്കുമ്പോൾ ഹസ്റത്ത് ഈസാ(അ)യുടേയും നബി(സ) തിരുമേനിയുടേയും കാലത്ത് അധികമധികമായി ഉൽക്കകൾ പൊട്ടിവീണതായി കാണുന്നുണ്ട്. ഈ അടയാളം ഒന്നുകിൽ ആ നബിയുടെ സ്വന്തം പ്രവചനമനുസരിച്ച് വെളിപെടുന്നതോ അല്ലെങ്കിൽ അതിനുമുമ്പേവന്ന നബിമാരുടേയോ വലിയ്യുമാരുടേയോ പ്രവചനമനുസരിച്ച് വെളിപെടുന്നതോ ആണ്. ഹസ്റത്ത് ഈസാ(അ)യുടെ കാലത്ത് അധികമധികമായി ഉൽക്കകൾ വീണതായി ചരിത്രത്തിൽ കാണുന്നുണ്ട്. നബി(സ) തിരുമേനിയുടെ കാലത്തും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. അതെത്ര മാത്രമാണെന്നുവെച്ചാൽ, ആകാശവും ഭൂമിയും നശിക്കാൻ പോകുകയാണെന്നുവരെ സത്യനിഷേധികൾ ധരിച്ചു.

ഇബ്നു കസീറിൽ എഴുതിയിരിക്കുന്നു. നബി(സ) തിരുമേനിയെ അല്ലാഹു നബിയും റസൂലുമായി അയച്ചപ്പോൾ ഒരുരാത്രി ശയ്ത്വാൻമാരുടെമേൽ കഠിനമായ ശിലാവിക്ഷേപണം ഉണ്ടായി. (അതായത് ശഹബ് അഥവാ ഉൽക്കകൾ വീണു) അതുകണ്ടിട്ട് ത്വായിഫിലെ ആളുകൾ പരിഭ്രമചിത്തരായി. ആകാശത്തിൽ തുടരെത്തുടരെ വീഴുന്ന ഉൽക്കകളെ കണ്ടിട്ട്, ആകാശത്ത് വസിക്കുന്നവർ നശിച്ചുപോയിരിക്കുന്നുവെന്ന് അവർ പറഞ്ഞു. ഈ പരിഭ്രമാവസ്ഥയിൽ അവർ തങ്ങളുടെ അടിമകളെ സ്വതന്ത്രരാക്കാൻ തുടങ്ങി. മൃഗങ്ങളുടെ കെട്ടഴിച്ചുവിട്ടു. ഇതുകണ്ടിട്ട് അവരുടെ നേതാവായ അബ്ദ്‌യാലേൽ പറഞ്ഞു: ത്വായിഫ് വാസികളേ! നിങ്ങളുടെ അവസ്ഥ അങ്ങേയറ്റം മോശംതന്നെ. നിങ്ങൾ നിങ്ങളുടെ സ്വത്തുക്കൾ സൂക്ഷിച്ചുവയ്ക്കുക. കണ്ണുകൾ ഉയർത്തി നക്ഷത്രങ്ങള നോക്കുക. അത് അതിന്റെ സ്ഥാനത്ത് നില്ക്കുന്നതായി കണ്ടാൽ നക്ഷത്രങ്ങളല്ല പൊട്ടിവീഴുന്നത് ഉൽക്കകളാണെന്ന് മനസ്സിലാക്കാം; ആകാശത്തിൽ വസിക്കുന്നവർ നശിച്ചിട്ടില്ലെന്നും. ഈ അടയാളം ഇബ്നു അബീകബ്ശ (മുഹമ്മദു നബി(സ)യുടെ സത്യത്തിനായി കാണിക്കപ്പെട്ടതാണ്. ഇനി അഥവാ നക്ഷത്രങ്ങളെ അതാതിന്റെ സ്ഥാനത്ത് നിങ്ങൾ കാണുന്നില്ലെങ്കിൽ, ആകാശത്തിലെ ആളുകൾ നശിച്ചിരിക്കുമെന്ന് കരുതിക്കൊള്ളുക. (ഖിയാമത്ത് വന്നുവെന്ന്). അപ്പോൾ അവർ ആകാശത്തിലേക്ക് നോക്കി. നക്ഷത്രങ്ങളെ അതാതിന്റെ സ്ഥാനത്ത് കണ്ടു. തങ്ങളുടെ സ്വത്തുക്കൾ കാത്തുസൂക്ഷിക്കുകയും ചെയ്തു.

●

ഖുത്വ്ബയിൽ നിന്ന്

# പ്രവാചകനിന്ദയ്ക്കുള്ള പ്രതിക്രിയ

ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് ഖാമിസ്

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا

**മുസ്‌ലിം രാഷ്ട്രങ്ങളുടെ പ്രതികരണം**

കഴിഞ്ഞ ചിലയാഴ്ചകളായി നടന്നുവരുന്ന (കാർട്ടൂൺ) സംഭവങ്ങളെക്കുറിച്ചുതന്നെയാണ് ഇന്നും സംക്ഷിപ്തമായി വിവരിക്കുന്നത്. പത്രസ്വാതന്ത്ര്യത്തിന്റേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും പേരിൽ മുസ്‌ലിംകളുടെ വികാരത്തെ വ്രണപ്പെടുത്തുവാനും അക്രമപരമായ നടപടികൾ സ്വീകരിക്കാനും ചില പാശ്ചാത്യപത്രങ്ങളും മറ്റും തുനിഞ്ഞിറങ്ങിയിരിക്കുകയാണ്. ഇതിന്നെതിരിൽ മുസ്‌ലിംരാഷ്ട്രങ്ങളിൽ അടിച്ചുയർന്നുകൊണ്ടിരിക്കുന്ന പ്രതിഷേധങ്ങളെ സംബന്ധിച്ച് ഞാൻ പറയാനാഗ്രഹിക്കുകയാണ്. വ്യക്തിപരമായ നിലയിലും സംഘടിതമായ നിലയിലും ഇതു നടക്കുന്നുണ്ട്. സർക്കാർതലത്തിലും അതിനെ നേരിടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാശ്ചാത്യരാഷ്ട്രങ്ങളുടെമേൽ സമ്മർദ്ദം ചെലുത്തുമെന്ന് ഇസ്‌ലാമികരാഷ്ട്രങ്ങളിലെ ഓർഗനൈസേഷനായ ഒ.ഐ.സിയും പറഞ്ഞുകഴിഞ്ഞു. ഖേദം പ്രകടിപ്പിക്കാനും പത്രസ്വാതന്ത്ര്യത്തിന്റേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും പേരിൽ, നബിമാരെ ആക്ഷേപിക്കാതിരിക്കാനുമുള്ള നിയമം പാസാക്കാനും അവർ ആവശ്യപ്പെട്ടു. ഇതിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ, ലോകത്ത് ശാന്തി നിലനില്ക്കുമെന്നുള്ളതിന് ഒരു ജാമ്യവുമില്ല. ഇത് ഈ രാഷ്ട്രങ്ങളുടെ, ഓർഗനൈസേഷന്റെ വളരെ നല്ല പ്രതികരണമാണ്. അല്ലാഹു ഇസ്‌ലാമികരാഷ്ട്രങ്ങൾക്ക് ശക്തിപകരുകയും യഥാർത്ഥത്തിൽ ഹൃദയവേദനയോടെ ലോകത്ത് ശാന്തി സ്ഥാപിക്കുന്നതിനായി ആ തീരുമാനമെടുപ്പിക്കാൻ ഇവർ കഴിവുള്ളവരായി തീരുകയും ചെയ്യട്ടെ.

**പാശ്ചാത്യരുടെ ഇരട്ടത്താപ്പ്**

കഴിഞ്ഞദിനങ്ങളിൽ ഇറാന്റെ ഒരു പത്രം, ഈ നീചമായ പ്രവൃത്തിക്ക് പകരം വീട്ടുന്നതിനായി തങ്ങളുടെ പത്രങ്ങളിലൂടെ മത്സരം സംഘടിപ്പിക്കുമെന്ന് വിളംബരം ചെയ്തിരുന്നു. ഇതിൽ രണ്ടാംലോകമഹായുദ്ധത്തിൽ യഹൂദികളോടുള്ള പെരുമാറ്റം എടുത്തുദ്ധരിച്ചുകൊണ്ട്, അവരുടെ കാർട്ടൂൺ പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞു. എന്നാൽ, ഇത് ഇസ്‌ലാമികപ്രതികരണമല്ല. ഈ രീതിയും ഇസ്‌ലാമികമല്ല. പക്ഷേ, സ്വാതന്ത്ര്യത്തിന്റെ മുദ്രാവാക്യം മുഴക്കുകയും എല്ലാതരം ദുഷ്പ്രവൃത്തിയും പത്രത്തിൽ അച്ചടിക്കുന്നതിനെ ആവിഷ്കാരസ്വാതന്ത്ര്യമെന്ന് പേരുപറയുകയും ചെയ്യുന്ന പാശ്ചാത്യരാഷ്ട്രങ്ങൾ, ഇറാന്റെ ഈ പ്രതികരണത്തെ മോശമായി കാണാതിരിക്കുകയോ അല്ലെങ്കിൽ ഇങ്ങനെ മറുപടി നല്കുകയോ ചെയ്യണമായിരുന്നു. എന്തായാലും തെറ്റ് ചെയ്ത് ലോകത്ത് കലഹമുണ്ടായിക്കഴിഞ്ഞു. ഇനി നമ്മൾ മതത്തേയും അതിന്റെ സ്ഥാപകരേയും നബിമാരേയും കുറിച്ചുള്ള അത്തരം ചിന്താഗതി അവസാനിപ്പിച്ച് സ്നേഹവും സന്തോഷവും നിറഞ്ഞ അന്തരീക്ഷം സൃഷ്ടിക്കുന്നതാണ്. പക്ഷേ, ഇത്തരം മറുപടി കൊടുക്കുന്നതിനു പകരം, ഡന്മാർക്കിലെ ആ പത്രത്തിന്റെ (ജയ്‌ലാൻഡ്സ് -പോസ്റ്റെൺ)ന്റെ പത്രാധിപർ,- ഇതിൽ കാർട്ടൂൺ പ്രസിദ്ധീകരിച്ചതിന്റെ പേരിലാണ് സകല കുഴപ്പങ്ങളുമുണ്ടായത്- ഇറാന്റെ ഈ വിളംബരത്തെ പ്രതികരിച്ചുകൊണ്ടുപറഞ്ഞു, “ഞങ്ങൾ ഒരിക്കലും അവർ പറഞ്ഞ മത്സരത്തിൽ പങ്കെടുക്കുകയില്ല.” അവരുടെ വായനക്കാരെ സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു: ഞങ്ങളുടെ വായനക്കാർ വിശ്വസിക്കുക. നമ്മുടെ ധാർമ്മികപരമായ സ്ഥാനം ഇപ്പോഴും നിലകൊള്ളുന്നുണ്ട്. ഈസായുടേയും, ഹൗലോപ്പോസിന്റേയും കാർട്ടൂൺ ഞങ്ങൾ ഇനി പ്രസിദ്ധീകരിക്കുകയില്ല. അതുകൊണ്ട് ഒരുതരത്തിലും ഇറാനിപത്രങ്ങളും മാധ്യമങ്ങളും സംഘടിപ്പിക്കാനുദ്ദേശിക്കുന്ന അനിഷ്ടകരമായ മത്സരത്തിൽ പങ്കെടുക്കുന്ന പ്രശ്നമേയില്ല.”

ഇതാണ് അവരുടെ ഇരട്ടത്താപ്പ്. സ്വന്തം കാര്യത്തിൽ അവരുടെ നിലപാട് വേറൊന്നാണ്. മുസ്‌ലിംകളുടെ വികാരത്തെതൊട്ടു കളിക്കുന്നതിനുള്ള അവരുടെ നയം മറ്റൊന്നാണ്. എന്തായാലും ഇതവരുടെ തൊഴിലാണ്. ഇവിടെത്തെ ഒരെഴുത്തുകാരൻ പതിനേഴ് വർഷം മുമ്പേ ഒരു സംഭവം തന്റെ പുസ്തകത്തിൽ എഴുതുകയുണ്ടായി. അയാൾ ആസ്ത്രിയയിൽ പോയപ്പോൾ ആ സംഭവത്തിന്റെ പേരിൽ അവിടെ എത്തിയയുടനെ അയാളെ അറസ്റ്റ് ചെയ്തു. മൂന്നുവർഷം തടവിലുമായി. ഇതവരുടെ രീതിയാണ്. സ്വന്തം കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാവുകയില്ല.

**പാശ്ചാത്യ ഗൂഢാലോചന**

പാശ്ചാത്യലോകത്തിന് ഇത്തരം പ്രവൃത്തികൾ ചെയ്യാൻ ധൈര്യമുണ്ടാകുന്നത്, നമ്മുടെ സ്വന്തം അവസ്ഥകൊണ്ടാണോ എന്ന് നാം പരിശോധിക്കേണ്ടതാണ്. മുസ്‌ലിം രാഷ്ട്രങ്ങൾ തങ്ങൾക്ക് വിധേയരാണെന്നും, തങ്ങളുടെ അടുത്തുതന്നെ അവസാനം അവർക്കു വരേണ്ടിവരുമെന്നും പാശ്ചാത്യലോകത്തിന് നന്നായിട്ടറിയാം. മുസ്‌ലിംകൾ തമ്മിലടിക്കുമ്പോൾ സഹായം തേടുന്നതും അവരിൽനിന്നാണ്. ഇപ്പോൾ ഇസ്‌ലാമി

കരാഷ്ട്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള വിലക്കുകളിലും കുറച്ചു ദിവസത്തിനുള്ളിൽ അയവ് വരുമെന്നും മാർക്കറ്റുകളിൽനിന്ന് മാറ്റിവെച്ചിട്ടുള്ള തങ്ങളുടെ സാധനങ്ങൾ വീണ്ടും അതേ സ്ഥാനത്ത് വരുമെന്നും അവർ മനസ്സിലാക്കുന്നുണ്ട്. മുസ്‌ലിംകളാണെങ്കിൽ ഒരു ഭാഗത്ത് ഇപ്പോഴും അത്തരം വസ്തുക്കൾ തിന്നുകൊണ്ടിരിക്കുന്നുമുണ്ട്. ഡൻമാർക്കിൽ ഏകദേശം രണ്ട് ലക്ഷം മുസ്‌ലിംകളാണുള്ളത്. ഇതിലധികവും പാക്കിസ്ഥാനി മുസ്‌ലിംകളാണ്. ഈ മുസ്‌ലിംകളും അവരുടെ സാധനങ്ങളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇതൊരു താല്ക്കാലിക പ്രതികരണം മാത്രമാണ്. പെട്ടെന്നുതന്നെ ഇത് അവസാനിക്കുകയും ചെയ്യും.

**മുസ്‌ലിംകൾ തമ്മിലടി നിർത്തുക**

നമ്മുടെ അവസ്ഥ ഒന്നുനോക്കുക. ഇപ്പോൾ ഇറാക്കിൽ പുതിയൊരു സംഭവമുണ്ടായിരിക്കുന്നു. സമാറയിലെ ശിയാപള്ളി ബോംബുവെച്ച് തകർത്തു. ഇതിന്റെ ഫലമായി സുന്നിപള്ളികളുടെമേൽ ആക്രമണമുണ്ടാവുകയാണ്. ആ പള്ളികളും നശിച്ചുകൊണ്ടിരിക്കുന്നു. ഇത് നമ്മളെ തമ്മിലടിപ്പിക്കാനുള്ള ഏതെങ്കിലും ശത്രുവിന്റെ ഗൂഢാലോചനയാണോ എന്നന്വേഷിക്കാൻ ആരും കൂട്ടാക്കിയില്ല. ഇവിടെ ഉപയോഗിക്കുന്ന എല്ലാ ആയുധങ്ങളും ഈ പാശ്ചാത്യ രാഷ്ട്രങ്ങളിൽനിന്നാണ് ഇവർ വിലക്കെടുക്കുന്നത്. എന്നാൽ, ഈ വഴിക്കൊന്നും ചിന്തിക്കാൻ മുസ്‌ലിംകൾക്ക് കഴിയില്ല. ഒന്ന്, ഇവരുടെ ബുദ്ധി മരവിച്ചതായി തീർന്നിരിക്കുന്നു. കോപംകൊണ്ട് എന്ത് ചെയ്യണമെന്ന് ഇക്കൂട്ടർക്കറിയില്ല. രണ്ട്, ഇവരിലെ കപടന്മാർ ശത്രുക്കളുമായി കൂടിചേരുന്നു. അങ്ങനെ ശത്രുക്കൾ അവരിൽനിന്ന് ഫലം കൊയ്യുന്നു. ഈ വഴിയിലേക്ക് ചിന്തിക്കാനുള്ള അവസരമേ ഇവർക്ക് അവർ നല്കുന്നില്ല. എന്തായാലും ഇറാക്കിലുണ്ടായിരിക്കുന്ന ഈ പുതിയ സംഭവവികാസം ആഭ്യന്തരയുദ്ധത്തിലേക്കാണ് രാജ്യത്തെ കൊണ്ടുപോകുന്നത്. ഏതാണ്ടിത് തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. നേതാക്കന്മാർക്ക് വലിയ തലവേദനയായി മാറിയിരിക്കുകയാണിത്. ഇതിനെ നിയന്ത്രിക്കാൻ അവർക്ക് കഴിയുകയില്ല. മുസ്‌ലിംകളും മുസ്‌ലിംകളും തമ്മിലടിക്കുന്ന ഈ അവസ്ഥ അഫ്ഗാനിസ്ഥാനിലുമുണ്ട്, പാക്കിസ്ഥാനിലുമുണ്ട്. ഓരോ കക്ഷിയും മറ്റേ കക്ഷിക്ക് കഠിനതരമായ അന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. മതത്തിന്റെ പേരിൽ പരസ്പരം തല്ലിക്കൊല്ലുന്നു. എന്നാൽ അല്ലാഹു പറയുന്നു.

“ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊല്ലുന്നതായാൽ അവനുള്ള ശിക്ഷ നരകമാണ്. അതിലവൻ ദീർഘകാലം വസിക്കുന്നതാകുന്നു. അല്ലാഹു അവന്റെ നേരെ കോപിക്കുകയും അവനെ തന്റെ സന്നിധിയിൽനിന്ന് ദൂരത്താക്കുകയും ചെയ്യുന്നതാണ്. അവന് വലിയൊരു ശിക്ഷ ഒരുക്കിവെച്ചിട്ടുമുണ്ട്. (*4:94*)

**മുല്ലായിസം: ഇസ്‌ലാമിന്നാപത്ത്**

കലഹങ്ങളുണ്ടാക്കുന്നവരും അതിനെ പ്രേരിപ്പിക്കുന്നവരും നേതാക്കന്മാരാണ്. അവരിലധികവും മതനേതാക്കളുമാണ്. അവർ പറയുന്നതനുസരിച്ചാണ് ഈ കൊലപാതകങ്ങളും അതിക്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നത്. എതിരാളിയെക്കൊന്ന് ദൈവപ്രീതി കരസ്ഥമാക്കാൻ അവർ ആഹ്വാനം ചെയ്യുന്നു. സ്വർഗ്ഗത്തിന്റെ അവകാശികളാകാമെന്ന് ഉറപ്പുകൊടുക്കുന്നു. എന്നാൽ, അല്ലാഹുവാണെങ്കിലോ ഇക്കൂട്ടരെ നരകത്തിലിട്ടുകൊണ്ടിരിക്കുകയാണ്. ഇവരുടെ മേൽ ശാപംചൊരിഞ്ഞുകൊണ്ടിരിക്കുകയാണ്. പാക്കിസ്ഥാനിലും ബംഗ്ലാദേശിലും മറ്റു രാജ്യങ്ങളിലുമെല്ലാം അഹ്‌മദികളെ ഇവർ ശഹീദാക്കുന്നു. സ്വർഗ്ഗം മോഹിപ്പിച്ചാണ് നരകത്തിലേക്ക് കൊണ്ടുപോകുന്ന ഇത്തരം പ്രവർത്തികൾ സാധാരണ മുസ്‌ലിംകളെകൊണ്ട് ഇവർ ചെയ്യിക്കുന്നത്. മുസ്‌ലിംകളുടെ പ്രവർത്തനങ്ങളിൽനിന്ന് മുസ്‌ലിംകളുടെ ശത്രുക്കൾ ഫലമെടുക്കുന്നു എന്നാണ് ഞാൻ പറഞ്ഞുവന്നത്. അത് മുഖേന മുസ്‌ലിംകളുടെ ശക്തി കുറഞ്ഞുകൊണ്ടിരിക്കുന്നു. എന്നിട്ടും ഈ മുസ്‌ലിംകൾക്ക് വിവേകമുദിക്കുന്നില്ല.

**മുസ്‌ലിംകൾ വിവേകമതികളാകാൻ പ്രാർത്ഥിക്കുക.**

ഇതിനെല്ലാം കാരണം നബി(സ)ന്റെ കല്പന മുസ്‌ലിംകൾ അവഗണിച്ചുതള്ളിയതാണ്. അവർ ഈ ഭാഗത്തേക്ക് വരാനോ ഇതംഗീകരിക്കാനോ തയ്യാറാവുന്നില്ല. നബി(സ) തിരുമേനി വാഗ്ദത്തം ചെയ്ത മസീഹിനേയും മഹ്ദിയേയും അവർ നിഷേധിക്കുന്നു. അതുകൊണ്ട് ഓരോ അഹ്‌മദിയും അല്ലാഹുവിനോട് ദുആ ചെയ്യേണ്ടതാണ്. ഇതിനെക്കുറിച്ച് ഇതിനു മുമ്പും ഞാൻ പറഞ്ഞിട്ടുള്ളതാണ്. അല്ലാഹു ഇവർക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. ഇവർ കപടവിശ്വാസികളുടേയും ശത്രുക്കളുടേയും കയ്യിൽ കളിപ്പാട്ടമായിക്കൊണ്ട് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നവരും പരസ്പരം കഴുത്തറക്കുന്നവരുമായിത്തീരാതിരിക്കട്ടെ.

ഇസ്‌ലാമിന്റെ ശത്രുക്കൾ ഈ മുസ്‌ലിംകളെ നിന്ദ്യരും അപഹാസ്യരുമാക്കിത്തീർക്കാനാണ് ശ്രമിക്കുന്നത്. ഈ ഘട്ടത്തിൽ അഹ്‌മദികൾക്ക് അതിയായ വേദനയുണ്ട്. കാരണം ഇക്കൂട്ടർ നമ്മുടെ പ്രിയങ്കരനായ നബി(സ)യുടെ അനുയായികളാണ്. അല്ലെങ്കിൽ അനുയായികളാണെന്ന് വാദിക്കുന്നവരാണ്. ഈ വഴി തെറ്റിപ്പോയിരിക്കുന്ന മുസ്‌ലിംകളിൽ വലിയൊരു വിഭാഗമാളുകൾ അറിവില്ലാത്ത കാരണത്താൽ ഈ നേതാക്കന്മാരും ഉലമാക്കന്മാരും പറയുന്നതുകേട്ട് അനുചിതമായ കാര്യങ്ങൾ ചെയ്യുകയാണ്. അതിനാണെങ്കിൽ ഇസ്‌ലാമുമായി വിദൂരബന്ധം പോലുമില്ല. നാമമാത്ര ഉലമാക്കളുടെ പിടിയിൽനിന്ന് അല്ലാഹു ഈ മുസ്‌ലിംകളെ രക്ഷിക്കുമാറാകട്ടെ. ഇവർ ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനത്തെ മനസ്സിലാക്കിക്കൊണ്ട്, ഇസ്‌ലാമിനോടുള്ള സ്നേഹാവേശത്താൽ അറിയാതെ കണ്ടും വിഡ്ഢിത്തംകൊണ്ടും ഇസ്‌ലാമിനു ദുഷ്പേരുണ്ടാക്കുന്നവരായിത്തീരാതിരിക്കട്ടെ. അല്ലാഹു ഇവർക്ക് നേരായമാർഗ്ഗവും കാണിച്ചുകൊടുക്കുമാറാകട്ടെ. ഇവരുടെ ഈ പ്രവർത്തനങ്ങൾ കാരണത്താൽ

ഇസ്‌ലാമിന്റെമേൽ ചെളിവാരിയെറിയാൻ ശത്രുക്കൾക്ക് അവസരം ലഭിക്കുന്നു. നബി(സ)യുടെമേലും നിന്ദാവഹമായ ആക്ഷേപം ഉന്നയിക്കാൻ അവർക്ക് സന്ദർഭം കിട്ടുന്നു. അതുകൊണ്ട് ഓരോ അഹ്മദിയും ദുആയിലേക്ക് കൂടുതൽ ശ്രദ്ധചെലുത്തേണ്ട ആവശ്യമുണ്ട്. ആഗോള ഇസ്‌ലാം നമ്മുടെതന്നെ തെറ്റ് കാരണത്താൽ അങ്ങേയറ്റം ഭയാനകാവസ്ഥയിലായിരിക്കുകയാണ്. നമ്മുടെ ഉള്ളിൽ നബി(സ)യോട് സത്യസന്ധമായ സ്നേഹമുണ്ടെങ്കിൽ നമ്മൾ മുസ്‌ലിംഉമ്മത്തിനുവേണ്ടിയും ഒരുപാട് ദുആ ചെയ്യണം. ഈ ഭാഗത്തേക്ക് അധികമധികമായി ശ്രദ്ധിക്കണം.

**പ്രാർത്ഥനയുടെ രീതി**

ഇത് നമ്മൾ ആദ്യമേ ചെയ്തുവരുന്ന കാര്യമാണ്. എങ്കിലും ഈ ദുആകൾ എങ്ങനെയാണ് ചെയ്യേണ്ടതെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ദുആ ചെയ്യേണ്ട രീതിയും മര്യാദയും നബി(സ) തിരുമേനി തന്നെയാണ് നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ഇതുമുഖേന നമ്മളിലും നല്ല മാറ്റമുണ്ടാകും. അങ്ങനെ ദുആ സ്വീകാര്യതയുടെ കാഴ്ചകൾ നമുക്ക് കാണാനും സാധിക്കും. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു. ഹസ്റത്ത് ഉമർ ബിൻ ഖത്താബ്(റ) പറയുന്നു. "നബി(സ) തിരുമേനിയുടെ മേൽ നീ സ്വലാത്ത് ചൊല്ലുന്നതുവരെ നിന്റെ പ്രാർത്ഥന ആകാശത്തിനും ഭൂമിയ്ക്കുമിടയിൽ തങ്ങിനില്ക്കുന്നു. അതിലൊട്ടുംതന്ന അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപ്പിക്കാൻ മുകൾഭാഗംവരെ എത്തുകയില്ല." ഇതൊരു യാഥാർത്ഥ്യമാണ്. ഇതിനെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ വ്യക്തമായും പറഞ്ഞിട്ടുണ്ട്. ഞാനോതിയ വചനത്തിൽ അതാണ് പറഞ്ഞിട്ടുള്ളത്

അല്ലാഹുവും അവന്റെ മലക്കുകളും നബി(സ)യുടെ മേൽ അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളേ! അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ നിങ്ങളും പ്രാർത്ഥിക്കുക." (33:57)

വിശുദ്ധഖുർആനിൽ നമ്മളോട് ചെയ്യാൻ പറയുന്ന അസംഖ്യം കല്പനകളുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലമായി അല്ലാഹുവിന്റെ പ്രിയപ്പെട്ടവനായും അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയായും അവന്റെ സാമീപ്യം പ്രാപിക്കുന്നവനായും തീരുന്നതാണ്. നരകത്തിൽനിന്ന് രക്ഷപ്പെടുകയും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതാണ്. ഇവിടെ പറഞ്ഞ ജോലി എത്രമാത്രം വലുതാണെന്ന് നോക്കുക. അല്ലാഹു തന്റെ മലക്കുകളെ ഈ പ്രവൃത്തി ഏല്പിച്ചിരിക്കുകയാണ്. അല്ലാഹു സ്വയം തന്നെ തന്റെ പ്രിയപ്പെട്ട നബിയുടെമേൽ ശാന്തിയും സമാധാനവും നേരുന്നു. അതുകൊണ്ട് നിങ്ങൾ സ്വലാത്ത് ചൊല്ലുമ്പോൾ അതിന്റെ അർത്ഥം, അല്ലാഹു ചെയ്യുന്ന പ്രവൃർത്തി നിങ്ങളും ചെയ്യുന്നുവെന്നാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നമ്മൾ പ്രവൃർത്തിക്കുന്നതുകൊണ്ട് അല്ലാഹു നമുക്ക് ഇത്രവലിയ പ്രതിഫലം നല്കിയനുഗ്രഹിക്കുമ്പോൾ അല്ലാഹു താൻതന്നെ ചെയ്യുന്ന ഈ പ്രവൃത്തി നമ്മൾ ചെയ്യുന്ന കാരണത്താൽ എത്രമാത്രം ഉന്നതമായ രീതിയിൽ നമ്മെ അനുഗ്രഹിക്കുന്നതാണ്. നിഷ്കളങ്കതയോടെ ചൊല്ലുന്ന ഈ സ്വലാത്ത് തീർച്ചയായും ഉമ്മത്തിന്റെ മാറ്റത്തിനും അതിനെ നാശത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിനും നമ്മുടെതന്നെ മാറ്റത്തിനും കാരണമായിത്തീരുന്നതാണ്. നമ്മുടെ പ്രാർത്ഥന സ്വീകരിക്കാനും നമ്മെ ദജ്ജാലിന്റെ ഫിത്നകളിൽനിന്ന് രക്ഷപ്പെടുത്തുന്നതിനും അത് മാർഗ്ഗമാകുന്നതാണ്.

**സ്വലാത്ത് കൊണ്ടുള്ള ഫലം**

സ്വലാത്ത് ചൊല്ലുന്നതിന്റെ നേട്ടം വിവിധ ഹദീസുകളിൽനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. നബി(സ) തിരുമേനി പറഞ്ഞു. "അന്ത്യദിനത്തിൽ ജനങ്ങളിൽനിന്ന് എന്നോട് ഏറ്റവും അടുത്തവൻ എന്റെ പേരിൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലിയവനാണ്."

പിന്നീട് പറഞ്ഞു. "എന്റെ പേരിൽ വല്ലവനും ആത്മാർത്ഥതയോടെ ഒരുപ്രാവശ്യം സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവനെ പത്തുപ്രാവശ്യം അനുഗ്രഹിക്കും. അവന് പത്ത് ദർജകളുടെ ഉയർച്ച നല്കും. അവന് പത്ത് നന്മകൾ രേഖപ്പെടുത്തും. പത്ത് പാപം പൊറുത്തുകൊടുക്കുകയും ചെയ്യും."

നോക്കുക, സത്യസന്ധതയോടെ സ്വലാത്ത് ചൊല്ലാൻ ഇവിടെ പറഞ്ഞിരിക്കുന്നു. 'ഞാൻ ഒരുപാട് പ്രാർത്ഥിക്കുന്നു. അങ്ങയും എനിക്കുവേണ്ടി പ്രാർത്ഥിക്കുക. ഞാൻ സ്വലാത്തും ചൊല്ലുന്നുണ്ട്. പക്ഷേ, ദീർഘകാലം കഴിഞ്ഞിട്ടും ഇതൊന്നും സ്വീകരിക്കപ്പെടുന്നില്ല' എന്ന് ചിലർ എഴുതാറുണ്ട്. നബി (സ) പറഞ്ഞു: ***സ്വാദിഖുൻമ്മിന്നഫ്സി*** സത്യസന്ധതയോടെ സ്വലാത്ത് ചൊല്ലുക. സ്വലാത്ത് ചൊല്ലുമ്പോൾ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. ഭൗതികത എത്രമാത്രം തന്നിൽ കലർന്നിട്ടുണ്ടെന്നും സ്വലാത്ത് ചൊല്ലുന്നതിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നും നോക്കുക.

**സ്വലാത്ത് ഒരു ചടങ്ങല്ല**

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു. "ഇസ്തിഖാമത്ത്' അഥവാ സ്ഥിരചിത്തത ലഭ്യമാകുന്നതിന് ഏറ്റവും പ്രബലമായൊരു മാർഗ്ഗമാണ് സ്വലാത്ത്. അത് ധാരാളമായിട്ട് ചൊല്ലിക്കൊണ്ടിരിക്കുക. എന്നാൽ, ഒരു ചടങ്ങോ, അഭ്യാസമോ എന്ന നിലയിലല്ല. നബി(സ)യുടെ വിശേഷഗുണത്തേയും ഉപകാരത്തേയും മുന്നിൽവെച്ചുകൊണ്ടും അവിടത്തെ പദവികളുടേയും സ്ഥാനങ്ങളുടേയും അഭിവൃദ്ധിക്കും വിജയത്തിനും വേണ്ടിയുമായിരിക്കണം അത് ചൊല്ലേണ്ടത്. അതിന്റെ ഫലമായി ദുആ സ്വീകാര്യതയുടെ മാധുര്യമേറിയതും ആസ്വാദ്യകരവുമായ കനികൾ നിങ്ങൾക്ക് കിട്ടും." ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) സ്വലാത്ത് ചൊല്ലേണ്ട രീതി നമ്മെ പഠിപ്പിച്ചത്. പിന്നീട് അവിടന്ന് പറഞ്ഞു: 'കാരുണ്യവാനും, ഉദാരനുമായ അല്ലാഹുവിന്റെ സവിശേഷഗുണങ്ങളുടെ പ്രതീകവും ഉപകാരിയുമായ നമ്മുടെ നബിയുടെമേൽ സ്വലാത്ത് ചൊല്ലുക. കാരണം നന്മയ്ക്കുള്ള പ്രതിഫലം നന്മതന്നെയാണ്. അവിടത്തെ ഔദാര്യത്തെക്കുറിച്ച് ബോധമില്ലാത്ത

ഹൃദയം, ഒന്നുകിൽ അതിൽ ഈമാനില്ല. അല്ലെങ്കിൽ അവൻ ഈമാനെ നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. അല്ലാഹുവേ, ആ നിരക്ഷരനായ നബിയുടെമേൽ നീ ശാന്തിയും സമാധാനവും ഇറക്കിയാലും. അദ്ദേഹം ആദ്യംവന്ന കൂട്ടരെ വയറുനിറയെ മധുരപാനീയം കുടിപ്പിച്ചതുപോലെ അവസാനം വന്ന ആളുകളേയും വയറുനിറയെ കുടിപ്പിച്ചു. തന്റെ നിറത്തിൽ അവരെ ആക്കുകയും പരിശുദ്ധരിൽ അവരെ പെടുത്തുകയും ചെയ്തിരിക്കുന്നു.'' ഇങ്ങനെ ആത്മാർത്ഥതയോടെ സ്വലാത്ത് ചൊല്ലുമ്പോൾ അതിനൊരു സംഘടിതമായ നിറവും ഉണ്ടാകും. അത്തരം സ്വലാത്താണ് അതിന്റെ ഗുണം കാണിക്കുന്നത്. സ്വലാത്ത് സ്വീകരിക്കപ്പെടുന്നില്ല എന്ന് പറയുന്നവർക്ക് ഈ ഹദീസിലും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയിലും വ്യക്തമായ പാഠമുണ്ട്. സ്വലാത്ത് ചൊല്ലുന്നതിൽ ഒരിക്കലും ക്ഷീണിക്കാൻ പാടില്ല. എന്നല്ല, സ്വന്തം ആത്മാവിനെ കയ്യിലെടുത്ത് പരിശോധിക്കേണ്ടതാണ്. എന്റെമേൽ സ്വലാത്ത് ചൊല്ലാത്തവൻ വലിയ പിശുക്കനാണെന്നും ലുബ്ധനാണെന്നും നബി(സ) പറഞ്ഞിരിക്കുന്നു. ഈ പിശുക്ക് കാരണം പിശുക്കിന്റെ പാപം തന്റെമേൽ വഹിക്കുന്നതിനോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളപ്പെടുകയും ചെയ്യുന്നു. ഒരുപ്രാവശ്യം സ്വലാത്ത് ചൊല്ലുന്നവന്റെമേൽ അല്ലാഹു പത്തനുഗ്രഹം ഇറക്കുന്നുവെന്ന് പറഞ്ഞത് നാം കണ്ടതാണ്. അല്ലാഹുവിന്റെ സമാധാനം കരസ്ഥമാക്കുക എന്ന് പറയുന്നത് എത്രമാത്രം ലാഭമുള്ള കച്ചവടമാണെന്നുവെച്ചാൽ നബി(സ)യുടെ സഹാബിമാരും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില സഹാബിമാരും മറ്റെല്ലാ പ്രാർത്ഥനകളും ഉപേക്ഷിച്ചുകൊണ്ട് നബിയുടെമേൽ സ്വലാത്ത് മാത്രം ചൊല്ലിയിരുന്നു.

**സ്വലാത്ത് കൊണ്ടുള്ള പുണ്യം**

ഒരു നിവേദനത്തിൽ നബി(സ) തിരുമേനി പറഞ്ഞു: "എന്നെ പറയപ്പെടുകയും അനന്തരം എന്റെ പേരിൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്യുക എന്നത് മാന്യതയില്ലാത്തതും വക്രസ്വഭാവമുള്ളതുമായ കാര്യമാണ്."

ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) പറയുന്നു: നബി(സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുക എന്നത് അടിമയെ മോചിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ശ്രേഷ്ഠമായതാണ്. അവിടത്തോടുള്ള സ്നേഹം അല്ലാഹുവിന്റെ വഴിയിൽ ജീവൻ ബലിയർപ്പിക്കുന്നതിനേക്കാളും ജിഹാദ് ചെയ്യുന്നതിനേക്കാളും ശ്രേഷ്ഠമാണ്.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നാമമാത്രമായ ജിഹാദ്-മറ്റുള്ളവരോടുള്ള പോരാട്ടവും പരസ്പരം കഴുത്തറുക്കലും- അറിവില്ലാത്തവരും നിരക്ഷരരുമായ മുസ്ലിംകളുടെ വികാരത്തെ ഉത്തേജിപ്പിച്ചുകൊണ്ടും ഇസ്ലാമികാഭിമാനം പ്രകടിപ്പിച്ചുകൊണ്ടും അവരെ തെറ്റായ പാതയിലൂടെ നയിക്കുന്നത് ഏത് ഇസ്ലാമാണെന്ന് ഉലമാക്കളോട് ചോദിക്കുക. ഇസ്ലാമികാദ്ധ്യാപനം എന്നുപറയുന്നത് നബി തിരുമേനിയെക്കുറിച്ച് നിങ്ങൾ അഹിതമായ കാര്യം കേൾക്കുമ്പോൾ, അവിടത്തെ വിശേഷഗുണങ്ങൾ വിവരിക്കുകയും അവിടത്തെമേൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുക എന്നതാണ്. ഇത് നിങ്ങൾ ചെയ്യുന്ന ജിഹാദിനേക്കൾ ശ്രേഷ്ഠമാണ്. ദുആകളിലേക്കും സ്വലാത്തിലേക്കും ശ്രദ്ധിക്കുക എന്നത് ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ ഉത്തമമാണ്.

ഹസ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഈ കാലഘട്ടത്തിൽ ആക്രമണം നടത്തുന്നതിനു പകരം ദുആകളിലേക്കും സ്വലാത്ത് ചൊല്ലുന്നതിലേക്കും ശ്രദ്ധിക്കേണ്ടത് കൂടുതൽ അത്യാവശ്യമാണ്. അതിനോടൊപ്പം സ്വയം മാറ്റമുണ്ടാക്കാനും ശ്രമിക്കുക. നമ്മൾ എത്രത്തോളം നബി(സ)യെ സ്നേഹിക്കുന്നുണ്ടെന്ന് ആത്മപരിശോധന നടത്തുക. ഇത് താല്ക്കാലികമായുണ്ടായ ആവേശത്തിന്റെ പ്രതികരണമാണോ? ചില വ്യക്തിപരമായ സ്വാർത്ഥ നേട്ടം കാരണം നമ്മയേയും ഈ നരകത്തിലേക്ക് കൊണ്ടുപോകുകയാണോ എന്നും ചിന്തിക്കുക. അതുകൊണ്ട് നമ്മുടെ പരിവർത്തനത്തിലേക്ക് നാം ശ്രദ്ധിക്കുന്നതിനോടൊപ്പം നമ്മുടെ ചുറ്റുപാടുമുള്ള മുസ്ലിംകൾക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ കഴിയുമെങ്കിൽ, തെറ്റായ മാർഗ്ഗം സ്വീകരിക്കരുതെന്നും അല്ലാഹുവും അവന്റെ റസൂലും ഇഷ്ടപ്പെട്ട മർഗ്ഗം സ്വീകരിക്കുകയെന്നും തീർച്ചയായും പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. എന്റെ തൃപ്തി കരസ്ഥമാക്കുകയും സ്വർഗ്ഗത്തിൽ പോവുകയും ചെയ്യേണമെങ്കിൽ എന്റെ മേൽ സ്വലാത്ത് ചൊല്ലുക എന്ന് നബി(സ) പറഞ്ഞ മാർഗ്ഗമാണത്.

**ദീനില്ലാത്തവൻ**

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബ്ദുല്ലാഹ്ബിൻ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: എന്റെമേൽ സ്വലാത്ത് ചൊല്ലാത്തവന് ഒരു ദീനുമില്ല. മറ്റൊരവസരത്തിൽ അവിടന്ന് പറഞ്ഞു. അധികമധികമായി അല്ലാഹുവിനെ സ്മരിക്കലും എന്റെമേൽ സ്വലാത്ത് ചൊല്ലലും ഞെരുക്കം അകലുന്നതിനുള്ള മാർഗ്ഗമാണ്. ഞെരുക്കങ്ങളിൽ നിത്യവൃത്തിക്കുള്ള ഞെരുക്കവുമുണ്ട്. അവസ്ഥകളിലുണ്ടാകുന്ന ഞെരുക്കവുമുണ്ട്. ഇപ്പോഴാണെങ്കിൽ മുസ്ലിംകളുടെമേലും ഒരു ഞെരുക്കം സംഭവിച്ചുകൊണ്ടിരിക്കുന്നു. പാശ്ചാത്യർ തങ്ങൾക്കായി ഒരു നിയമവും മുസ്ലിം രാഷ്ട്രങ്ങൾക്കായി വേറൊരു നിയമവും തയ്യാറാക്കിയിരിക്കുന്നു. ഇതിനുള്ള ഏറ്റവും ഉത്തമമായ പരിഹാരം നബി(സ)യുടെമേൽ കൂടുതൽ കൂടുതൽ സ്വലാത്ത് ചൊല്ലുക എന്നതാണ്. സ്വലാത്ത് ചൊല്ലുന്നതുമായി അല്ലാഹു ബന്ധപ്പെടുത്തിവെച്ചിരിക്കുന്ന അനുഗ്രഹങ്ങളെ സ്വായത്തമാക്കുക എന്നതാണ്.

ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "അന്ത്യദിനത്തിലെ ഓരോ ഭയാനകമായ സ്ഥലത്തും നിങ്ങളിൽനിന്ന് എന്നോട് ഏറ്റവും അടുത്തവൻ ഇഹലോകത്ത് എന്റെ പേരിൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലിയവനാണ്."

നോക്കുക, അന്ത്യദിനത്തിൽ നബി(സ) തിരുമേനിയുടെ സമീപത്ത് സ്ഥലം കിട്ടാനും ഭയാനകമായ

എല്ലാ സ്ഥലങ്ങളിലും അവിടത്തെ കോന്തലപിടിച്ചു കൊണ്ട് മുന്നോട്ടുപോകാനും ആഗ്രഹിക്കാത്തവൻ ആരാണ്? എല്ലാവരും അല്ലാഹുവിന്റെ കോപത്തിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരാണ്. അതിൽനിന്ന് രക്ഷപ്പെടാനും നബിയുടെ സമീപത്തിരിക്കാനുമുള്ള ചികിത്സ സ്വലാത്ത് ചൊല്ലുക എന്നതാണ്. അതുകൊണ്ട് എപ്പോഴും സത്യവിശ്വാസി സ്വലാത്ത് ചൊല്ലാൻ ശ്രമിക്കണം. ഓരോ സന്ദർഭത്തേയും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വലാത്ത് ചൊല്ലേണ്ടതാണ്.

**ഈ ലോകത്ത് സ്വർഗ്ഗം ലഭിച്ചവർ**

ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "ആരാണോ ഒരു ദിവസം ആയിരംതവണ എന്നിൽ സ്വലാത്ത് ചൊല്ലുന്നത് അവൻ ഈ ജീവിതത്തിൽതന്നെ സ്വർഗ്ഗത്തിലെ തന്റെ സ്ഥാനം കണ്ടെത്തുന്നതാണ്." സ്വലാത്തിന്റെ അനുഗ്രഹം കൊണ്ട് ജീവിതത്തിലുണ്ടാകുന്ന മാറ്റം ഇഹലോകജീവിതത്തേയും സ്വർഗ്ഗമാക്കിത്തീർക്കുന്നതായിരിക്കും. ഈ കർമ്മവും നന്മയും ചില മാറ്റങ്ങളുമാണ് ഇഹലോകത്ത് സ്വർഗ്ഗമുണ്ടാക്കിത്തീർക്കുന്നത്; അടുത്തലോകത്ത് സ്വർഗ്ഗത്തിന്റെ അവകാശികളാക്കിത്തീർക്കുന്നതും.

ഹസ്റത്ത് അബ്ദുല്ലാഹ്ബിൻ അംറിബ്നിൽ ആസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറയുന്നത് അദ്ദേഹം കേട്ടു: ബാങ്ക് കേൾക്കുമ്പോൾ അവൻ പറയുന്നതുപോലെ നിങ്ങളും പറയണം. എന്നിട്ട് എന്റെ പേരിൽ നിങ്ങൾ സ്വലാത്ത് ചൊല്ലുകയും വേണം. എന്റെ പേരിൽ വല്ലവനും ഒരുപ്രാവശ്യം സ്വലാത്ത് ചൊല്ലിയാൽ പകരം അല്ലാഹു അവനെ പത്തുപ്രാവശ്യം അനുഗ്രഹിക്കും. അതിനുശേഷം എനിക്ക് അല്ലാഹുവിനോട് നിങ്ങൾ വസീലത്ത് ആവശ്യപ്പെടണം. സ്വർഗ്ഗത്തിലുള്ള ഒരു ഉന്നത പദവിയാണത്. അല്ലാഹുവിന്റെ ദാസന്മാരിൽ ഒരാൾക്കല്ലാതെ അതനുയോജ്യമല്ല. അത് ഞാനായിരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. അല്ലാഹുവിങ്കൽനിന്ന് എനിക്കാരെങ്കിലും വസീലത്ത് ആവശ്യപ്പെട്ടാൽ എന്റെ ശിപാർശ അവന് സ്ഥിരപ്പെട്ടു. "

ബാങ്കിനു ശേഷമുള്ള പ്രാർതഥന ഓരോ അഹ്മദിയും ഹൃദിസ്ഥമാക്കുകയും ചൊല്ലുകയും ചെയ്യേണ്ടതാണ്. സ്വലാത്ത് ചൊല്ലേണ്ടതിന്റെ പ്രാധാന്യവും സ്വലാത്ത് കൊണ്ടുള്ള നേട്ടവും വ്യക്തമായിക്കഴിഞ്ഞു. എന്നാൽ, വിവിധയാളുകൾ വിവിധതരം സ്വലാത്ത് എഴുതിയിട്ടുള്ളതിനാൽ ഏത് സ്വലാത്താണ് ചൊല്ലേണ്ടതെന്ന് ചിലർ ചോദിക്കുന്നു. ഇതുസംബന്ധമായി ഒരു ഹദീസുണ്ട്. ഹസ്റത്ത് കഅ്ബ് ബിൻ ഉജ്(റ) നിവേദനം ചെയ്യുന്നു: "നബി(സ) ഞങ്ങളുടെ അടുത്തുവന്നപ്പോൾ ഞങ്ങൾ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, അങ്ങേയ്ക്ക് എങ്ങനെ സലാം ചൊല്ലണമെന്ന് ഞങ്ങൾക്കറിയാം. എന്നാൽ, അങ്ങയുടെമേൽ സ്വലാത്ത് എങ്ങനെയാണ് ചൊല്ലേണ്ടത്? നബി(സ) പറഞ്ഞു: 'പറയുക, ***അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലിമുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്. വ ബാരിക്ക് അലാ മുഹമ്മദിൻ വ അലാ ആലിമുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്.***

**ഏത് സ്വലാത്ത് ചെയ്യണം**

എന്നാൽ, നിസ്കാരത്തിൽ ചൊല്ലുന്ന സ്വലാത്ത് അല്പം കൂടി വിശദീകരിച്ചുള്ളതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു. ആരെയോ ഉപദേശിച്ചുകൊണ്ടെഴുതിയ കത്തിലാണ് ഇത് പറയുന്നത്. 'തഹജ്ജുദ് നിസ്കാത്തിൽ ഒരുപാട് അനുഗ്രഹമുണ്ട്. അല്ലാഹു പറയുന്നു, ***വല്ലദീന ജാഹദൂ ഫീനാ ല നഹ്ദിയന്നഹും സുബുലനാ.*** നബി(സ) തിരുമേനിയുടെ അനുഗൃഹീതമായ നാവിൽനിന്നും പുറത്തുവന്ന സ്വലാത്തുതന്നെയാണ് ഏറ്റവും ഉത്തമമായത്. അതിതാണ് ***അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലിമുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്. അല്ലാഹുമ്മ ബാരിക്ക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്*** പറഞ്ഞു: പാപങ്ങൾ വർജ്ജിക്കുന്ന ഒരുവന്റെ വായിൽനിന്നും പുറത്തുവരുന്ന വാക്കുകളിൽ തീർച്ചയായും അനുഗ്രഹമുണ്ടാകും. പാപങ്ങളെ വർജ്ജിക്കുന്നവരുടെ നേതാവും നബിമാരുടെ നായകനുമായ ആളുടെ വായിൽനിന്ന് പുറത്തുവരുന്ന വാക്കുകൾ അപ്പോൾ എത്രമാത്രം അനുഗൃഹീതമായിരിക്കും. ചുരുക്കത്തിൽ എല്ലാത്തരം സ്വലാത്തുകളിൽനിന്നും ഏറ്റവും ഉത്തമമായ സ്വലാത്ത് ഇതുതന്നെയാണ്. ഇതുതന്നെയാണ് ഈ വിനീതന്റെ നിത്യജപവും. ഇത്രയെണ്ണം വേണമെന്ന നിബന്ധനയൊന്നുമില്ല. ആത്മാർത്ഥതയോടും സ്നേഹത്തോടും ഹൃദയസാന്നിദ്ധ്യത്തോടും അങ്ങേയറ്റം വണങ്ങിയുമാണ് സ്വലാത്ത് ചൊല്ലേണ്ടത്. ഒരു സങ്കടാവസ്ഥയും അല്ലാഹുവിനോടുള്ള പ്രേമത്താലുള്ള ഉന്മാദവും നെഞ്ചിനുള്ളിൽ സന്തോഷവും ആനന്ദവും ഉണ്ടാകുന്നതുവരെ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുകതന്നെ വേണം."

ഈ സ്വലാത്ത് ഞാൻ പറഞ്ഞതുപോലെ, നിസ്കാരത്തിൽ നമ്മൾ ചൊല്ലിവരുന്ന സ്വലാത്താണ്. ഇതാണ് കൂടുതലായി നാം നിത്യവും ചൊല്ലിക്കൊണ്ടിരിക്കേണ്ടത്. ഹദീസിൽ ഇത്ര പ്രാവശ്യം ചൊല്ലുക എന്നു പറഞ്ഞതിന്റെ താല്പര്യം അധികമധികമായി ചൊല്ലുക എന്നാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം ചിലയാളുകൾ പറഞ്ഞ 700, 1100 തുടങ്ങിയ എണ്ണം എടുത്തുപറഞ്ഞിട്ടുണ്ട്. ഈ കല്പന ഓരോ വ്യക്തിയുടേയും അവസ്ഥയും നിലയുമനുസരിച്ച് മാറിക്കൊണ്ടിരിക്കും.

**ഇസ്ലാമിന്റെ വിജയം**

ഖിലാഫത്ത് ശതവാർഷിക ജൂബിലി പ്രാർത്ഥനകളിലും, ***സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലി അലാ***

***മുഹമ്മദിൻ വ ആലി മുഹമ്മദ്*** എന്ന ഇൽഹാമി പ്രാർത്ഥന ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ സ്വലാത്ത് മുഴുവനായി ചൊല്ലാനും പറഞ്ഞിരുന്നു. നബി(സ) തിരുമേനി ചൊല്ലിയ ആ സ്വലാത്ത് നമ്മുടെ ദുആകളിൽ തീർച്ചയായും ഉൾപ്പെടുത്തേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ സ്വലാത്തിൽ ലയിച്ചുകൊണ്ടാണ് അത് ചൊല്ലേണ്ടത്; ഒരു പ്രത്യേകമായ അവസ്ഥ ഉണ്ടായിത്തീരുന്നതിനു വേണ്ടി. ഇങ്ങനെ ചെയ്യുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്തിന് നാം അവകാശികളായിത്തീരും. ഇത് ആഖരീന്റെ കാലഘട്ടമാണ്. ഇക്കാലവുമായിട്ട് ഇസ്ലാമിന്റെ വിജയം ബന്ധപ്പെട്ടിരിക്കുന്നു. വാളുകളും തോക്കുകളും പീരങ്കികളും മുഖേനയല്ല ഈ വിജയങ്ങളുണ്ടാകുന്നതെന്ന് നമുക്കെല്ലാം അറിയാം. ഇതിൽ ഏറ്റവും വലിയ ആയുധം പ്രാർത്ഥനയാണ്. അതുപോലെ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് നൽകപ്പെട്ട തെളിവുകളുംപ്രമാണങ്ങളുമാകുന്ന ആയുധമാണ്. അതുമുഖേന ഇൻശാഅല്ലാഹ് ഇസ്ലാം വിജയിക്കും. പ്രാർത്ഥനാ സ്വീകാര്യത്തിനും അല്ലാഹുവിന്റെ സാമീപ്യവും അനുഗ്രഹവും കരസ്ഥമാക്കുന്നിനും നബി (സ)യുടെ മേൽ സ്വലാത്ത് ചൊല്ലാൻ അല്ലാഹു നമ്മോട് പറഞ്ഞത് നാം കണ്ടുകഴിഞ്ഞു. അതുകൊണ്ട് നബിതിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലാതെ ഇതൊന്നും സാധ്യമല്ല.

**ആത്മീയ ഉയർച്ച സ്വലാത്തിലൂടെ**

ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം തനിക്കീ സ്ഥാനം കിട്ടിയത് ഈ സ്വലാത്ത് ചൊല്ലിയ കാരണത്താലാണെന്ന് പറഞ്ഞിരിക്കുന്നു. ഇസ്ലാമിന്റെ വരും കാല വിജയവുമായി ഇതിന് പ്രത്യേക ബന്ധമുണ്ട്. അല്ലാഹു തനിക്ക് നല്കിയ സ്ഥാനത്തെക്കുറിച്ചും മസീഹ് മൗഊദിന്റെ സ്ഥാനത്ത് നിയോഗിച്ചതിനെക്കുറിച്ചുമുള്ള ഒരു ഇൽഹാമിനെ സംബന്ധിച്ച് സ്മരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ആദം മക്കളുടെ നേതാവും നബിമാരിൽ ശ്രേഷ്ഠനുമായ മുഹമ്മദിന്റെയും അവിടത്തെ കുടുംബാദികളുടേയുംമേൽ സ്വലാത്ത് ചൊല്ലുക. ഇത് സൂചിപ്പിക്കുന്നത് ദൈവികമായ എല്ലാ പദവികളും അനുഗ്രഹങ്ങളും പാരിതോഷികങ്ങളും അവിടന്ന് മുഖേനയാണ് ലഭിക്കുന്നതെന്നാണ്. അദ്ദേഹത്തെ സ്നേഹിക്കുന്നതിന്റെ പ്രതിഫലമാണ്. സുബ്ഹാനല്ലാഹ്. ആ പ്രപഞ്ചനാഥന്റെ തിരുസന്നിധിയിൽ എത്ര ഉന്നതമായ സ്ഥാനമാണിത്, ഏതു രീതിയിലുള്ള സാമീപ്യമാണിത്. അദ്ദേഹത്തിന്റെ സ്നേഹിതൻ അല്ലാഹുവിന്റെ പ്രേമഭാജനമായിത്തീരുന്നു. അദ്ദേഹത്തിന്റെ സേവകൻ ലോകരുടെ യജമാനനായി മാറുന്നു. അപ്പോൾ എനിക്കൊരു സംഭവമോർമ്മവന്നു. ഒരു രാത്രി ഈ വിനീതൻ അധികമധികമായി സ്വലാത്ത് ചൊല്ലിക്കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ മനസ്സും ശരീരവും അത് മുഖേന സൗരഭ്യമയമായി. ആ രാത്രിയിൽ ഒരു സ്വപ്നം കണ്ടു. പ്രതാപത്തിന്റെ ശോഭയാർന്ന രൂപത്തിൽ പ്രകാശത്തിന്റെ തോൽസഞ്ചികൾ ഈ വിനീതന്റെ വീട്ടിൽ മലക്കുകൾ കൊണ്ടുവരികയാണ്. അവരിലൊരാൾ പറഞ്ഞു: നീ മുഹമ്മദിന്റെ അടുക്കലേക്ക് അയച്ച സ്വലാത്തിന്റെ അനുഗ്രഹങ്ങളാണ് മലക്കുകൾ നിന്റെയടുത്തേക്ക് കൊണ്ടുവരുന്നത്.

**പ്രവാചകപ്രേമം**

അതുപോലെ മറ്റൊരു അത്ഭുതകരമായ സംഭവവും ഓർമ്മവന്നു. ഒരുതവണ ഇൽഹാമുണ്ടായി. അതിന്റെ അർത്ഥമിങ്ങനെയാണ്. അല്ലാഹുവിന്റെ ഉന്നതാധികാര സഭയിലെ ആളുകൾ അഭിപ്രായഭിന്നതയിലായിരിക്കുന്നു. അതായത്, ദൈവികതീരുമാനം ദീനിന്റെ ജീവനത്തിനായി ആവേശത്തിമിർപ്പിലാണ്. പക്ഷേ, ഉന്നതാധികാരസഭയിൽ ദീനിനെ ജീവിപ്പിക്കുന്ന വ്യക്തിയെക്കുറിച്ച് അവ്യക്തത നിലനിൽക്കുന്നു. അതുകൊണ്ടവർ അഭിപ്രായഭിന്നതയിലാണ്. അത്തരുണത്തിൽ ഞാൻ സ്വപ്നത്തിൽ കണ്ടു. ജനങ്ങൾ ദീനിനെ ജീവിപ്പിക്കുന്ന ഒരാളെ അന്വേഷിച്ച് ചുറ്റിക്കറങ്ങുന്നു. ഒരാൾ ഈ വിനീതന്റെ അടുക്കൽവന്നു. എന്നെ ചൂണ്ടിക്കൊണ്ട് പറഞ്ഞു ***ഹാദാ റജുലുൻ യുഹിബ്ബു റസൂലല്ലാഹി*** അല്ലാഹുവിന്റെ റസൂലിനെ സ്നേഹിക്കുന്ന ആ വ്യക്തി ഇദ്ദേഹമാണ്. ഇതിന്റെ താല്പര്യം, ഈ സ്ഥാനം ലഭിക്കുന്നതിനുള്ള ഏറ്റവും വലിയ നിബന്ധന റസൂലിനെ സ്നേഹിക്കുക എന്നതാണ്. അത് ഈ വ്യക്തിയിൽ ഉറപ്പായിട്ടുണ്ട്."

മുകളിൽപറഞ്ഞ ഇൽഹാമിൽ റസൂലിന്റെ കുടുംബാദികളുടെമേൽ സ്വലാത്ത് ചൊല്ലാനുള്ള കല്പനയിലും അടങ്ങിയിരിക്കുന്ന രഹസ്യം ദൈവികപ്രകാശത്തിൽ തിരുനബിയുടെ കുടുംബാദികളോടുള്ള സ്നേഹത്തിനും അങ്ങേയറ്റം വലിയ പങ്കുണ്ടെന്നാണ്. ദൈവസാമീപ്യം പ്രാപിച്ചവരിൽപെടുന്ന വ്യക്തിയും ആ പരിശുദ്ധരുടേയും പവിത്രരുടേയും അനന്തരാവകാശം പ്രാപിക്കുന്നു. എല്ലാ അറിവുകളിലും ജ്ഞാനങ്ങളിലും അവരുടെ അവകാശിയായി തീരുന്നു. അതുകൊണ്ട് ഇന്ന് ദീനിന്റെ പുനരുജ്ജീവനത്തിനും ഇസ്ലാമിന്റെ കളഞ്ഞുപോയ പ്രൗഢിയും സൗന്ദര്യവും തിരിച്ചുകൊണ്ടുവരുന്നതിനും നബി(സ)ന്നെതിരിലുള്ള ആക്രമണത്തെ പ്രതിരോധിക്കുന്നതിനും അല്ലാഹു തന്റെ ഏതൊരു ഫയൽമാനെയാണോ എഴുന്നേല്പിച്ചത് അദ്ദേഹത്തെ പിൻപറ്റിയും അദ്ദേഹം നല്കിയ തെളിവുകളും പ്രമാണങ്ങളും ഉപയോഗിച്ചും- അത് അല്ലാഹു അദ്ദേഹത്തിന് നേരിട്ട് നൽകിയതാണ്- അദ്ദേഹത്തിന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചുംകൊണ്ട് ഇസ്ലാമിന്റേയും നബിതിരുമേനിയുടേയും പതാക പൂർണ്ണശോഭയോടുകൂടി ലോകത്ത് പറപ്പിക്കേണ്ടതാണ്. ഇൻശാഅല്ലാഹ്. അത് പറപ്പിച്ചുകൊണ്ടേപോകുന്നതാണ്.

**കഠിനനാളുകൾക്ക് അന്ത്യം കുറിക്കുക**

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്തെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറയുന്നു: ഇസ്ലാമിന്റെമേൽ എത്ര കഠിനതരമായ ദിവസമാണ് ഉദിച്ചുയർന്നിട്ടുള്ളത്. പക്ഷേ, അല്ലാഹു അതുകൊണ്ടാണ് ഒരു ജമാഅത്ത് രൂപീകരിച്ചത്. കളഞ്ഞുപോയ പ്രൗഢിയെ അത് തിരിച്ചുകൊണ്ടുവരുന്നതാണ്. മുസ്ലിംകളേ! നിങ്ങൾ നിങ്ങളുടെ പിടിവാശി ഉപേക്ഷി

ക്കുക. ചിന്തിക്കുക. നബി(സ)യുടെമേൽ നാനാഭാഗത്തുനിന്നും ആക്രമണമുണ്ടാകുന്ന ഇത്തരം സന്ദർഭത്തിലും അദ്ദേഹത്തിന്റെ അഭിമാനത്തെ സംരക്ഷിക്കുന്നതിനായി അല്ലാഹു ആവേശത്തോടെ വന്നില്ലെന്നാണോ? ആ ഉദ്ധരണി ഇപ്രകാരമാണ്. "ഈ കാലം എത്ര അനുഗ്രഹീതമാണ്. അല്ലാഹു കോലാഹലങ്ങൾ നിറഞ്ഞ ഇക്കാലത്ത് അവന്റെ അനുഗ്രഹംകൊണ്ടു മാത്രം നബി(സ)തിരുമേനിയുടെ മഹത്ത്വം പ്രകടിപ്പിക്കാൻ അനുഗ്രഹീതമായ ഈ തീരുമാനമെടുത്തു. അതായത്, അദൃശ്യമായി ഇസ്‌ലാമിനെ സഹായിക്കാനുള്ള ഏർപ്പാടുണ്ടാക്കി. അവനൊരു ജമാഅത്ത് രൂപീകരിച്ചു. ഇസ്‌ലാമിനുവേണ്ടി വേദനയനുഭവിക്കുന്നവരോട് ഞങ്ങൾ ചോദിക്കാനാഗ്രഹിക്കുകയാണ്. ഇതിനെക്കാൾ വലിയൊരു ഭീഷണി നേരിടുന്നകാലം ഇതിനു മുമ്പ് ഇസ്‌ലാമിനുമേൽ ഉണ്ടായിട്ടുണ്ടോ? നബി തിരുമേനിയേയും വിശുദ്ധഖുർആനേയും നിന്ദിക്കുകയും അപഹസിക്കുകയും ചെയ്ത ഒരവസരം ഇതിനുമുമ്പ് കടന്നുകഴിഞ്ഞിട്ടുണ്ടോ? മുസ്‌ലിംകളുടെ കാര്യമോർക്കുമ്പോൾ എനിക്ക് അതിയായ വിഷമവും ദുഃഖവുമുണ്ടാകുന്നു. ചിലപ്പോൾ നിയന്ത്രണം തന്നെവിട്ടുപോകുന്നു. ഈ അനാദരവ് മനസ്സിലാക്കാനുള്ള ബോധംപോലും ഇവരിൽ അവശേഷിക്കുന്നില്ലേ? ഇത്തരം കോലാഹലങ്ങൾ നടക്കുമ്പോൾ ഇതിനെ തടയാനും ഇസ്‌ലാമിന്റെ ശത്രുക്കളുടെ വായടപ്പിച്ച് നബിതിരുമേനിയുടെ അഭിമാനവും അന്തസ്സും ലോകത്തുയർത്തിപ്പിടിക്കാനും ഒരു ജമാഅത്ത് രൂപീകരിക്കാൻപോലും അല്ലാഹു തയ്യാറായില്ലെന്നാണോ? അല്ലാഹുവും അവന്റെ മലക്കുകളും സ്വയം നബിതിരുമേനിയുടെമേൽ അനുഗ്രഹാശിസ്സുകൾ നേരുമ്പോൾ നബിതിരുമേനിയെ നിന്ദിക്കുന്ന ഇക്കാലത്ത് നമ്മൾ ആ സ്വലാത്ത് പ്രകടമാക്കേണ്ടത് എത്രമാത്രം നിർബന്ധമാണ്. അതിനുള്ള ഏർപ്പാടാണ് ഈ ജമാഅത്തിന്റെ രൂപത്തിൽ അല്ലാഹു ചെയ്തിട്ടുള്ളത്. "

**ജമാഅത്തിന്റെ ഉത്തരവാദിത്തം**

ഇങ്ങനെ അഹ്‌മദിയ്യാ ജമാഅത്തിന്റെമേൽ വലിയ ഉത്തരവാദിത്തമാണ് ഉള്ളത്. കാരണം മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നു എന്നതാണ് അഹ്‌മദികളായ നമ്മുടെ വാദം. അതുകൊണ്ട് നബിതിരുമേനിക്കെതിരിൽ അപമര്യാദയുടെ ഒരു പ്രളയം തന്നെ പ്രവഹിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ തീർച്ചയായും അല്ലാഹുവിന്റെ മലക്കുകൾ നബിയുടെമേൽ അനുഗ്രഹാശംസകൾ നേരുന്നുണ്ടാകും. എന്നല്ല, അനുഗ്രഹാശംസകൾ തീർച്ചയായും നേരുന്നുണ്ട്. അപ്പോൾ മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച നമ്മളും നമ്മുടെ പ്രാർത്ഥനകളെ സ്വലാത്തിന്റെ അച്ചിലിട്ട് വാർക്കേണ്ടതാണ്. സത്യസന്ധതയോടുകൂടി അന്തരീക്ഷത്തിൽ അധികമധികമായി സ്വലാത്ത് വിതറുക. അങ്ങനെ അതിന്റെ ഓരോ അംശവും സ്വലാത്തിന്റെ പരിമളം പരത്തുന്നതായി തീരട്ടെ. നമ്മുടെ എല്ലാ പ്രാർത്ഥനകളും ഈ സ്വലാത്തിന്റെ മാധ്യസ്ഥത്താൽ അല്ലാഹുവിന്റെ ദർബാറിലെത്തി സ്വീകാര്യത്തിന്റെ നില പ്രാപിക്കുന്നതായി തീരട്ടെ. നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിന്റേയും പ്രേമത്തിന്റേയും പ്രകടനം ഇങ്ങനെയാണുണ്ടാകേണ്ടത്. അല്ലാഹു മുസ്‌ലിം സമുദായത്തിന് വിവേകം നല്കുമാറാകട്ടെ. ഇതെല്ലാം മനസ്സിലാക്കാനുള്ള കഴിവ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ ഈ സന്ദേശവാഹകനെ തിരിച്ചറിയുന്നവരായിത്തീരട്ടെ. ഐക്യത്തിന്റേയും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷത്തെ വീണ്ടും ലോകത്ത് സൃഷ്ടിച്ചുകൊണ്ട് നബിതിരുമേനിയുടെ സ്ഥാനത്തെ ഉയർത്തിക്കൊണ്ടിരിക്കുന്ന അവിടത്തെ ആത്മീയസുതന്റെ ജമാഅത്തിൽ അംഗങ്ങളാകാൻ അല്ലാഹു മുസ്‌ലിംകൾക്ക് ഭാഗ്യം നല്കുമാറാകട്ടെ.

**ഇറാഖിൽ വീണ്ടും രക്തക്കളം**

നോക്കുക, ഇത് മുഹർറമാസമാണ്. ഈ പരിശുദ്ധമാസത്തിൽ മുഹമ്മദ് നബിയുടെ ഉമ്മത്തിയായിക്കൊണ്ട് അതേ മണ്ണിൽ വീണ്ടും മുസ്‌ലിംകൾ മുസ്‌ലിംകളുടെ രക്തമൊഴുക്കുകയാണ്. അവർ പാഠം പഠിക്കുന്നില്ല. ഇപ്പോഴും ചോര ഒഴുക്കിക്കൊണ്ടേയിരിക്കുകയാണ്. അല്ലാഹു ഇവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഈ പ്രവർത്തനത്തിൽനിന്ന് പിന്തിരിയുന്നവരായി തീരട്ടെ. ദൈവഭയം ഹൃദയത്തിലുണ്ടാക്കിക്കൊണ്ട് ഇസ്‌ലാമിന്റെ യഥാർത്ഥ പാഠമനുസരിച്ച് പ്രവർത്തിക്കുന്നവരായി തീരട്ടെ.

**മുസ്‌ലിംകൾക്കു വേണ്ടി പ്രാർത്ഥിക്കുക**

ഇവർ ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്തതുകൊണ്ടാണ്. നബിതിരുമേനിയുടെ കല്പനയെ നിഷേധിക്കുന്നതുകൊണ്ടാണ്. ഇന്ന് ഓരോ അഹ്‌മദിക്കും വളരെ വലിയ ഉത്തരവാദിത്തമാണുള്ളത്. നിങ്ങൾ ഇക്കാലത്തെ ഇമാമിനെ തിരിച്ചറിഞ്ഞവരാണ്. നബിതിരുമേനിയോടുള്ള സ്നേഹാവേശത്താൽ ഒരുപാടൊരുപാട് സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. പ്രാർത്ഥനകളിൽ മുഴുകുക. നിങ്ങൾക്കുവേണ്ടിയും മറ്റു മുസ്‌ലിംകൾക്കു വേണ്ടിയും അല്ലാഹു ഉമ്മത്തെ മുസ്‌ലിമായെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുക. നബിതിരുമേനിയോടുള്ള സ്നേഹം നമ്മോട് ആവശ്യപ്പെടുന്നത് നാം നമ്മുടെ പ്രാർത്ഥനകളിൽ ഉമ്മത്തെ മുസ്‌ലിമായ്ക്കുവേണ്ടി കൂടുതൽ സമയം മാറ്റിവെക്കുക എന്നതാണ്. അന്യരുടെ ഉദ്ദേശ്യങ്ങൾ ശരിയായതല്ല. മുസ്‌ലിംകൾ ഇനി ഏതേതെല്ലാം നാശങ്ങളിലും വിപത്തുകളിലുമാണ് പെടാൻ പോകുന്നതെന്ന് അറിയില്ല. അല്ലാഹു കരുണ ചെയ്യട്ടെ.

അല്ലാഹു നമ്മെ എപ്പോഴും നേരായ പാതയിലൂടെ നടത്തുമാറാകട്ടെ. നമ്മളും അല്ലാഹുവിന്റെ നന്ദിയുള്ള ദാസരായിത്തീരട്ടെ. അവൻ നമുക്ക് ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കാൻ ഭാഗ്യം നല്കിയതിന് അവനോട് നന്ദി കാണിച്ചുകൊണ്ടിരിക്കുക. നമ്മുടെ കടമകൾ നല്ലവണ്ണം നിറവേറ്റാൻ ശ്രമിക്കുക. എപ്പോഴും അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിൽ നാം നടക്കുന്നവരായിത്തീരട്ടെ. (*ഖുത്‌ബ, 24.2.2006*)

*വിവ: മുഹമ്മദ് ഇസ്മാഈൽ. എച്ച്.എ.*

ലേഖനം

വിവ: എം. നാസിർ അഹ്മദ്

# വാഗ്ദത്ത മസീഹിനെ വിശ്വസിക്കേണ്ടതില്ലേ?

ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ഒരിക്കൽ ഇപ്രകാരം ചോദിക്കുകയുണ്ടായി.

ഞങ്ങൾ അല്ലാഹുവിലും അവന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിലും അവന്റെ പ്രവാചകൻ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനിയിലും സത്യഹൃദയത്തോടെ വിശ്വസിക്കുകയും നമസ്കാരം, നോമ്പ് തുടങ്ങിയ എല്ലാ കർമ്മങ്ങളും അനുഷ്ഠിക്കുകയും ചെയ്യുന്നുണ്ട്. എന്നിരുന്നാലും താങ്കളേയും (വാഗ്ദത്ത മസീഹിനേയും) വിശ്വസിക്കേണ്ടത് ഞങ്ങൾക്ക് നിർബന്ധമാണോ?

ഈ ചോദ്യത്തിന് ഹസ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ മറുപടി ഇവിടെ ചേർക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഒരാൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അവന്റെ ഗ്രന്ഥത്തേയും അംഗീകരിക്കുന്നു എന്ന് വാദിക്കുകയും എന്നാൽ അതിലെ കല്പനകളുടെ വിശദരൂപങ്ങൾ അഥവാ നമസ്കാരം, നോമ്പ്, ഹജ്ജ്, സക്കാത്ത്, തഖ്‌വ കൈവരിക്കൽ തുടങ്ങിയവയൊന്നും അനുഷ്ഠിക്കാതിരിക്കുകയും, ആത്മാവിനെ വിശുദ്ധീകരിക്കുവാനും തിന്മകൾ വർജ്ജിക്കുവാനും നന്മ സ്വായത്തമാക്കുവാനുള്ള കല്പനകൾ തിരസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ മുസ്‌ലിം എന്ന് പറയപ്പെടാൻ അർഹനല്ല. അയാൾ (മുഅ്മിൻ) വിശ്വാസിയെന്നും പറയപ്പെടില്ല. ഇതുപോലെ വാഗ്ദത്ത മസീഹിനെ അംഗീകരിക്കാതിരിക്കുകയോ അംഗീകരിക്കേണ്ട ആവശ്യമില്ലെന്ന് കരുതുകയോ ചെയ്യുന്ന ആളും ഇസ്‌ലാമിന്റെ അന്തസത്ത മനസ്സിലാക്കാത്ത വ്യക്തിയും നുബൂവ്വത്തിന്റെയും രിസാലത്തിന്റേയും ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയാത്ത ആളുമാണ്. അയാളെക്കുറിച്ച് യഥാർത്ഥ മുസ്‌ലിമെന്നോ, അല്ലാഹുവിനേയും റസൂലിനേയും ആത്മാർത്ഥമായി അനുഗമിക്കുന്നവനെന്നോ പറയപ്പെടാവതല്ല. അല്ലാഹു വിശുദ്ധഖുർആനിൽ തിരുനബി(സ.അ) മുഖേന മറ്റു കല്പനകൾ നൽകിയതുപോലെതന്നെയാണ് അവസാനകാലത്ത് ഒരു അവസാന ഖലീഫയുടെ ആഗമനത്തെക്കുറിച്ചും ശക്തമായ രീതിയിൽ പ്രവചനം നടത്തിയിട്ടുള്ളത്. ആ ഖലീഫയെ അംഗീകരിക്കാതെ, അദ്ദേഹത്തിൽനിന്ന് മുഖം തിരിച്ചുകളയുന്നവരെ ഫാസിഖ് (ആജ്ഞാലംഘകർ) ആണെന്നും പറഞ്ഞിരിക്കുന്നു. വിശുദ്ധഖുർആനിലും ഹദീസുകളിലും പ്രയുക്തമായിരിക്കുന്ന പേരുകളിൽ കാണുന്ന അന്തരം- യഥാർത്ഥത്തിൽ അത് അന്തരമല്ല, വിശുദ്ധഖുർആന്റെ ഒരു വിശദീകരണം മാത്രമാണ്- ഇത്രമാത്രമാണ്. അതായത് വിശുദ്ധഖുർആനിൽ 'ഖലീഫ' എന്ന പദം പ്രയോഗിച്ചപ്പോൾ അവസാന കാലത്തെ ഖലീഫക്ക് ഹദീസിൽ വാഗ്ദത്ത മസീഹ് എന്ന് പ്രയോഗിച്ചു. ആരുടെ ആഗമനത്തെക്കുറിച്ച് വിശുദ്ധഖുർആൻ വാഗ്ദാനം നൽകുകയും, വാഗ്ദാനം നൽകിക്കൊണ്ട് ആ മഹാത്മാവിനെ മഹത്വപ്പെടുത്തുകയും ചെയ്തുവോ അദ്ദേഹത്തെ അംഗീകരിക്കേണ്ട ആവശ്യമില്ലെന്ന് പറയുന്നവർ എത്തരത്തിലുള്ള മുസ്‌ലിംകളാണ്?

ഖലീഫമാരുടെ ആഗമനം ഖിയാമത്തുനാൾവരെ ഉണ്ടാവും എന്ന് അല്ലാഹു പറയുന്നു. ഇസ്‌ലാമിനെ സഹായിക്കുവാനും സംരക്ഷിക്കുവാനും ഓരോ നൂറ്റാണ്ടിലും പരിഷ്കർത്താക്കൾ (മുജദ്ദിദുമാർ) വന്നുകൊണ്ടിരുന്നതും ഇനി വന്നുകൊണ്ടിരിക്കുന്നതും ഇസ്‌ലാമിന് ലഭിച്ച പ്രത്യേക ഭാഗ്യമാണ്. അല്ലാഹു തിരുനബി (സ.അ)യെ മൂസാനബി(അ)നോട് സദൃശ്യപ്പെടുത്തിയിരിക്കുകയാണ്. '***കമാ***', പോലെ, എന്ന അറബിപദം ഉപയോഗിച്ചുകൊണ്ടാണ് സദൃശ്യപ്പെടുത്തിയിരിക്കുന്നത്. മൂസാനബിയുടെ ശരീഅത്തിന്റെ അവസാന ഖലീഫ ഹസ്റത്ത് ഈസാനബി(അ) ആയിരുന്നു. അദ്ദേഹം പറഞ്ഞത് അവസാനകല്ല് ഞാനാണെന്നാണ്. ഇതുപോലെ മുഹമ്മദീ ശരീഅത്തിനെ സേവിക്കുന്നതിനും അതിന് നവചൈതന്യം നൽകുന്നതിനും ഖലീഫമാർ വന്നുകൊണ്ടിരിക്കുന്നതും അത് ഖിയാമത്ത് വരെ തുടരുന്നതുമാണ്. ഇങ്ങനെ ഈരണ്ട് ശരീഅത്തിന്റേയും സാദൃശ്യം എന്ന നിലക്കും പ്രവർത്തനത്തിന്റെ ഏകീകരണം കാരണമായും അവസാന ഖലീഫയുടെ പേർ ഇവിടെ മസീഹ് എന്ന് വെച്ചിരിക്കുന്നു.

വരാനിരിക്കുന്ന മസീഹിനെക്കുറിച്ച് ഒന്ന് പരാമർശിച്ച് വിട്ടുകളയാതെ അദ്ദേഹത്തിന്റെ ആഗമനകാലത്തുണ്ടാകുന്ന അടയാളങ്ങളെക്കുറിച്ച് എല്ലാ മതഗ്രന്ഥങ്ങളും വിവരിക്കുകയും ചെയ്തിട്ടുണ്ട്. യഹൂദികളും ക്രിസ്ത്യാനികളും മുസ്‌ലിംകളും മറ്റിതര സമൂഹങ്ങളും അദ്ദേഹത്തിന്റെ ആഗമനം ഉണ്ടാകുമെന്ന് ഒരേ സ്വരത്തിൽ സമ്മതിക്കുക മാത്രമല്ല അദ്ദേഹത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയുമാണ്. ഇത്രയും ശ്രേഷ്ഠമാക്കപ്പെട്ട വ്യക്തിയെ നിഷേധിക്കുക എന്നതാണോ ഇസ്‌ലാം? അദ്ദേഹത്തിന്നായി അല്ലാഹു ആകാശത്തുനിന്നും ഭൂമിയിൽനിന്നും അടയാളങ്ങൾ വെളിപ്പെടുത്തി. അടയാളമെന്നോണം പ്ലേഗും വന്നു. പ്രവചനപ്രകാരം കൃത്യസമയത്തുതന്നെ സൂര്യചന്ദ്രഗ്രഹണങ്ങൾ അദ്ദേഹത്തിന്റെ സത്യത്തിന് സാക്ഷ്യമായി പ്രത്യക്ഷപ്പെട്ടു. ആകാശഭൂമികൾ ആർക്കുവേണ്ടി അടയാളങ്ങൾ പ്രകടമാക്കിയോ ആ വ്യക്തി വെറും നിസ്സാരനാണോ? അദ്ദേഹത്തെ അംഗീകരിക്കുന്നതും അംഗീകരിക്കാതിരിക്കുന്നതും തുല്യമാകുന്നതെങ്ങനെ? അദ്ദേഹത്തെ അംഗീകരിക്കാതെതന്നെ ജനങ്ങൾ യഥാർത്ഥ മുസ്‌ലിംകളായി നിലകൊള്ളുകയും ദൈവപ്രീതി കരസ്ഥമാക്കുന്നവരായും തീരുമോ? ഇല്ല. ഒരിക്കലുമില്ല.

വാഗ്ദത്തപുരുഷൻ വെളിപ്പെടേണ്ട എല്ലാ അടയാളങ്ങളും പൂർത്തിയായിരിക്കുന്നു. വിവിധതരം കുഴപ്പങ്ങൾ

കാരണം ഭൂമി അശുദ്ധമായിരിക്കുന്നു. വാഗ്ദത്ത മസീഹ് പതിനാലാം നൂറ്റാണ്ടിൽതന്നെ വരുമെന്നാണ് മുസ്‌ലിം പണ്ഡിതന്മാരും ഔലിയാക്കളും എഴുതി രേഖപ്പെടുത്തിയിരിക്കുന്നത്. 'ഹുജജുൽ കിറാമാ' എന്ന ഗ്രന്ഥത്തിലും 14-ാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെടും എന്നാണ് എഴുതിയത്- പതിനാലാം നൂറ്റാണ്ടിന് അപ്പുറം ആരും കടന്നിട്ടില്ല. ഹിജ്റ 13-ാം നൂറ്റാണ്ടിൽനിന്ന് മൃഗങ്ങൾപോലും ശരണം തേടിയിട്ടുള്ളതാണ്. 14-ാം നൂറ്റാണ്ട് അനുഗ്രഹത്തിന്റെ നൂറ്റാണ്ടായിരിക്കും എന്ന് പലരും എഴുതി. ഔലിയാക്കളും ഭൂരിഭാഗം പണ്ഡിതരും ഏകോപിച്ചിട്ടുള്ള ഈ സാക്ഷ്യത്തിലും വല്ലവർക്കും സംശയമുണ്ടെങ്കിൽ അവർ വിശുദ്ധഖുർആനിലെ 'അൻനൂർ' എന്ന അദ്ധ്യായം ശ്രദ്ധാപൂർവ്വം പഠനവിധേയമാക്കട്ടെ. നോക്കൂ! ഹസ്റത്ത് മൂസാ(അ)ന് ആയിരത്തിനാനൂറ് വർഷങ്ങൾക്കു ശേഷം ഹസ്റത്ത് ഈസാ(അ) വന്നതുപോലെ ഇവിടെയും തിരുനബി(സ.അ)ക്കുശേഷം 14-ാം നൂറ്റാണ്ടിൽതന്നെ വാഗ്ദത്ത മസീഹും ആഗതരായിരിക്കുന്നു. ഹസ്റത്ത് ഈസാ മൂസവി സിൽസിലയുടെ ഖാത്തമുൽ ഖുലഫാഅ് ആയതുപോലെ വാഗ്ദത്ത മസീഹ് ഇവിടെ ഖാത്തമുൽ ഖുലഫാഅ് ആയിരിക്കും.

ഇന്ന് ഇസ്‌ലാമിന്റെ അവസ്ഥ, ജീവന്റെ അവസാനശ്വാസം വലിക്കുന്ന ഒരു രോഗിയുടെ അവസ്ഥപോലെയാണ്. ഇസ്‌ലാം ആക്രമിക്കപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിനെ നശിപ്പിക്കുന്നതിനും നാമാവശേഷമാക്കുന്നതിനും നാനാഭാഗത്തുനിന്നും ശത്രുക്കൾ അതിനുനേരെ നിഷ്ക്കരുണം അക്രമം അഴിച്ചുവിട്ടിരിക്കുകയാണ്. ഇസ്‌ലാം ഇന്ന് മൃതതുല്യമായിരിക്കുകയാണ്. അകത്തുനിന്നും പുറത്തുനിന്നുമുള്ള ആക്രമണം കാരണം അത് അതിന്റെ നാളുകൾ എണ്ണിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമികദീപം ഇതാ കെട്ടടങ്ങാറായി. അതിന്റെ കഴുത്തിൽ കത്തി ചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാമായിട്ടും ഇനിയും വല്ല വിപത്തും ഇസ്‌ലാമിന് വരാനുണ്ടോ? ***ഇന്നാ നഹ്നു നസ്സൽ തദ്ദിക്റ വഇന്നാ ലഹൂ ലഹാഫിദൂൻ*** നാം തന്നെയാണ് ഈ ഖുർആനെ ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുന്നതുമാണ് എന്ന് അല്ലാഹുവിന്റെ വാഗ്ദാനം ഇനി പുലരേണ്ടത് എന്നാണ്? ഏടുകൾ മാത്രം സംരക്ഷിക്കപ്പെടും എന്നതല്ല സംരക്ഷണം എന്നതുകൊണ്ട് വിവക്ഷ. തിരുനബി(സ.അ) ഇക്കാര്യം നമുക്ക് വിശദീകരിച്ചുതന്നിട്ടുള്ളതാണ്. ഒരിക്കൽ പറയുകയുണ്ടായി. "ലോകത്തുനിന്ന് ഖുർആൻ ഉയർത്തപ്പെടുന്ന ഒരു കാലം വരും." ഇത് കേട്ടപ്പോൾ ഒരു സ്വഹാബി ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ ഖുർആൻ ഓതിക്കൊണ്ടിരിക്കെ പിന്നെങ്ങനെ അത് ഉയർത്തപ്പെടും. തിരുനബി പറഞ്ഞു: ഞാൻ താങ്കളെ ബുദ്ധിമാന്മാരുടെ കൂട്ടത്തിലാണ് എണ്ണിയിരുന്നത്. താങ്കൾ വിഡ്ഢികളിൽപെട്ടുപോയല്ലോ. നോക്കൂ! ക്രിസ്ത്യാനികൾ ഇഞ്ചീൽ വായിക്കുന്നില്ലെ? യഹൂദികൾ തൗറാത്തും വായിക്കുന്നില്ലേ? വിശുദ്ധഖുർആൻ ഉയർത്തപ്പെടും എന്നതിന്റെ വിവക്ഷ അതിന്റെ ജ്ഞാനം ഉയർത്തപ്പെടും എന്നതാണ്. അത് നൽകുന്ന മാർഗ്ഗദർശനം ലോകത്തുണ്ടാവില്ല. അത് നൽകുന്ന ആത്മീയപ്രകാശവും ആത്മീയജ്ഞാനങ്ങളും ജനങ്ങൾക്ക് അജ്ഞാതമായിരിക്കും. വിശുദ്ധഖുർആൻ അനുസരിച്ച് പ്രവർത്തിക്കുന്നവരുണ്ടാവില്ല. എന്ത് പഠിപ്പിക്കുവാനാണോ വിശുദ്ധഖുർആൻ വന്നത് ജനങ്ങൾ അത് ഉപേക്ഷിച്ചുകൊണ്ട് സ്വേച്ഛയ്ക്ക് അടിപ്പെട്ടുകൊണ്ട് അവർ ജീവിക്കും. ഇങ്ങനെ ഒരവസ്ഥ സംജാതമാകുമ്പോൾ ഫാർസി വംശത്തിൽനിന്ന് ഒരു വ്യക്തി വരികയും അദ്ദേഹം മതത്തെ അതിന്റെ പ്രാരംഭഘട്ടത്തിലുള്ള അതേ അവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതുമാണ്. മതത്തിനും ഖുർആന്നും പുത്തനുണർവും നൽകുന്നതാണ്. സുരയ്യ നക്ഷത്രത്തിലേക്ക് ഉയർന്നുപോയ ഈമാനിനെ അദ്ദേഹം ലോകത്ത് വീണ്ടും പ്രചരിപ്പിക്കുന്നതാണ്. "***ലൗ കാനൽ ഈമാനു മുഅല്ലഖൻ ഇൻദസ്സുരയ്യാ ലനാലഹൂ റജുലുൻമിൻ ഹാഉലാഇ***" (*അയ് അബ്നാഉൽ ഫാരിസി*)

ചുരുക്കത്തിൽ വിശുദ്ധഖുർആനിൽനിന്നും തിരുനബി(സ.അ)യുടെ ഹദീസികളിൽനിന്നും ഈ ഉമ്മത്തിൽ അവസാന കാലഘട്ടത്തിൽ ഒരു ഖലീഫയുടെ ആഗമനമുണ്ടാകുമെന്ന് സുതരാം വ്യക്തമാകുന്നു. അദ്ദേഹത്തിനുണ്ടാകുന്ന അടയാളങ്ങളും തെളിവുകളും വിവരിക്കുക കൂടി ചെയ്തിട്ടുമുണ്ട്. നമ്മുടെ വാദം വാഗ്ദത്ത മസീഹ് (മസീഹ് മൗഊദ്) ആണെന്നാണ്. അതുകൊണ്ട് അല്ലാഹുവിനേയും അവന്റെ റസൂലിനേയും സ്നേഹിക്കുകയും തങ്ങളുടെ ഈമാനിനെ സംരക്ഷിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയും നമ്മുടെ ഈ വാദം സത്യമാണോ കളവാണോ എന്ന് ഗൗരവമായി ചിന്തിക്കേണ്ടത് നിർബന്ധമാണ്. അല്ലാഹുവിൽനിന്നും വരുന്നവരോടൊപ്പം ദൈവികഅടയാളങ്ങൾ ഉണ്ടാകും. വെറും നാവുകൊണ്ടുള്ള വാദം ഒരു തെളിവല്ല.

നമ്മുടെ വരവിനെക്കുറിച്ച് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ള അടയാളങ്ങളിൽ ഒന്ന്, ഒട്ടകസവാരി ഉപേക്ഷിക്കപ്പെടും എന്നതുമാണ്. ഈ വിഷയത്തെ വിശുദ്ധഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്. '***വ ഇദൽ ഇശാറുഉത്ത്വിലത്ത്***' (അത്തക്‌വീർ:5) തിരുനബി(സ.അ)യുടെ ഹദീസിൽ ഇപ്രകാരം ഈ വിഷയം വിവരിക്കുന്നു. ***വലയുത്റകുന്നൽ ഖിലാസു ഫലാ യുസ്ആ അലൈഹാ.***

1300 വർഷം മുമ്പേ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞ ഈ പ്രവചനം ഇക്കാലത്ത് ഉജ്ജ്വല പ്രൗഢിയോടും പ്രതാപത്തോടും കൂടി പുലർന്നുകൊണ്ട് അത് പറഞ്ഞവരുടെ മഹത്വത്തെ പ്രകടമാക്കിയിരിക്കുകയാണ്. നോക്കൂ! ഈ പ്രവചനം പുലരുന്നതിനുള്ള എന്തെന്തെല്ലാം സൗകര്യങ്ങളാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഹിജാസിൽ റെയിൽവേ തയ്യാറായിക്കഴിഞ്ഞാൽ മക്കയിലും മദീനയിലും പോലും ഒട്ടകസവാരിക്ക് പകരം റെയിൽ സവാരിയായിരിക്കും ഉണ്ടാവുക. അങ്ങനെ ഒട്ടകങ്ങൾ ഉപയോഗശൂന്യമായിത്തീരുന്നതാണ്.

ഇവിടെ ഒരു പ്രശ്നം ഉന്നയിച്ചേക്കാം. ഈ പ്രവചനം വാഗ്ദത്ത മസീഹ് എന്ന വാക്കുമായി എങ്ങനെ

ബന്ധപ്പെട്ടിരിക്കുന്നു. കാരണം വിശുദ്ധഖുർആനിൽ വാഗ്ദത്ത മസീഹ് എന്ന പേര് വന്നിട്ടില്ലല്ലോ? ഇതിനുള്ള മറുപടി നമ്മുടെ വാദം ഖാത്തമുൽ ഖുലഫാഅ് ആണെന്നാണ്. ഖാത്തമുൽ ഖുലഫാഅ് ഖിയാമത്തിന്റെ അടുത്തുവരും എന്ന വാഗ്ദാനം വിശുദ്ധഖുർആനിൽ ഉള്ളതാണ്. ഇതുകൂടാതെ ഹദീസുകളിൽ വരും എന്ന് പ്രവചിക്കപ്പെട്ട വാഗ്ദത്ത മസീഹെന്ന പേരുണ്ടെന്നും അല്ലാഹു നമുക്ക് ദിവ്യവെളിപാട് മുഖേന പലവുരു അറിയിച്ചുതന്നിട്ടുള്ളതുമാണ്. ഹദീസുകൾക്ക് യാതൊരു വിലയും കല്പിക്കാതെ അത് തള്ളിക്കളയുന്നവർ മുഅ്മിനല്ല. കാരണം ഹദീസുകളുടെ സഹായമില്ലാതെ ഇസ്‌ലാമിന്റെ വലിയൊരു ഭാഗം അപൂർണ്ണമായി നിലനിൽക്കും. എനിക്ക് ഹദീസുകളുടെ ആവശ്യമില്ലെന്ന് പറയുന്നവൻ ഒരിക്കലും മുഅ്മിനല്ല. അങ്ങനെയുള്ളവർ ഒരു നാളിൽ ഖുർആനേയും ഉപേക്ഷിക്കുന്നതായിരിക്കും.

ഇനി, മസീഹ് മൗഊദിനെക്കുറിച്ച് വിശുദ്ധഖുർആനിലും ഹദീസിലും പരാമർശമില്ലെന്നിരിക്കട്ടെ. എന്നിരുന്നാലും ഒരു സത്യവാദി തന്റെ അടയാളങ്ങളാൽ തിരിച്ചറിയപ്പെടുന്നതാണ്. നോക്കൂ! ഹസ്റത്ത് മൂസ (അ)യെക്കുറിച്ച് മുമ്പുള്ള ഏതു ഗ്രന്ഥത്തിലാണ് പ്രവചനം ഉണ്ടായിരുന്നത്? ഹസ്റത്ത് മൂസാനബിയെക്കുറിച്ച് ഇന്ന ഗ്രന്ഥത്തിൽ പ്രവചനമുണ്ടായിരുന്നെന്ന് ആർക്കെങ്കിലും പറഞ്ഞുതരാൻ കഴിയുമോ? പിന്നെങ്ങനെ അദ്ദേഹം പ്രവാചകനായി അംഗീകരിക്കപ്പെട്ടു. അതുകൊണ്ട് സത്യത്തെ തിരിച്ചറിയുവാനുള്ള മാനദണ്ഡം അല്ലാഹുവിന്റെ നവംനവങ്ങളായ സാക്ഷ്യങ്ങളാണെന്ന് ഇതിൽനിന്നും മനസ്സിലാക്കേണ്ടതാണ്. തെളിവ് കൂടെയില്ലാത്ത വെറുംവാദം സത്യം തിരിച്ചറിയുവാനുള്ള മാനദണ്ഡമല്ല. വാദത്തിനൊപ്പം ദൈവികസാക്ഷ്യമില്ലെങ്കിൽ അത് കളവാണ്. കള്ളവാദി അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാകുന്നതാണ്. അല്ലാഹു സ്വയംതന്നെ അവനെ നശിപ്പിക്കുന്നതുമാണ്. അവൻ അവർക്ക് ദീർഘസമയം നൽകാറില്ല. കാരണം അവർ അല്ലാഹുവിൽ കറ്റുകെട്ടിപ്പറയുന്നവരും സത്യവും അസത്യവും തിരിച്ചറിയുന്നതിന് തടസ്സം നിൽക്കുകയും ചെയ്യുന്നു.

ഞാൻ പുതിയതായി യാതൊന്നും കൊണ്ടുവന്നിട്ടില്ല. പുതിയ ശരീഅത്തും ഉണ്ടാക്കിയിട്ടില്ല. ഹസ്റത്ത് മുഹമ്മദ്(സ.അ) കൊണ്ടുവന്ന അതേ ശരീഅത്തിനെ സേവിക്കുവാനും അതിനെ തജ്ദീദ് ചെയ്യാനുമാണ് ഞാൻ വന്നിരിക്കുന്നത്. പ്രവാചകന്മാരുടെ സത്യതയ്ക്കുള്ള അതേ തെളിവുകൾ തന്നെയാണ് എന്റെ സത്യതയ്ക്കുള്ള തെളിവുകളും. എന്റെ ഗ്രന്ഥങ്ങളിൽ ഞാനത് എഴുതിയിട്ടുള്ളതാണ്. 'ഹഖീഖത്തുൽ വഹ്‌യ്' എന്ന എന്റെ ഗ്രന്ഥം ഒന്ന് പാരായണം ചെയ്തുനോക്കൂ. എന്റെ സത്യതയ്ക്ക് വേണ്ടി എന്തുമാത്രം തെളിവുകളാണ് അല്ലാഹു വെളിപ്പെടുത്തിയതെന്ന് കാണുക. ഒരു കള്ളവാദിക്കായി ഇങ്ങനെ തെളിവുകൾ കാണിക്കാറുണ്ടോ? ചിന്തിക്കുക.

ചില പ്രവാചകന്മാർ, ഒരേയൊരു മുഅ്ജിസത്ത് കൊണ്ടുമാത്രം പ്രവാചകനായി അംഗീകരിക്കപ്പെട്ടുന്നു. എന്നാൽ ഇവിടെ ആയിരക്കണക്കിന് അടയാളങ്ങളുണ്ട്. നാം പുതിയ വല്ല മതവും കൊണ്ടുവരികയോ, അല്ലാഹുവിന്റെ ഗ്രന്ഥത്തിനെതിരിൽ പുതിയ വല്ല കല്പനയും പടച്ചുണ്ടാക്കുകയോ ചുരുങ്ങിയപക്ഷം തിരുസുന്നത്തിൽ വല്ല ഏറ്റക്കുറച്ചിലും വരുത്തുകയോ, അതിനെ ദുർബ്ബലപ്പെടുത്തുകയോ, നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് തുടങ്ങിയ കാര്യങ്ങളിൽ വല്ല മാറ്റമോ തിരുത്തലോ വരുത്തുകയോ ചെയ്തിരുന്നുവെങ്കിൽ സംശയിക്കാൻ അല്പമെങ്കിലും പഴുതുണ്ടായിരുന്നേനെ. മറിച്ച്, തിരുനബി(സ.അ)യുടെ ശരീഅത്തിൽ അല്പമെങ്കിലും മാറ്റത്തിരുത്തലുകൾ വരുത്തുന്നവൻ കാഫിറാണെന്നാണ് നമ്മുടെ വാദം. തിരുനബി(സ.അ)യെ പിൻപറ്റുന്നതിൽനിന്ന് വ്യതിചലിക്കുന്നവൻ കാഫിറെന്ന് നാം പറയുമ്പോൾ പുതിയ ശരീഅത്തുമായാണ് താൻ വന്നിരിക്കുന്നതെന്ന് ആരെങ്കിലും പറയുകയോ ഖുർആനിലും സുന്നത്തിലും താൻ മാറ്റത്തിരുത്തലുകൾ വരുത്തിയിരിക്കുന്നുവെന്ന് വാദിക്കുകയോ, ചുരുങ്ങിയപക്ഷം അതിനെ ദുർബ്ബലപ്പെടുത്തിയിരിക്കുന്നെന്ന് അവകാശവാദം ഉന്നയിക്കുകയോ ചെയ്യുകയാണെങ്കിൽ അയാളെക്കുറിച്ചുള്ള ഞങ്ങളുടെ കാഴ്ച്ചപാട് എന്തായിരിക്കുമെന്ന് ചിന്തിച്ചാൽ മാത്രംമതി. വിശുദ്ധഖുർആനെ നിഷ്കളങ്കമായി പിൻപറ്റുകയും, അതിനെ ഖാത്തമുൽ കുത്തുബായി അംഗീകരിക്കുകയും തിരുനബി(സ.അ) കൊണ്ടുവന്ന ശരീഅത്ത് അവസാനംവരെ നിലനിൽക്കുന്നതാണെന്ന് അംഗീകരിക്കുകയും അതിൽ അണുമണിത്തൂക്കം മാറ്റം വരുത്താതിരിക്കുകയും അതിനെ പിൻപറ്റുന്നതിൽ തങ്ങളെ പൂർണ്ണമായും ലയിപ്പിക്കുകയും തന്റെ അസ്തിത്വത്തിന്റെ സർവ്വതും അതിന്റെ മാർഗ്ഗത്തിൽതന്നെ ചരിപ്പിക്കുകയും, കർമ്മപരമായും വൈജ്ഞാനികപരമായും ശരീഅത്തിനെതിരിൽ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന ആളാണ് ഞങ്ങളുടെ പക്കൽ യഥാർത്ഥ മുസ്‌ലിം. എന്നാൽ എനിക്ക് ലഭിക്കുന്ന ദൈവികഭാഷണം കാരണമായി നാം പുതിയ ശരീഅത്തീ നുബൂവ്വത്തിന്റെ വാദക്കാരനാണെന്ന് തെറ്റിദ്ധരിക്കരുത്. ദൈവികഭാഷണത്തിന്റെ ആധിക്യം കാരണമായാണ് നബി എന്ന് പറയപ്പെടുന്നത്. എന്റെ ഈ വാക്കുകൾ കേൾക്കുന്നവരിൽ അറബിഭാഷയോ ഇബ്റാനീഭാഷയോ അറിയുന്ന പണ്ഡിതന്മാരുണ്ടെങ്കിൽ 'നബഅ' എന്ന പദത്തിൽനിന്നാണ് 'നബി' എന്ന പദം ഉണ്ടായിട്ടുള്ളതെന്ന് അവർക്കറിയാവുന്നതായിരിക്കും. വാർത്തകൾ നൽകുന്നവൻ എന്നാണ് നബി എന്ന പദത്തിന്നർത്ഥം. ഭാവിയിൽ പുലരാൻ പോകുന്ന കാര്യങ്ങൾ അല്ലാഹുവിൽനിന്നും അറിഞ്ഞ് അത് പ്രവചനരൂപേണ ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുന്ന ആൾക്കാണ് ഇസ്‌ലാമിക സാങ്കേതികപദത്തിൽ നബി എന്ന് പറയുന്നത്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. "***അംബിഊനീ ബിഅസ്മാഇ ഹാഉലാഇ***"(*2:32*) ഇവരുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരിക) യഥാർത്ഥത്തിൽ ഞങ്ങളുടെയും അവരുടേയും ഇടയിലുള്ള തർക്കം പദങ്ങളെ മനസ്സിലാക്കാത്തതുകൊണ്ടുണ്ടായത് മാത്രമാണ്. (*മൽഫൂസാത്ത്, വാള്യം-5, പേ:550-555*) ●

ലേഖനം

ഇബ്നു. എസ്. ഹമീദ്

# ജൽസാസാലാന 2005

## തേനൂറുന്ന ഓർമ്മകൾ

**പ**തിവിൽനിന്നും ഏറെ വ്യത്യസ്തമായാണ് ഇത്തവണ ഖാദിയാൻ ജൽസക്കെത്തിയത്. എത്രയുംവേഗം ഖാദിയാനിലെത്തണമെന്ന അതിയായ ആഗ്രഹം. ഒരുവേള വീടും നാടുമൊക്കെ മറന്നുപോയ അന്തരീക്ഷത്തിലേക്ക് ഉച്ചയോടെയാണ് എത്തിയത്. ളുഹർ-അസ്ർ നമസ്കാരങ്ങൾക്ക് അഖ്സയിൽ എത്തി. നമസ്കാരം ആരംഭിച്ചിട്ടുണ്ടായിരുന്നു. അന്നേവരെ ടിവിയിൽ മാത്രം കേട്ടുപരിചയമുണ്ടായിരുന്ന ശബ്ദം തന്റെ മൂന്നുനാല് സഫ്ഫുകൾക്കു മുന്നിൽ നിന്നാണ് വരുന്നതെന്ന് വിശ്വസിക്കാൻ ഏറെ പാടുപെടേണ്ടിവന്നു. നമ്മുടെ പ്രിയങ്കരനായ ഹുസൂറിന്റെ മധുരശബ്ദമായിരുന്നു. നമസ്കാരം കഴിഞ്ഞതും കണ്ണുംകൂർപ്പിച്ച് മിഅ്റാബിലേക്ക് നോക്കിയിരുന്നു. ഹുസൂർ കൈയുയർത്തി എല്ലാവർക്കും '***അസ്സലാമു അലൈക്കും***' പറഞ്ഞ് നടന്നകന്നു. ടിവിയിൽ നിത്യേന കാണുന്ന രൂപമല്ലായിരുന്നു അത്. മറിച്ച് കണ്ണുകളെ വിസ്മയാവഹമാക്കിയ, മഞ്ഞളിപ്പിച്ച ഒരു അത്ഭുതപ്രകാശമായാണ് അനുഭവപ്പെട്ടത്.



എന്റെ ഓർമ്മകൾ പിന്നിലേക്ക് നീങ്ങി. 1991-ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ആഗമനം സ്മൃതിപഥത്തിലെത്തി. ഒരു നീണ്ടനിര ഹുസൂറിനെ ഹസ്തദാനം ചെയ്ത് സ്വീകരിക്കാൻ അന്ന് അഹ്മദിയ്യാ മൊഹല്ലയിൽ നിന്നിരുന്നു. എന്റെ ഊഴമെത്തിയപ്പോൾ ഞാൻ ആ പുണ്യകരങ്ങൾ പിടിച്ചുമ്മവെച്ച് സലാം പറഞ്ഞു. പക്ഷേ, ആ പൂമുഖം എനിക്ക് വ്യക്തമായില്ല. അത്രമാത്രം പ്രകാശിതമായിരുന്നു ആ വദനം.

അതിനുശേഷം അതേ അനുഭവമാണ് ഹുസൂറിനെ കണ്ടപ്പോഴും ഉണ്ടായത്. മുലാഖാത്തിന് പലതവണ പേരുകൊടുത്തു. അങ്ങനെ ഡിസംബർ 30-ന് രാവിലത്തെ ഗ്രൂപ്പിൽ എന്റേയും കുടുംബത്തിന്റേയും മുലാഖാത്തിനുള്ള പേര് വന്നു. പക്ഷേ, 29-ന് വൈകീട്ട് വന്ന അറിയിപ്പ് മറ്റൊന്നായിരുന്നു. 30 മുതൽ ഓപ്പൺ മുലാഖാത്ത്. ഹുസൂറിനെ അഖ്സയിൽ പോയി ആർക്കും കാണാം. പക്ഷേ, അതൊരു നീണ്ട ക്യൂ ആയിരുന്നു. മണിക്കൂറുകൾ നീണ്ട ക്യൂ. തങ്ങളുടെ വന്ദ്യഇമാമിന്റെ തിരുകരം സ്പർശിച്ച് ഉമ്മവെച്ച് സലാം പറയാൻ വെമ്പൽകൊള്ളുന്ന അനുയായിവൃന്ദത്തിന്റെ നീണ്ടനിര. അത് രണ്ടാം തിയ്യതിവരേയും നീണ്ടു. വ്യത്യസ്ത സമയങ്ങളിലായി അനുവദിക്കപ്പെട്ടിരുന്നു. ദിവസത്തിൽ രണ്ടര രണ്ടര മണിക്കൂർ സ്ത്രീകളുമായുള്ള മുലാഖാത്താണ്. അവർ ഹുസൂറിന്റടുത്ത് പോയി സലാം പറയുന്നു. സ്ത്രീകൾക്ക് ഹസ്തദാനം ചെയ്യാറില്ല. അത് നബി(സ) വിലക്കിയതാണ്.

എല്ലാ ദിവസവും ഹുസൂർ വൈകീട്ട് 4.30-ന് ബഹിശ്തി മഖ്ബറയിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മഖ്ബറയിൽ ദുആയ്ക്ക് പോയിരുന്നു. റോഡിനിരുവശത്തും ആയിരങ്ങളാണ് ഓരോ ദിവസവും തങ്ങളുടെ പ്രിയഇമാമിനെ ഒരു നോക്കുകാണാൻ തിങ്ങികൂടിയിട്ടുണ്ടായിരുന്നത്. അതിനിടയിൽ കുട്ടികൾ 'അസ്സലാമു അലൈക്കും ഹുസൂർ' എന്ന് ഉറക്കെ വിളിച്ചുപറയുന്നത് കേൾക്കാമായിരുന്നു.

ജൽസയിൽ ഹുസൂർ മൂന്നുദിവസവും പങ്കെടുത്തു. പ്രഭാഷണത്തിനുശേഷം നീണ്ട ഇജ്തിമാഈ ദുആക്ക് ഹുസൂർ നേതൃത്വം നൽകി. വിങ്ങിപ്പൊട്ടുന്ന ഹൃത്തടങ്ങൾ തങ്ങളുടെ പ്രിയനേതാവിനോടൊപ്പം- അമീറുൽ മുഅ്മിനീനോടൊപ്പം- ദുആയിൽ ഭാഗഭാക്കായി.

ഹുസൂർ ഖാദിയാനിലെ ഓരോ മുക്കിലും മൂലയിലും എത്തി. ഓരോ ഭവനത്തിലും കയറി. ഓരോരുത്തരുടേയും സുഖദുഃഖങ്ങളിൽ ഭാഗഭാക്കായി. ജനങ്ങളുടെ പ്രശ്നങ്ങളറിയാൻ നാട്ടിലൂടെ, വീടുകളിലൂടെ കയറിയിറങ്ങിയ, ഇസ്ലാമിന്റെ ആദ്യപർവത്തിലെ ഖുലഫാഉർറാശിദീംകളെയാണ് ഓർത്തുപോയത്. രാത്രിയിൽ സകലരും സുഷുപ്തിയിൽ പ്രവേശിക്കുമ്പോഴും ഹുസൂർ തന്റെ ഓഫീസിൽ പ്രവർത്തനസജ്ജനായിരുന്നു. ജനങ്ങൾ ഉറക്കമുണരുന്നതിനും എത്രയോ നേരത്തെ ഉണർന്ന് അല്ലാഹുവിന്റെ തിരുസവിധത്തിൽ അനുയായികളുടെ, ലോകത്തിന്റെ, ഇസ്ലാമിന്റെ ക്ഷേമത്തിന്നായി കരഞ്ഞുകരഞ്ഞ് ദുആയിൽ നിമഗ്നനാവുന്നതും ഹുസൂറിന്റെ നിത്യശീലമാണ്. ജനങ്ങൾ സ്നേഹിക്കുന്ന ജനങ്ങളെ സ്നേഹിക്കുന്ന നേതൃത്വം ലഭിച്ച നാം എത്രമേൽ അനുഗൃഹീതരല്ല!

ജനുവരി 11-ന് കിട്ടിയ ഈദാഘോഷമാണ് മറ്റൊരു സുവർണാവസരം. ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധിക്കൊപ്പം ഈദാഘോഷം. അതിനേക്കാൾ വലിയ

ഈദ് മറ്റെന്താണ്? അതിലും വലിയ സന്തോഷം എവിടെ കിട്ടും?

മൂന്നാം തിയ്യതിയാണ് എനിക്കും കുടുംബത്തിനും മുലാഖാത്ത് കിട്ടിയത്. ഓഫീസിൽവെച്ചായിരുന്നു മുലാഖാത്ത് സുസ്മേരവദനനായിരിക്കുന്ന ഹുസൂറിന്റെ സവിധത്തിലേക്ക് ഞാനും കുടുംബവും നടന്നടുത്തു. ഹുസൂർ എഴുന്നേറ്റ് സലാം പറഞ്ഞു. ആ തിരുകരങ്ങൾ ഗ്രഹിച്ച് ഉമ്മവെച്ച് ഞാൻ സലാം പറഞ്ഞു. അറിയാതെ, കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. വാസ്തവം പറഞ്ഞാൽ നേരെ മുന്നിൽ എനിക്ക് കാണാനായിമാത്രം കിട്ടിയ ആ അസുലഭ നിമിഷത്തിലും എനിക്ക് ഹുസൂറിന്റെ മുഖം ദർശിക്കാൻ കഴിഞ്ഞില്ല. ഒരത്ഭുതപ്രകാശമായിരുന്നു എനിക്ക് കാണാൻ കഴിഞ്ഞത്. എനിക്ക് മാത്രമല്ല, ഹുസൂറിനെ കാണാൻ കഴിഞ്ഞ ഏറെപ്പേർക്കും പറയാനുണ്ടായിരുന്നത് എന്റെ കഥ തന്നെയാണെന്നതാണ് വാസ്തവം.

ഹുസൂർ ജമാഅത്തിന്റെ വിവിധ ഭാരവാഹികളുമായി മുലാഖാത്ത് ചെയ്തു. ഒരു ദിവസത്തെ മുലാഖാത്തിൽ എനിക്കും അവസരം കിട്ടി. ഉത്തരവാദിത്തങ്ങളും കടമകളും കർത്തവ്യങ്ങളും ഹുസൂർ ഉണർത്തി.

ഖാദിയാനിൽ ഹുസൂറുമായി കൂടിക്കാഴ്ച നടത്തിയ ആയിരങ്ങൾക്ക് ഫ്രീയായി ഫോട്ടോയും കൊടുത്തിരുന്നു. അതേ, ഹുസൂറുമായുള്ള മുലാഖാത്തിന്റെ ഫോട്ടോ! ഒരു ധന്യനിമിഷത്തിന്റെ ഓർമ്മയിൽ എന്നെന്നും സൂക്ഷിച്ചുവെക്കാൻ. തന്നെ കാണാൻ വരുന്ന പലർക്കും മോതിരങ്ങളും പേനയും ഹുസൂർ തിരുമനസ്സ് സമ്മാനിച്ചിരുന്ന കാര്യവും പ്രത്യേകം സ്മർത്തവ്യമാണ്.

ഒരു ദിവസം ഖാദിയാനിലെ ഒരു ഹിന്ദുസഹോദരന്റെ കടയിൽ പോയപ്പോൾ അയാൾ ഹുസൂറിനെ രണ്ടുവട്ടം കണ്ടെന്നും, ആദ്യകൂടിക്കാഴ്ചയിൽ മതിവരാഞ്ഞാണ് പിറ്റേന്ന് പോയതെന്നും പറഞ്ഞു. അയാൾ അത്തരം അനുഭവമുള്ള ആയിരത്തിലൊരു അമുസ്‌ലിം മാത്രമാണ്.

ഹുസൂറിന്റെ വരവ് പ്രമാണിച്ച് ഖാദിയാൻ എല്ലാ നിലക്കും ഒരുങ്ങിയിട്ടുണ്ടായിരുന്നു. ഖാദിയാനിലെ പള്ളികളും വീടുകളും നിരത്തുകളും വർണക്കടലാസുകൾകൊണ്ടും, ദീപാലങ്കാരങ്ങൾകൊണ്ടും അലംകൃതമായിരുന്നു. എങ്ങും ഒരു ഉത്സവപ്രതീതി. ഏക്കറുകണക്കിന് സ്ഥലത്ത് അതിഥികൾക്കുള്ള താമസസൗകര്യവും ഒരുക്കിയിട്ടുണ്ടായിരുന്നു.

ഒരു പത്രലേഖകന്റെ ഭാഷയിൽ പറഞ്ഞാൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തീയണയാത്ത ഊട്ടുപുരയുടെ ആറ് ശാഖകൾ ഇത്തവണ പ്രവർത്തിച്ചിരുന്നു. എഴുപതിനായിരം അതിഥികൾക്ക് ഈ ലങ്കർഖാനകളിലൂടെയാണ് ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്തിരുന്നത്.

ഇത്തവണത്തെ ജൽസക്ക് എല്ലാ സംസ്ഥാനത്തുനിന്നും നൂറുകണക്കിന് യുവവളണ്ടിയർമാർ സേവനസന്നദ്ധരായി നേരത്തെതന്നെ ഖാദിയാനിൽ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. കൂടാതെ പാക്കിസ്ഥാനികളും. ഈ വളണ്ടിയർമാരിൽ ഉന്നതസർക്കാർ ഉദ്യോഗസ്ഥന്മാരും വിദ്യാർത്ഥികളും അന്നന്നത്തെ അന്നം അന്നന്ന് സമ്പാദിക്കുന്നവരും ഉണ്ടായിരുന്നു.

ഖാദിയാന്റെ തെരുവീഥികളിൽ മുഴുവൻ 'അസ്സലാമു അലൈക്കും' എന്ന അഭിവാദനം കേൾക്കാമായിരുന്നു. പലപ്പോഴും പരിചയം പോലുമില്ലാത്ത അഹ്മദികൾ തമ്മിൽ ആലിംഗനം ചെയ്യുന്നതും, കുശലാന്വേഷണം നടത്തുന്നതും കാണുമ്പോൾ വർഷങ്ങളായി വേർപിരിഞ്ഞിരുന്ന കമിതാക്കൾ കണ്ടുമുട്ടുന്ന അനുഭവമായിരുന്നു. വർണ, വർഗ, ദേശ, ഭാഷ, വേഷ, ഭൂഷാദികൾക്കപ്പുറം 'ഉമ്മത്തെവാഹിദ'യുടെ പ്രതീകമായി, ഒത്തുചേർന്നവരിൽ ആഫ്രിക്കക്കാരും, യൂറോപ്യന്മാരും, അമേരിക്കക്കാരും, ദ്വീപുവാസികളും, അറബികളും, ആസ്ത്രേലിയക്കാരും, ഏഷ്യക്കാരും ഒക്കെ ഉണ്ടായിരുന്നു.

ഖാദിയാനിൽ രണ്ട് പ്രധാന കെട്ടിടങ്ങൾ ഉയർന്നിട്ടുണ്ട്. ഒന്ന് നൂർ ഹോസ്പിറ്റൽ. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ പാവനസ്മരണയ്ക്കുവേണ്ടിയാണ് 'നൂർ' എന്ന് പേര് വെച്ചിരിക്കുന്നത്. അത്യാധുനിക സജ്ജീകരണങ്ങളോടെ പ്രവർത്തനസജ്ജമായിക്കൊണ്ടിരിക്കുന്ന ഈ ആശുപത്രിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് ഹുസൂർ തിരുമനസ്സാണ്. അയ്യായിരം ചതുരശ്ര അടിയാണ് ഈ കെട്ടിടത്തിന്റെ ചുറ്റളവ്. ഇതിൽ 200 ബെഡ്ഡിനുള്ള സൗകര്യമുണ്ട്. കൂടാതെ നാല് സ്ഥിരം ഡോക്ടർമാർക്കുള്ള നാല് ക്വാർട്ടേർസും വിസിറ്റിംഗ് ഡോക്ടർമാർക്കുള്ള താമസസൗകര്യവും ഒരുക്കിയിട്ടുണ്ട്. വിദേശരാഷ്ട്രങ്ങളിൽ നിന്നും മറ്റും രണ്ടാഴ്ച മുതൽ ആറുമാസംവരെ സേവനതൽപരരായി എത്തുന്ന (വഖ്ഫെ ആർസി) അഹ്മദി ഡോക്ടർമാരെയാണ് 'വിസിറ്റിംഗ് ഡോക്ടർമാർ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 1991-ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ ഖാദിയാൻ സന്ദർശനവേളയിലാണ് ഈ ആശുപത്രിയുടെ പദ്ധതി വെച്ചത്. 1998 നവംബർ 8-ന് ഹുസൂർ(റഹ്)ന്റെ നിർദ്ദേശപ്രകാരം ചൗധരി അബ്ദുർറശീദ് സാഹിബ് (ആർക്കിടെക്റ്റ്) ഈ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. ഈ പ്രദേശത്തെ ഏറ്റവും വലിയ ആശുപത്രിയാണിത്.

മറ്റൊരു കെട്ടിടം 'സറായെ ത്വാഹിർ' ആണ്. ഹമീദുർ റഹ്മാൻ സാഹിബ് ഓഫ് ലാസ്ഏഞ്ചലസ് (നാഇബ് അമീർ അമേരിക്ക) സയ്യിദുശ്ശുഹദാഅ് ഹദ്റത്ത് സാഹിബ് സാദാ, അബ്ദുൽ ലത്തീഫ് സാഹിബ്(റ)ന്റേയും അഫ്ഗാനിലെ ത്യാഗധനരായ അഹ്മദികളുടേയും പാവനസ്മരണയ്ക്ക് ഖാദിയാനിൽ ഒരു അതിഥി മന്ദിരം പണിയാൻ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ൽനിന്ന് അനുവാദം വാങ്ങി. ഇതിനായി 2001-ൽ അദ്ദേഹം ദാറുൽ അൻവാർ മസ്ജിദിന് സമീപം രണ്ടര ഏക്കർ സ്ഥലം വാങ്ങുകയും ഇതിൽ പണിയുന്ന കെട്ടിടത്തിന്റെ ഡിസൈനിനും പണിയെടുപ്പിക്കുന്നതിനും അബ്ദുർ റശീദ് സാഹിബിനേയും ഹുസൂർ(റഹ്) അനുവദിക്കുകയുണ്ടായി.

കാലത്തിന്റെ ശബ്ദം

# യൂറോപ്പിന് താക്കീത്

ഡൻമാർക്കിലും മറ്റു യൂറോപ്യൻരാജ്യങ്ങളിലും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന തിരുനബി(സ)യെ നിന്ദ്യമായി ചിത്രീകരിക്കുന്ന കുപ്രസിദ്ധ കാർട്ടൂണിനെ പരാമർശിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാം ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു) പറയുന്നു:

''ഒരു മതത്തിന്റേയും പരിശുദ്ധരായ ആളുകളെക്കുറിച്ച് അനുചിതമായ ഒരുതരത്തിലുള്ള പരാമർശവും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ കൂട്ടത്തിൽ പെടുകയില്ല. ജനാധിപത്യത്തിന്റെയും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റേയും ചാമ്പ്യന്മാരായിക്കൊണ്ടാണ് പാശ്ചാത്യർ ഇന്ന് രംഗത്ത് വരുന്നത്. എന്നാൽ മറ്റുള്ളവരുടെ വികാരങ്ങളെ തൊട്ടുകളിക്കുന്നത് ജനാധിപത്യമോ ആവിഷ്ക്കാര സ്വാതന്ത്ര്യമോ അല്ല. സ്വാതന്ത്ര്യം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുകയും അവരെ വിഷമിപ്പിക്കുകയും ചെയ്യുക എന്നതല്ല. ഇതിനാണ് സ്വാതന്ത്ര്യം എന്ന് പറഞ്ഞ് പാശ്ചാത്യർ അഭിമാനിക്കുന്നതെങ്കിൽ ആ സ്വാതന്ത്ര്യം അഭിവൃദ്ധിയിലേക്കല്ല മറിച്ച്, അധഃപതനത്തിലേക്ക് കൊണ്ടുപോകുന്നതാണ്.''

''ഇപ്പോൾ ഇറ്റലിയിൽ ഒരു മന്ത്രി, ടീഷർട്ടിൽ ആ നിന്ദ്യവും വൃത്തികെട്ടതുമായ കാർട്ടൂൺ പ്രിന്റ് ചെയ്ത് അണിയാൻ തുടങ്ങിയിരിക്കുന്നു. മറ്റുള്ളവരെ അത് അണിയാൻ പ്രേരിപ്പിക്കുകയും അതിന്റെ വില്പന നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, ഒരു കാര്യം അവർ മനസ്സിലാക്കണം. ഇത്തരം പ്രവർത്തനങ്ങൾ തീർച്ചയായും ദൈവകോപം ജ്വലിപ്പിക്കാനുള്ള മാർഗ്ഗമായിത്തീരുന്നു. എന്തായാലും ഒരു പ്രാവശ്യം വിഡ്ഢിത്തം സംഭവിച്ചുപോയി. പക്ഷേ, അത് നിരന്തരം ചെയ്യുകയും അതിനെ പ്രചരിപ്പിച്ചുകൊണ്ടിരിക്കലും ദൈവകോപത്തെ ജ്വലിപ്പിക്കുകതന്നെ ചെയ്യുന്നതാണ്.''

അദ്ദേഹം തുടരുന്നു. ''മറ്റു മുസ്ലിംകളുടെ പ്രതികരണം എന്തുമായിരിക്കട്ടെ. എന്നാൽ ഒരു അഹ്മദി മുസ്ലിമിന്റെ പ്രതികരണം ഈ നീചപ്രവൃത്തി ചെയ്യുന്നവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും അല്ലാഹുവിന്റെ കോപത്തെ തൊട്ട് ഭയപ്പെടുത്തുകയും ചെയ്യുക എന്നതാണ്. നബി(സ) തിരുമേനിയുടെ മനോഹരമായ ചിത്രം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുക. സർവ്വശക്തനും എല്ലാ കഴിവുകളുടേയും അധിപതിയുമായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവനോട് സഹായം തേടുകയും ചെയ്യുക. എന്നാൽ, ഇവർ ശിക്ഷയിലേക്കുതന്നെയാണ് മുന്നേറുന്നതെങ്കിൽ, തന്റെ പ്രിയപ്പെട്ടവർക്കായി അഭിമാനംകൊള്ളുന്ന അല്ലാഹു കോപത്തോടെ പ്രത്യക്ഷപ്പെടാൻ കഴിവുള്ളവനാണ്. അവൻ സകലശക്തിയുടേയും അധികാരിയാണ്. അവൻ മനുഷ്യനിർമ്മിതമായ നിയമങ്ങൾക്ക് വിധേയനല്ല. അവൻ സർവ്വശക്തനാണ്. അവന്റെ ആട്ടുകല്ല് പ്രവർത്തിക്കാൻ തുങ്ങിയാൽ മനുഷ്യന് അതിന്റെ പ്രവർത്തനത്തെക്കുറിച്ച് ഊഹിക്കാൻപോലും പറ്റുകയില്ല. അതിൽനിന്ന് ആർക്കും രക്ഷപ്പെടാനും സാദ്ധ്യമല്ല. പാശ്ചാത്യദേശ

---

ഹുസൂർ(റഹ്)ന്റെ നിർദ്ദേശപ്രകാരം 2002 സെപ്തംബർ 21-ന് നാസിർഅത്ത്ലാ ഹസ്റത്ത് മിർസാ വസീം അഹ്മദ് സാഹിബാണ് ഇതിന്റെ ശിലാസ്ഥാപനം നിർവഹിച്ചത്.

ഈ കെട്ടിടം 'ഗ്രൗണ്ട്ഫ്ളോർ' അടക്കം മൂന്ന് നിലയാണ്. 50 റൂമുകൾക്ക് പുറമേ രണ്ട് വലിയ ഹാളുകളും ഒരു ചെറിയ ഹാളും ഉണ്ട്. ഇതിൽ രണ്ടായിരം ആളുകൾക്ക് ഇരിക്കാവുന്നതാണ്. ഭൂനിരപ്പിലുള്ള നിലയിൽ 2000-ൽ അധികം പേർക്ക് സമ്മേളിക്കാവുന്ന മുറ്റവും ഉണ്ട്. മൊത്തം 83,000 ചതുരശ്ര അടിയാണ് വിസ്തീർണ്ണം. നാലരകോടി രൂപയാണ് ഇതിനുള്ള ചിലവ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) ആണ് 'സറായെ ത്വാഹിർ' എന്ന പേര് വെച്ചത്. ഇതിന്റെ മുഴുവൻ ചിലവും ഡോ. ഹാമിദുർ റഹ്മാൻ സാഹിബ് സ്വയംതന്നെയാണ് വഹിച്ചിരിക്കുന്നത്. ഹുസൂർ ഉദ്ഘാടനം നിർവ്വഹിച്ചു.

ഖാദിയാനിലെ വിവിധ കെട്ടിടങ്ങളും സ്ഥലങ്ങളും ഹുസൂറിന്റെ വരവ് പ്രമാണിച്ച് പ്രത്യേകം ഭംഗിയാക്കിയിരുന്നു.

ബൈത്തുദുആയിൽ ദുആ ചെയ്യാൻ കാത്തിരിക്കുന്നവരുടെ നീണ്ട ക്യൂ പുലരുവോളം തുടർന്നിരുന്നു. മറ്റ് പരിശുദ്ധസ്ഥലങ്ങളിലും അതിഥികൾ സന്ദർശിച്ചുകൊണ്ടിരുന്നു.

15-ാം തിയ്യതി ളുഹർ, അസ്ർ നമസ്കാരങ്ങൾക്കുശേഷം ഹുസൂർ തിരുമനസ് ബഹിശ്തി മഖ്ബറയിൽ ദുആ ചെയ്തു. (ഖാദിയാനിൽ എത്തുമ്പോഴും ആദ്യം ഇവിടെ ദുആ ചെയ്തിരുന്നു.) ശേഷം നൂറുകണക്കിന് അനുയായികൾക്കിടയിലൂടെ ഹുസൂർ നടന്നുനീങ്ങി. പിന്നീട് നടന്ന കൂട്ടപ്രാർത്ഥനക്കുശേഷം അനേകം വാഹനങ്ങളുടെ അകമ്പടിയോടെ ഹുസൂർ ഖാദിയാനിൽനിന്നും യാത്രയായി.

ത്തുള്ള ചിലരുടെ ഈ നടപ്പ് കാണുമ്പോൾ അഹ്മദി കൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൂടുതൽ കുനി യേണ്ടതാണ്. കാരണം അല്ലാഹുവിന്റെ മസീഹ് യൂറോ പ്പിനും അമേരിക്കയ്ക്കും മുന്നറിയിപ്പ് നൽകിയിരിക്കു ന്നു. ലോകത്ത് വന്നുകൊണ്ടിരിക്കുന്ന ഈ ഭൂകമ്പവും ഈ കൊടുങ്കാറ്റും ഈ വിപത്തുകളും ഏഷ്യക്ക് വേണ്ടിമാത്രം നിശ്ചയിട്ടുള്ളതല്ല. അമേരിക്ക അതിന്റെ ഒരു മിന്നലാട്ടം കണ്ടുകഴിഞ്ഞു. അല്ലയോ യൂറോപ്പേ! നീയും രക്ഷയിലല്ല. അതുകൊണ്ട് ദൈവത്തെ ഭയ പ്പെടുക. അല്ലാഹുവിന്റെ അഭിമാനത്തെ ശുണ്ഠി പിടി പ്പിക്കാതിരിക്കുക." (*ഖുത്ബ ജുമുഅഃ 17.2.2006*)

അല്ലാഹുവിന്റെ മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 1907-ൽ യൂറോപ്പിനേയും താക്കീത് ചെയ്തുകൊണ്ടെഴുതിയ വാക്കുകൾ ചുവടെ ചേർക്കുന്നു.

"മനുഷ്യനുണ്ടായ നാൾ തുടങ്ങി നാളിതുവരെ സംഭവിച്ചിട്ടില്ലാത്തവിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥല ങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസം ഉണ്ടാ യിട്ടില്ലെന്ന് തോന്നുമാറുള്ളതരത്തിൽ അടിമേൽ മറി ഞ്ഞുപോകും. ഇതോടുകൂടി ഭൂമിയിലും ആകാശ ത്തിലും ഭയങ്കരരൂപ്പത്തിലുള്ള മറ്റുപല നാശങ്ങളും സംഭവിക്കും. ഇങ്ങേയറ്റം ബുദ്ധിയുള്ളവരുടെ ദൃഷ്ടി യിൽ ഈ സംഗതികൾ എത്രയും അസാധാരണ മായവയായിത്തീരും. അവയെ സംബന്ധിച്ച് യാതൊന്നും പ്രകൃതിശാസ്ത്രത്തിന്റെയോ തത്വജ്ഞാ നത്തിന്റേയോ ഗ്രന്ഥങ്ങളിലെ ഏടുകൾ പരിശോധി ച്ചാൽ കാണപ്പെടുകയില്ല. അപ്പോൾ സംഭവിക്കാൻ പോകുന്നതെന്തായിരിക്കുമെന്ന്വച്ച് മനുഷ്യർ വല്ലാതെ പരിഭ്രമിക്കും. ആ നാളുകൾ അടുത്തടുത്തുവരുന്നു. അല്ലാ, അവ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞിരിക്കു ന്നു. ഒരു മഹാപ്രളയ (ഖിയാമ)ത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല, ഭയങ്കരങ്ങളായ മറ്റു വിപത്തുകളും ആകാശത്തിൽനിന്നും ഭൂമിയിൽ നിന്നും വെളിപെടും. ഇതെല്ലാം സംഭവിക്കുന്നത് മനു ഷ്യൻ ദൈവത്തെ മറന്ന് ഭക്തിമാർഗ്ഗത്തെ ഉപേക്ഷി ക്കുകയും അവർ മുഴുമനസ്സാലെ ലൗകീകത്തിൽ തന്നെ പതിക്കുകയും ചെയ്തതിനാലത്രെ. ഞാൻ വന്നി ട്ടില്ലായിരുന്നെങ്കിൽ ഈ വിപത്തുകൾ പുറകോട്ട് മാറ്റി വെക്കപ്പെടുമായിരുന്നു. എന്റെ വരവോടുകൂടി ദൈവ ക്രോധത്തിന്റെ ആ ഗോപ്യമായ ഒരുക്കങ്ങൾ- അവ ദീർഘകാലമായിട്ട് ഗോപ്യമായിരുന്നു- വെളിപെടുക തന്നെ ചെയ്തു. എന്തെന്നാൽ "നാം ഒരു പ്രവാച കനെ എഴുന്നേൽപ്പിച്ചല്ലാതെ (ഒരു ജനതയേയും) ശിക്ഷിക്കുകയില്ല." എന്ന് ദൈവം ഖുർആനിൽ (7:15) പറഞ്ഞിരിക്കുന്നു. ആകയാൽ പശ്ചാത്തപിച്ച് മാനസാ ന്തരപ്പെടുന്നവർക്ക് അഭയവും രക്ഷയും ലഭിക്കും. ഏവൻ ആപത്തിനെ ഭയപ്പെടുന്നുവോ അവൻ കരുണ ചെയ്യപ്പെടും. **അല്ലയോ, യൂറോപ്പേ നീ രക്ഷയിലല്ലാ! അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല!! ഓ ദ്വീപുക ളിൽ വസിക്കുന്നവരെ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവം ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല!!! മാഹനഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള പ്രദേശങ്ങൾ ശൂന്യങ്ങളായി ഭവി ക്കുന്നതും ഞാൻ കാണുന്നു. ആ സർവ്വശക്തനായ ഏകദൈവം ഏറിയകാലം മൗനമവലംബിച്ചു. തന്റെ മുമ്പാകെ നിന്ദ്യമായ പല കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും അവൻ അനങ്ങാതിരുന്നു. എന്നാൽ ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണി ക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടു കൊള്ളട്ടെ.** (*ഹഖീഖത്തുൽ വഹ്‌യ്, പു: 256-257*)

●

**അറിയിപ്പ്**

മർഹൂം അബ്ദുറഹിമാൻ സാഹിബ് തങ്ങളുടെ (ചാവക്കാട്) അനുസ്മരണം അടുത്തലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## കേരളസംസ്ഥാന മജ്‌ലിസ് അൻസാറുല്ലാഹ് നാസിമുമാർ

കേരള സംസ്ഥാന മജ്‌ലിസ് അൻസാറുല്ലായെ ആറ് മേഖലകളാക്കി തിരിച്ച് സംസ്ഥാന നാസിമിന്റെ കീഴിൽ ആറ് മേഖലാ നാസിമുമാരെ സദർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് നിയമിച്ചിരിക്കുന്നു. അവ രുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. ജനാബ് പി.പി. നാസിറുദ്ദീൻ സാഹിബ് നാസിം സുബായി, കേരള
2. ജ: യു. മൻസൂർ അഹ്മദ് സാഹിബ്, നാസിം ഇലാഖാ, കണ്ണൂർ മേഖല
3. ജ: എസ്. സലീം സാഹിബ്, നാസിം ഇലാഖ, കോഴിക്കോട് മേഖല
4. ജ: സി.കെ. അബ്ദുൽ ഗഫൂർ സാഹിബ്, നാസിം ഇലാഖ, മലപ്പുറം മേഖല
5. ജ: അബ്ദുൽ അസീസ് സാഹിബ്, നാസിം ഇലാഖ, പാലക്കാട് മേഖല
6. ജ: സജീദ് പടിയത്ത്, നാസിം ഇലാഖ, എറണാകുളം മേഖല
7. ജ: അഹ്മദ് ശരീഫ പാലാണിയിൽ, നാസിം ഇലാഖ, തിരുവനന്തപുരം മേഖല

# കാർട്ടൂൺ വിവാദം:
# അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതികരണം

**2005** സപ്തംബർ മാസത്തിൽ തിരുനബി(സ.അ)യെ അപകീർത്തിപ്പെടുത്താനും തിരുനബി(സ.അ) കൊണ്ടുവന്ന അദ്ധ്യാപനങ്ങളെ പരിഹസിക്കാനുമായി പ്രസിദ്ധീകരിച്ച കാർട്ടൂണിനെക്കുറിച്ച് 2006 -ൽ ലോകത്ത് വിവിധ സ്ഥലങ്ങളിൽ ശക്തമായ പ്രതിഷേധം നടന്നുവരികയാണ്. ഈ സാഹചര്യത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഇതിനെ ഏതുരീതിയിലാണ് പ്രതികരിച്ചത് എന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാം ഖലീഫത്തുൽ മസീഹ് ഖാമിസ് മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണലിലൂടെ ലോകത്തെ അറിയിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു.

“ഈയിടെയായി ഡന്മാർക്കിലേയും ചില പാശ്ചാത്യ രാജ്യങ്ങളിലേയും പത്രങ്ങളിൽ നബി(സ) തിരുമേനിയെക്കുറിച്ച് അങ്ങേയറ്റം വൃത്തികെട്ടതും, മുസ്ലിംകളുടെ ഹൃദയത്തെ വ്രണപ്പെടുത്തുന്നതുമായ കാർട്ടൂൺ പ്രസിദ്ധീകരിച്ചതിനെ തുടർന്ന് മുഴുവൻ ഇസ്ലാമികലോകത്തും ദുഃഖത്തിന്റേയും കോപത്തിന്റേയും തിരകൾ അടിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. എല്ലാ മുസ്ലിംകളും ഇതിന്നെതിരെ പ്രതികരിച്ചുകൊണ്ടിരിക്കുന്നു. എന്തായാലും സ്വാഭാവികമായും ഇതിന്നെതിരെ പ്രതികരണമുണ്ടാകേണ്ടതു തന്നെയായിരുന്നു. അഹ്മദികൾ തീർച്ചയായും മറ്റുള്ളവരെക്കാൾ നബി(സ) തിരുമേനിയെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നവരാണ്. കാരണം വാഗ്ദത്ത മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദി(അ)നെ വിശ്വസിച്ച കാരണത്താൽ ഹസ്റത്ത് ഖാത്തമുൽ അമ്പിയാ(സ)യുടെ മഹിതസ്ഥാനത്തെ കുറിച്ചുള്ള ഉള്ളറിവും ബോധവും അവർക്കുണ്ട്. അത് മറ്റുള്ളവരെ അപേക്ഷിച്ച് വളരെയധികവുമാണ്.”

“നമ്മുടെ പ്രതികരണം ഹർത്താലിന്റെ രൂപത്തിലോ തീവയ്ക്കുന്ന രൂപത്തിലോ അല്ല. ഹർത്താലുകളും സാധനങ്ങൾ നശിപ്പിക്കലും കൊടികത്തിക്കലും ഇതിന് പരിഹാരവുമല്ല. .... മറ്റു മുസ്ലിംകൾ ഹർത്താലുകളും സാധനസാമഗ്രികൾ നശിപ്പിച്ചുമാണ് പ്രതികരിക്കുന്നത്....”

2006 ഫെബ്രുവരിയിൽ ഹർത്താൽ നടത്തുന്നത് കാണുമ്പോൾ ഇത് ഇപ്പോൾ നടന്നതാണെന്ന് തോന്നും. എന്നാൽ ഇത് ഇന്നൊന്നും നടന്ന സംഭവമല്ല. ഇത് കഴിഞ്ഞവർഷം സപ്തംബറിൽ നടന്നതാണ്. അത് പ്രസിദ്ധീകരിച്ച അന്ന് നമ്മുടെ മുബല്ലിഗ് പെട്ടെന്നുതന്നെ വിശദമായ ഒരു ലേഖനം തയ്യാറാക്കി കാർട്ടൂൺ പ്രസിദ്ധീകരിച്ച പത്രത്തിനയച്ചുകൊടുത്തു. അതിൽ കാർട്ടൂൺ പ്രസിദ്ധീകരിച്ചതിൽ പ്രതിഷേധം അറിയിച്ചു. ജാഥ നടത്തുകയല്ല മറിച്ച്, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനമനുസരിച്ച്, തൂലിക മുഖേന നിങ്ങളുമായി ജിഹാദ് ചെയ്യുമെന്നും അറിയിച്ചു. ആവിഷ്ക്കാര സ്വാതന്ത്ര്യം എന്തായാലുമുണ്ട്. പക്ഷേ, അതിനർത്ഥം മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുക എന്നതല്ല.....

നമ്മുടെ മുബല്ലിഗ് സാഹിബ് അയച്ചുകൊടുത്ത ലേഖനം ആ പത്രം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഡാനിഷ് ജനതയിൽനിന്നും ഇതിന് നല്ല പ്രതികരണമാണുണ്ടായത്. ഫോണിലൂടെയും കത്തുകളിലൂടെയും നമ്മുടെ ലേഖനത്തെ കുറിച്ചുള്ള അഭിപ്രായം അവർ രേഖപ്പെടുത്തി. പിന്നീട് ജേർണലിസ്റ്റ് യൂണിയന്റെ പ്രസിഡന്റിൽനിന്ന് അവിടെ നടത്തുന്ന ഒരു മീറ്റിംഗിൽ പങ്കെടുക്കുവാനുള്ള ക്ഷണം നമുക്കു കിട്ടി. ആ മീറ്റിംഗിൽ നമ്മൾ പങ്കെടുത്തു. നിങ്ങൾക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം നിങ്ങളുടെ നിയമം അനുവദിക്കുന്നുവെന്നത് ശരിതന്നെയെന്നും എന്നാൽ അതിന്റെ ഉദ്ദേശ്യം മറ്റു മതങ്ങളുടെ ഗുരുക്കന്മാരേയും ആദരണീയ വ്യക്തികളേയും നിന്ദിക്കുകയല്ലെന്നും ആ മീറ്റിംഗിൽ നമ്മുടെ പ്രതിനിധി തുറന്നുപറഞ്ഞു. മുസ്ലിംകളും ക്രിസ്ത്യാനികളും ഒന്നിച്ചുകഴിയുന്ന സ്ഥലത്ത് പ്രത്യേകിച്ചും അവരുടെ വികാരങ്ങളെ ഗൗനിക്കേണ്ടത് അത്യാവശ്യമാണ്. ഇതുകൂടാതെ സമാധാനം സ്ഥാപിതമാകുകയില്ല.”

നബി(സ) തിരുമേനിയുടെ അദ്ധ്യാപനം എത്ര മനോഹരമാണെന്നും അവിടത്തെ ജീവിതമാതൃക എത്ര സുന്ദരമാമെന്നും അവിടന്ന് എത്ര വലിയ ധാർമ്മികതയുടെ ഉടമസ്ഥനാണെന്നും ദൈവസൃഷ്ടികളോടുള്ള പെരുമാറ്റത്തിൽ അവിടന്ന് അനുകമ്പയുടെ പ്രതീകമാണെന്നും അവർക്ക് തെളിവുസഹിതം പറഞ്ഞുകൊടുത്തുകൊണ്ട് അത്തരം വ്യക്തിയെക്കുറിച്ച് ഈ രീതിയിൽ കാർട്ടൂൺ വരച്ച് പ്രസിദ്ധീകരിക്കുന്നത് അനുവദനീയമാണോ എന്ന് അവരോട് ചോദിച്ചപ്പോൾ അവർക്ക് കാര്യം മനസ്സിലായി. അവർക്ക് നമ്മുടെ മുബല്ലിഗിന്റെ സംസാരം ഇഷ്ടപ്പെടുകയും അതിനെ പ്രശംസിക്കുകയും ചെയ്തു. ഇത്തരം മീറ്റിംഗ് ആദ്യമേ ചേർന്നിരുന്നെങ്കിൽ, ഒരിക്കലും താൻ ഈ കാർട്ടൂൺ വരയ്ക്കുമായിരുന്നില്ലെന്ന് കാർട്ടൂണിസ്റ്റ് പരസ്യമായി പറഞ്ഞു. എല്ലാം വിശദീകരിച്ചപ്പോഴാണ്, ഇസ്ലാമിന്റെ അദ്ധ്യാപനമെന്താണെന്ന് അദ്ദേഹത്തിന് മനസ്സിലായത്. ഇത്തരം ബന്ധങ്ങൾ നിലനിർത്തേണ്ടതാണെന്ന് അവിടെ കൂടിയവരെല്ലാം പറഞ്ഞു.

യൂണിയന്റെ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രസ്സ് റിപ്പോർട്ടും എല്ലാവരേയും കേൾപ്പിക്കുകയുണ്ടായി. ടിവിയിൽ ഇന്റർവ്യൂ സംപ്രേഷണം ചെയ്തു. അതും വളരെ നന്നായി. പിന്നീട് മന്ത്രിയുമായും മീറ്റിംഗുണ്ടാ

യിരുന്നു. ജമാഅത്ത് ഇങ്ങനെയൊക്കെ പരിശ്രമിക്കുന്നു. മറ്റു രാജ്യങ്ങളിലും ഈ രീതിയിൽ പ്രവർത്തനം നടക്കുന്നു. എന്തായാലും, എവിടെയാണോ ഇതിന്റെ അടിത്തറ അവിടെ ജമാഅത്ത് ഒരുപാട് പ്രവർത്തിക്കുകയുണ്ടായി. പക്ഷേ, ഈ കാർട്ടൂൺ വരയ്ക്കാനുള്ള കാരണം, ഇവിടെ ഡൻമാർക്കിൽ ഒരുഡാനിഷ് എഴുത്തുകാരൻ 'ഖുർആനും മുഹമ്മദ്നബിയുടെ ജീവിതവും' എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. അത് ജമാഅത്തിന് കിട്ടിയിട്ടുണ്ട്. ഈ ഗ്രന്ഥകാരൻ മുഹമ്മദ് നബിയുടെ ചിത്രങ്ങൾ വരച്ചയക്കാൻ പരസ്യം ചെയ്തിരുന്നു. ചിലർ ചിത്രങ്ങൾ വരച്ചു. ഇതിന് മുസ്‌ലിംകൾ ശക്തമായി പ്രതികരിക്കുമെന്നും അവർ അഭിപ്രായപ്പെട്ടിരുന്നു. ഈ ഗ്രന്ഥമാണ് ഈ കാർട്ടൂണിന് കാരണമായത്. ഇതുണ്ടാകാതിരിക്കാൻ എല്ലായിടത്തും നാം ശ്രമം നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ആക്ഷേപകരമായ കാര്യങ്ങൾ പഠിച്ച് സമർപ്പിക്കേണ്ടതാണ്.......................

**ജേർണലിസം പഠിക്കുക**

"ഓരോ രാജ്യത്തും നബി(സ)യുടെ സംശുദ്ധ ജീവിതം പ്രചരിപ്പിക്കേണ്ട ആവശ്യമുണ്ട്. പ്രത്യേകിച്ച്, ഇസ്‌ലാം യുദ്ധം വിഭാവന ചെയ്യുന്ന മതമാണെന്നുള്ള ധാരണ പരക്കെ ഉണ്ട്. ഈ ധാരണയെ സപ്രമാണം ഖണ്ഡിക്കേണ്ടതു നമ്മുടെ ബാധ്യതയാണ്. പത്രങ്ങളിൽ കൂടുതൽ കൂടുതൽ ലേഖനങ്ങൾ എഴുതാൻ മുമ്പും ഞാൻ പറഞ്ഞുവന്നതാണ്. പത്രപ്രവർത്തകർക്കും എഴുത്തുകാർക്കും നബി(സ) തിരുമേനിയുടെ ജീവിതത്തെക്കുറിച്ചുള്ള പുസ്തകവും അയച്ചുകൊടുക്കേണ്ടതാണ്. വരുംകാലത്തേക്കുള്ള ഒരു പദ്ധതി എന്ന നിലയിൽ പറയുകയാണ്, യുവാക്കൾ ജേർണ്യലിസം പഠിക്കാൻ അധികമധികം പരിശ്രമിക്കണം. അവർക്കിതിൽ കൂടുതൽ താല്പര്യമുണ്ടാക്കേണ്ടതാണ്. ഇത് ജമാഅത്തുകൾ പ്ലാൻ ചെയ്യണം. പത്രങ്ങളുടെ ഉള്ളിലും ഈ സ്ഥലങ്ങളിലും ജനങ്ങളിലും നമ്മുടെ സാന്നിദ്ധ്യം നിലനിർത്താൻ ഇത് വേണ്ടതാണ്. കാരണം ഇവരുടെ ഈ പ്രവർത്തനം ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കും. മാധ്യമങ്ങളുമായി വിശാലമായ ബന്ധമുണ്ടായെങ്കിലേ ഇത്തരം പ്രവണതകളെ തടയാൻ കഴിയുകയുള്ളൂ."

1928-ൽ ദൈവദൂതരെ ആക്ഷേപിച്ചുകൊണ്ട് ചിലർ രംഗത്തുവന്നപ്പോൾ ജമാഅത്ത് അതിനെ ഏത് രീതിയിലാണ് പ്രതികരിച്ചതെന്ന് വിവരിച്ചുകൊണ്ട് അമീർ മുഅ്മീൻ പറയുന്നു:

രണ്ടാം ഖിലാഫത്തുകാലത്ത് അങ്ങേയറ്റം വൃത്തികെട്ട ഒരു ഗ്രന്ഥം രങ്കീലറസൂൽ എന്ന പേരിൽ എഴുതപ്പെട്ടു. ഒരു മാസികയായ വർത്തമാൻ നിരർത്ഥകമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഇതിൽ ഇന്ത്യയിലെ മുസ്‌ലിംകളിൽ ഒരാവേശം അലയടിച്ചു. നാലുഭാഗത്തും അത് പ്രകടമായി. ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് സാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) മുസ്‌ലിംകളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: അല്ലയോ സഹോദരന്മാരേ! വേദനനിറഞ്ഞ ഹൃദയത്തോടെ ഞാൻ വീണ്ടും പറയുന്നു: ആക്രമണം നടത്തുന്നവൻ അല്ല ധൈര്യവാൻ. അവൻ ഭീരുവാണ്. കാരണം അവൻ തന്റെ ദോഷപ്രവണമായ ആത്മാവിന് അടിമയാണ്.

ഇത് ഹദീസിൽ പറഞ്ഞതനുസരിച്ചാണ് പറഞ്ഞിട്ടുള്ളത്. ധൈര്യവാൻ, സുസ്ഥിരമായ തീരുമാനം എടുക്കുന്നവനാണ്. അത് പൂർത്തിയാക്കാതെ അവൻ അതിൽനിന്ന് പിന്മാറുകയില്ല. അവിടന്ന് പറഞ്ഞു. ഇസ്‌ലാമിന്റെ വളർച്ചയ്ക്കായി മൂന്നുകാര്യങ്ങൾ പ്രതിജ്ഞ ചെയ്യുക. ഒന്നാമത്തേത്, ദൈവഭയത്തോടുകൂടി പ്രവർത്തിക്കുമെന്നുള്ള പ്രതിജ്ഞ. ദീനിനെ അശ്രദ്ധയോടുകൂടി കാണുകയില്ല. ആദ്യം സ്വന്തം കർമ്മം നന്നാക്കിത്തീർക്കുക. രണ്ടാമത്തേത് ഇസ്‌ലാം മത പ്രബോധനം പൂർണ്ണതാല്പര്യത്തോടെ ചെയ്യുന്നതാണെന്ന് പ്രതിജ്ഞ ചെയ്യുക. ഇസ്‌ലാമിക അധ്യാപനം ലോകത്തെ ഓരോ വ്യക്തിയും അറിയണം. നബി(സ) തിരുമേനിയുടെ മനോഹരമായ ജീവിതത്തെക്കുറിച്ച് ലോകം അറിയണം. മൂന്നാമത്തേത്, സാധാരണ മുസ്‌ലിംകളെ സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തിൽനിന്ന് രക്ഷിക്കാൻ പൂർണ്ണമായും ശ്രമിക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. എല്ലാ മുസ്‌ലിംകളുടെയും നിർബന്ധകടമയാണിത്..... ഇതിനെ തുടർന്ന് രാജ്യമെമ്പാടും സീറത്തുന്നബി യോഗങ്ങൾ സംഘടിപ്പിക്കാൻ അദ്ദേഹം ജമാഅത്തുകൾക്ക് ആഹ്വാനം നൽകി. (*ഖുത്ബ, 10.2.2006*)

## 2006-ൽ നടത്തേണ്ട തബ്‌ലീഗ് തർബിയ്യത്ത് യോഗങ്ങൾ

**ഇന്ത്യയിലെ ജമാഅത്തുകൾ 2006-ൽ താഴെ കൊടുത്തിരിക്കുന്നതുപ്രകാരം യോഗങ്ങൾ നടത്തുകയും യോഗറിപ്പോർട്ടുകൾ സംക്ഷിപ്തമായി അയച്ചുതരികയും ചെയ്യണമെന്നപേക്ഷിക്കുന്നു.**

| | |
|---|---|
| ◆ മുസ്‌ലിഹ് മൗഊദ് ദിനയോഗം– | ഫിബ്രവരി 20 |
| ◆ മസീഹ് മൗഊദ് ദിനയോഗം– | മാർച്ച് 23 |
| ◆ സീറത്തുന്നബി(സ) യോഗം – | ഏപ്രിൽ 11 |
| ◆ സീറത്തുന്നബി(സ) യോഗം – | മെയ് 7 |
| ◆ ഖിലാഫത്ത് ദിനയോഗം – | മെയ് 27 |
| ◆ സീറത്തുന്നബി(സ) യോഗം – | ആഗസ്റ്റ് 19 |
| ◆ മതാചാര്യർ യോഗം – | സപ്തംബർ 10 |
| ◆ സീറത്തുന്നബി(സ) യോഗം – | ഒക്ടോബർ 29 |

**നാസിർ ഇസ്‌ലാഹോ ഇർശാദ് ഭാരത്, ഖാദിയാൻ**

**(2006 ഫിബ്രവരി 2-ലെ ബദർ പത്രത്തിൽനിന്ന്, പേജ്-5)**

# ഒരു തബ്‌ലീഗ് സംഭാഷണം

[ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിക്കൽ ഡൽഹൗസിയിൽ പാതിരി'യംഗ്സണു'മായി നടത്തിയ രസകരമായ തബ്‌ലീഗ് സംഭാഷണം, തശ്ഹീദുൽ അദ്ഹാൻ എന്ന തന്റെ മാസികയിൽ 'ഗിരിപ്രഭാഷണം' എന്ന ശീർഷകത്തിൽ വിവരിച്ചിട്ടുണ്ട്. അതിന്റെ ആശയാനുവാദമാണ് ചുവടെ ചേർക്കുന്നത്.]

ഹുസൂർ(റ) എഴുതുന്നു: എനിക്കും കഴിഞ്ഞദിവസങ്ങളിൽ ഹിൽസ്റ്റേഷനിൽ പോകാൻ അവസരം ലഭിച്ചിരുന്നു. അവിടെ പഞ്ചാബിലെ വളരെ സുപ്രസിദ്ധനായ ഒരു പാതിരിയുമായി സംഭാഷണം നടത്താൻ സന്ദർഭം കിട്ടി. പാതിരി ഡൽഹൗസി ടൗണിൽ പുസ്തകങ്ങളുടെ കെട്ടുമായി നിൽക്കുന്നതാണ് കണ്ടത്. അറിവ് കുറഞ്ഞവരും പാമരരുമായ മുസ്‌ലിംകളെ വഴിതെറ്റിച്ച് ഇസ്‌ലാമിൽനിന്ന് പുറത്തുകൊണ്ടുവന്ന് മസീഹിന്റെ ആടുകളുടെ ഗണത്തിൽ ഉൾപ്പെടുത്താൻ വേണ്ടി ഇസ്‌ലാമിനെതിരിൽ എഴുതപ്പെട്ടവയായിരുന്നു അതിലെ മിക്ക പുസ്തകങ്ങളും. പാതിരിയുമായുള്ള കൂടിക്കാഴ്ചയിൽ ഞങ്ങൾക്കും അദ്ദേഹം രണ്ട് പ്രസിദ്ധീകരണങ്ങൾ നൽകി. ഇസ്‌ലാമിന്റേയും പരിശുദ്ധ സ്ഥാപകരുടേയുംമേൽ വിവിധരീതിയിൽ അക്രമങ്ങൾ നടത്തിക്കൊണ്ടുള്ളവയായിരുന്നു അവരണ്ടും. അവ വായിച്ചപ്പോൾ എനിക്ക് ഒരുവല്ലാത്ത വികാരമുണ്ടായി. പാതിരിയെകണ്ട് ചില കാര്യങ്ങൾ വ്യക്തമാക്കണമെന്ന് ഞാൻ ഉറപ്പിച്ചു.

ഈ കൂടിക്കാഴ്ചക്ക് രണ്ടുമൂന്ന് ദിവസത്തിനു ശേഷം ഞാനും രണ്ട് സുഹൃത്തുക്കളും പാതിരിയെ കാണാൻപോയി. പാതിരി ഞങ്ങളോട് പതിവുപോലെ വിവിധ സംഭവങ്ങളെക്കുറിച്ച് സംഭാഷണമാരംഭിച്ചു. ഇംഗ്ലണ്ടിന്റെ കാലികവിഷയങ്ങളെ കുറിച്ച് സംസാരങ്ങൾ നടന്നു. പാതിരിയുടെ പേര് 'യംഗ്സൺ' എന്നായിരുന്നു. മറ്റു പല സംസാരങ്ങൾക്കും ശേഷം പാതിരി ക്രിസ്തുമതത്തെക്കുറിച്ച് സംസാരമാരംഭിച്ചു. അദ്ദേഹത്തിന് അതേക്കുറിച്ച് സവിസ്തരം സംസാരിക്കണമെന്നുണ്ടായിരുന്നു. ക്രിസ്തുമതം യൂറോപ്പിനുമേൽ ചെയ്തിട്ടുള്ള ഔദാര്യങ്ങളെ കുറിച്ച് ഞങ്ങളോട് പറയാൻ ആഗ്രഹിക്കുകയായിരുന്നു. സമയവും ഒഴിവും കുറവായതിനാൽ ഞാൻ പറഞ്ഞു ഞങ്ങൾ പൊതുവിൽ ത്രിത്വത്തെക്കുറിച്ച് ചോദിക്കാനാണ് ആഗ്രഹിക്കുന്നത്. അദ്ദേഹം ഞങ്ങൾക്ക് അതിന് സസന്തോഷം അനുമതി നൽകി. ഏതെങ്കിലും ഒരു മതത്തിന്റെ അനുയായി എന്നതിലുപരി ഒരു സത്യാന്വേഷി എന്ന നിലയ്ക്കായിരിക്കും സംസാരിക്കുക എന്ന് ഞാൻ പാതിരിയോട് നേരത്തേതന്നെ പറഞ്ഞിരിന്നു. താഴെ ചേർക്കുന്ന സംസാരത്തിൽ ഞാൻ എന്റെ പേരിനു പകരം സത്യാന്വേഷി എന്നാണ് ചേർത്തിരിക്കുന്നത്.

സത്യാന്വേഷി: പാതിരി സാഹിബ് ത്രിഏകത്വത്തെ പറ്റി താങ്കളുടെ വീക്ഷണമെന്താണ്?

പാതിരി: എന്റെ വീക്ഷണത്തിൽ ത്രിഏകത്വം മൂന്ന് അഖ്നുവിന്റെ പേരാണ്. ഒരു അഖ്നൂ ദൈവം- പിതാവ്, ഒരു അഖ്നൂം മസീഹ്-പുത്രൻ, ഒന്ന് പരിശുദ്ധാത്മാവ്. ഞാൻ ഈ മൂന്നിന്റേയും ദൈവത്വത്തെ അംഗീകരിക്കുന്നു.

സത്യാന്വേഷി: പാതിരി സാഹിബ് അഖ്നൂംകൊണ്ട് താങ്കൾ എന്താണ് വിവക്ഷിക്കുന്നത്?

പാതിരി: (പുഞ്ചിരിച്ചുകൊണ്ട്) അഖ്നൂം താങ്കളുടെതന്നെ ഭാഷയുടെ പദമാണ്.

സത്യാന്വേഷി: തീർച്ചയായും ഞങ്ങളുടെ ഭാഷയിലെ പദം തന്നെ. പക്ഷെ, ദൈവത്തെ സംബന്ധിച്ച് ഞങ്ങൾ ഈ പദം പ്രയോഗിക്കാറില്ല. അതുകൊണ്ട് ദൈവത്തെക്കുറിച്ച് ഈ പദം ഉപയോഗിക്കപ്പെടുമ്പോൾ അതിന്റെ അർത്ഥം മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്.

പാതിരി: എനിക്ക് ഇതിനുവേണ്ടി മറ്റൊരുപദം നിർദ്ദേശിക്കാൻ കഴിയില്ല.

സത്യാന്വേഷി: താങ്കൾക്ക് ഉറുദുവിലും അറബിയിലും മറ്റൊരു പദം നിർദ്ദേശിക്കാൻ കഴിയില്ലെങ്കിൽ ഇംഗ്ലീഷിൽ പറഞ്ഞാൽമതി.

പാതിരി: ഇംഗ്ലീഷിൽ ഞങ്ങൾ ഇതിന് പേഴ്സനാലിറ്റി എന്ന പദമാണ് പ്രയോഗിക്കാറുള്ളത്.

സത്യാന്വേഷി: ഞാൻ ഒരു അമേരിക്കൻ പാതിരിയോട് ചോദിച്ചപ്പോൾ അദ്ദേഹം അതിനുനൽകിയ അർത്ഥം കപ്പാസിറ്റി എന്നാണ്.

പാതിരി: അല്ല, അല്ല. അതിന്റെ അർത്ഥം പേഴ്സനാലിറ്റി എന്നുതന്നെയാണ്.

സത്യാന്വേഷി: എനിക്കാണെങ്കിൽ... അഖ്നൂമിന്റേയും പേഴ്സനാലിറ്റിയുടേയും അർത്ഥം മനസ്സിലാകുന്നില്ല. ഞാൻ താങ്കളോട് തുറന്നുചോദിക്കട്ടെ, ഈ മൂന്നുപേരുടേയും സ്ഥാനമെന്താണ്? ഉദാഹരണമായി ഈ ലോകത്തിന്റെ സ്രഷ്ടാവ് ആരാണ്?

പാതിരി: നിങ്ങൾക്കറിയാം അല്ലാഹു സ്നേഹമാണെന്ന്. അവനിൽ സ്നേഹത്തിന്റെ കാമ്പുണ്ട്. ഏതെങ്കിലും വസ്തുവിനെ സ്നേഹിക്കാൻ അവൻ ആഗ്രഹിക്കുന്നു. ഈ ലോകത്തിലെ എല്ലാ വസ്തുക്കളും നശ്വരമാണ്. യാഥാർത്ഥ്യമല്ല. അതുകൊണ്ടുതന്നെ ദൈവത്തിനെ സ്നേഹിക്കാൻ ഒരു അസ്തിത്വം അത്യാവശ്യമായിരുന്നു. അതിന് പുത്രന്റെ ആവശ്യമുണ്ടായിരുന്നു. അങ്ങനെ ഒരു അസ്തിത്വം ഇല്ലായിരുന്നുവെങ്കിൽ ഏതിനെയെങ്കിലും ദൈവം സ്നേഹിച്ചാൽതന്നെ അത് വ്യർത്ഥമാണെന്ന് താങ്കൾ സമ്മതിക്കുമായിരിക്കും.

സത്യാന്വേഷി: പാതിരി സാഹിബ്, താങ്കൾ വളരെ ബുദ്ധിപരമായ കാര്യമാണ് പറഞ്ഞത്. പക്ഷെ, ഞാൻ ഈ സമയത്ത് ത്രിത്വത്തെ കുറിച്ച് അറിയാനാണ് ആഗ്രഹിക്കുന്നത്. ത്രിത്വത്തിന്റെ ആവശ്യത്തെ കുറിച്ചല്ല. എന്റെ ചോദ്യം ഈ ലോകം എങ്ങനെ ഉണ്ടാ

യെന്നും ആരാണ് ഉണ്ടാക്കിയതെന്നുമായിരുന്നു.

പാതിരി: വചനത്തിൽനിന്ന് ഉടലെടുത്തു. ദൈവം ഉണ്ടാക്കി.

സത്യാന്വേഷി: വചനം ലോകമായിത്തീർന്നു. ഈ ലോകം അതിന്റേതന്നെ അംശമായിരുന്നോ? അതോ ദൈവം ആജ്ഞാപിച്ചപ്പോൾ ഉണ്ടായതോ?

പാതിരി: (പുഞ്ചിരിച്ചുകൊണ്ട്) ഓഹോ! ലോകം ഇല്ലായ്മയിൽനിന്ന് ഉണ്ടായെന്ന് ഞങ്ങൾ കരുതുന്നില്ല. അത് ആര്യന്മാരുടെ വീക്ഷണമാണ്. ഒരിക്കൽ ഒരാര്യനുമായി ഞാൻ കണ്ടുമുട്ടിയിരുന്നു. അയാൾ ചോദിച്ചത് ഈ ലോകം എങ്ങനെയാണുണ്ടായതെന്നും അനാസ്തികൃത്തിൽനിന്ന് എങ്ങിനെ സംഭവിച്ചുവെന്നുമാണ്. അനാസ്തികൃത്തിൽനിന്ന് ആസ്തികൃമുണ്ടായെന്നത് ഞങ്ങളുടെ വീക്ഷണമല്ലെന്നും ദൈവം ഉണ്ടാവുക എന്ന് ആജ്ഞാപിച്ചപ്പോഴാണ് ഉണ്ടായതെന്നും അനാസ്തികൃത്തോട് എന്തെങ്കിലും ആകാൻ കല്പിക്കപ്പെട്ടു എന്ന് ഞങ്ങൾ പറയുന്നില്ലെന്നും ഞാൻ അയാൾക്ക് മറുപടി കൊടുത്തു.

സത്യാന്വേഷി: ഓഹോ! താങ്കൾ നല്ല മറുപടിയാണല്ലോ കൊടുത്തത്. വളരെ ബുദ്ധിപരമായ കാര്യമാണ് പറഞ്ഞത്. പക്ഷെ, ഞാൻ ചോദിച്ചത് വചനത്തിൽനിന്നാണോ ലോകം ഉണ്ടായത് അതോ ദൈവിക ആജ്ഞപ്രകാരമാണോ എന്നായിരുന്നു.

പാതിരി: അതെ, വചനം മസീഹാണ്. ഇഞ്ചീലിൽ എഴുതിയിരിക്കുന്നു. ആദിയിൽ വചനമുണ്ടായി. വചനം ദൈവത്തോടൊപ്പമായിരുന്നു. വചനം ദൈവമായിരുന്നു. ഇതുതന്നെയാണ് തുടക്കത്തിൽ ദൈവത്തോടൊപ്പം ഉണ്ടായിരുന്നത്. എല്ലാ വസ്തുക്കളും അവനിൽനിന്നാണ് ഉണ്ടായത്. അവനെ കൂടാതെ ഒരു വസ്തുവും ഇല്ലായിരുന്നു. ജീവൻ അവനിലായിരുന്നു. ആ ജീവൻ മനുഷ്യന്റെ പ്രകാശമായിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് തുടക്കത്തിൽതന്നെ ദൈവത്തോടൊപ്പം മസീഹ് ഉണ്ടായിരുന്നുവെന്നും മസീഹിൽനിന്ന് ലോകം ഉടലെടുത്തു എന്നുമാണ്. താങ്കളുടെ ഇസ്ലാം മതത്തിലും മസീഹിന് വചനം എന്ന് പറയുന്നുണ്ട്. അതേക്കുറിച്ച് ഞാൻ നിങ്ങൾക്ക് കുറച്ച് പറഞ്ഞുതരട്ടെ.

സത്യാന്വേഷി: പാതിരി സാഹിബ്, ഞാൻ താങ്കളോട് തുടക്കത്തിൽതന്നെ പറഞ്ഞിരുന്നു എല്ലാ മതങ്ങളേയും ഒരുപോലെ കാണുന്ന കണ്ണുകളുമായാണ് ഞാൻ താങ്കളുടെ അടുക്കൽ വന്നിരിക്കുന്നത്. ഞാൻ മുസ്ലിംതന്നെ. പക്ഷെ, ഈ സമയത്ത് എല്ലാ മതങ്ങളെക്കുറിച്ചും ഗവേഷണം നടത്തുന്ന ഒരുവനെപോലെയാണ് താങ്കളോട് സംസാരിക്കുന്നത്. അതുകൊണ്ട് താങ്കൾ എന്നോട് ഇഞ്ചിലിനെപറ്റി സംസാരിച്ചാലും. ഖുർആനെപറ്റി ഗവേഷണം നടത്തേണ്ടിവരുമ്പോൾ ഞാൻ ഏതെങ്കിലും മൗലവിയുടെ അടുത്തുപോകാം. ഖുർആനെപറ്റി ഗവേഷണം നടത്താൻ ഏതെങ്കിലും പാതിരിയുടെ അടുത്തുപോകേണ്ട ആവശ്യമെന്താണ്. വേദങ്ങളെപ്പറ്റി പണ്ഡിതനോട് ചോദിക്കുന്നതാണ്. ഖുർആനെപ്പറ്റി ഏതെങ്കിലും മൗലവിയോടും ബൈബിളിനെപ്പറ്റി പാതിരിയോടും ചോദിക്കൂ. ബൈബിൾ മനസ്സിലാക്കാൻ മൗലവിയുടെ അടുത്തോ ഖുർആൻ മനസ്സിലാക്കാൻ പാതിരിയുടെ അടുത്തോ പോകേണ്ട കാര്യമില്ല. താങ്കൾ എന്നോട് ബൈബിൾ കൊണ്ട് സംസാരിച്ചാലും.

പാതിരി: (പുഞ്ചിരിച്ചുകൊണ്ട്) അതെ, താങ്കൾ തീർച്ചയായും ബൈബിളിനെകുറിച്ച് തന്നെയാണ് ചോദിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ വചനത്തിൽനിന്ന് ലോകമുണ്ടായെന്നാണ് ബൈബിളിൽനിന്ന് മനസ്സിലാകുന്നത്.

സത്യാന്വേഷി: പാതിരി സാഹിബ്, അങ്ങനെയാണെങ്കിൽ താങ്കൾ എന്തിനാണ് ത്രിത്വത്തിൽ വിശ്വസിക്കുന്നത്. വചനം ഒരു ഗുണവിശേഷമാകുന്നു. ദൈവത്തിന് ഒരുപാട് ഗുണങ്ങളുണ്ട്. കാണുന്നു കേൾക്കുന്നു. കഴിവുള്ളവനാണ്. അറിവുള്ളവനാണ്, സൃഷ്ടികർത്താവാണ്. താങ്കൾ വചനമെന്ന ഗുണത്തെ മാത്രമെന്തിനാണ് ദൈവമാക്കുന്നത്. താങ്കൾ എല്ലാ ദൈവികഗുണങ്ങളേയും ദൈവപുത്രന്മാരെന്ന് പറയണം. താങ്കളുടെ മതത്തിന്റെ അടിസ്ഥാനത്തിൽ ത്രിത്വത്തിൽ മാത്രം രക്ഷയില്ലല്ലോ.

പാതിരി: ഓഹോ! താങ്കൾക്കു തെറ്റുപറ്റി. താങ്കൾ ദൈവികവചനത്തെ മനുഷ്യവചനമെന്നാണോ മനസ്സിലാക്കുന്നത്. മനുഷ്യനും ദൈവത്തിനും തമ്മിൽ സാമ്യമില്ലെന്ന് താങ്കളും അംഗീകരിക്കുന്നതാണല്ലോ. വചനം ഗുണമല്ല. വചനം ശക്തിയാണ്.

സത്യാന്വേഷി: പാതിരി സാഹിബ്, നാം നമ്മുടെ ഉള്ളിലുള്ള കാര്യങ്ങൾ മറ്റുള്ളവർക്കു മുന്നിൽ പ്രകടിപ്പിക്കുന്ന മാർഗ്ഗമാണ് വചനം. ദൈവത്തിലും നമ്മിലും ഒരുപാട് വ്യത്യാസമുണ്ടെന്നതാണ് സത്യം. അവൻ സ്രഷ്ടാവാണ് നാം സൃഷ്ടികളാണ്. എന്നാൽ മനുഷ്യന്റെ കേൾക്കാനും കാണാനുമുള്ള ശക്തിയേയും അതിന്റെ അറിവിനേയും നിങ്ങൾ മാനുഷിക ഗുണങ്ങൾ എന്നുപറയുന്നു. ദൈവത്തിന്റെ ഈ ശക്തികളേയും ഗുണങ്ങൾ എന്നുതന്നെയാണ് പറയുന്നത്. എന്നിരിക്കെ ദൈവത്തിന്റെ അറിവ് കേൾവി തുടങ്ങിയവയെ താങ്കൾ ഗുണങ്ങെന്നും വചനമെന്ന ഗുണത്തെക്കുറിച്ച് പറയുമ്പോൾ അതിൽ വ്യത്യാസമുണ്ടെന്നും അത് മറ്റൊരു അസ്തിത്വമാണെന്നും പറയുന്നതെന്തിനാണ്. കൂടാതെ താങ്കൾ ഈ വചനത്തെ മാത്രം- അതിനുവേണ്ടി ലോകം ഉണ്ടാക്കിയെന്നല്ലേ- എന്തിന് ദൈവം എന്നുപറയണം. എന്തുകൊണ്ട് തൗറാത്തിനേയും ഇഞ്ചീലിനേയും മറ്റു പ്രവചനഗ്രന്ഥങ്ങളേയും ദൈവമാണെന്നു പറയുന്നില്ല?

പാതിരി: (പുഞ്ചിരിച്ചുകൊണ്ട്) അല്ല, അല്ല. ഞങ്ങൾ ഇഞ്ചിലിനേയും തൗറാത്തിനേയും ദൈവമാണെന്ന് കരുതുന്നില്ല. ഞങ്ങളുടെ മതത്തിൽ അത് അനുവദനീയമല്ല. ഞങ്ങൾ വചനത്തെ ഗുണമായി അംഗീകരിക്കുന്നില്ല മറിച്ച്, അതൊരു അസ്തിത്വമാണെന്ന് പറയുന്നു.

സത്യാന്വേഷി: താങ്കൾ വചനത്തെ എന്താണെന്നാണ് മനസ്സിലാക്കുന്നത്.

പാതിരി: ശക്തി

സത്യാന്വേഷി: താങ്കൾ പറഞ്ഞത് വചനത്തെ ശക്തിയാണെന്ന് മനസ്സിലാക്കുന്നുവെന്നാണ്. എന്നാൽ താങ്കൾ ഒരു കാര്യം ഓർക്കേണ്ടിയിരിക്കുന്നു.

ശക്തിക്കും തനിച്ചുള്ള അസ്തിത്വമില്ല. ഉദാഹരണമായി എന്റെ കൈക്കു പിടിക്കാനുള്ള ശക്തിയുണ്ട്. ഈ ശക്തി എന്റെ ഉദ്ദേശ്യത്തിന് കീഴിലാണ്. അതിന് സ്വയം അറിവില്ല. ഞാൻ കയ്യിനോട് പിടിക്കുക എന്ന് ആജ്ഞാപിക്കുമ്പോൾ അത് പിടിക്കുന്നു. എന്നാൽ എന്റെ കൈക്ക് പിടിക്കാനുള്ള ശക്തിയിൽ സ്വയം ഒരറിവുമില്ല. താങ്കൾ മസീഹിനെ ശക്തിയാണെന്ന് പറഞ്ഞാലും വചനത്തിനുള്ള മറ്റൊരു പേര് ശക്തി എന്നുവെച്ചാലും മസീഹ് ഒരു സ്വതന്ത്ര വ്യക്തിത്വമാകുന്നില്ല. ഏതൊരു വസ്തുവിലും കുറച്ചൊക്കെ ശക്തിയുണ്ടാകും. ഇങ്ങനെ വരുമ്പോൾ ഓരോ അസ്തിത്വത്തേയും ഇരട്ട അസ്തിത്വമാണെന്ന് പറയേണ്ടിവരും. മറ്റൊരു സംഗതി മസീഹിന് അറിവും ഉദ്ദേശ്യവും ഇല്ലായിരുന്നുവെന്നും സമ്മതിക്കേണ്ടിവരും. കാരണം ഞാൻ ഇതുവരെ തെളിയിച്ചുവന്നത് ശക്തി, അറിവ്, ഉദ്ദേശ്യം എന്നീ ഗുണങ്ങൾക്ക് കീഴെയാണെന്നാണ്.

പാതിരി: ഞങ്ങൾ മസീഹിന് അറിവില്ലെന്ന് കരുതുന്നില്ല. മസീഹ് തീർച്ചയായും അറിവുള്ളയാളായിരുന്നു.

സത്യാന്വേഷി: താങ്കൾ മസീഹിനെ അറിവുള്ള ആളാണെന്ന് മനസ്സിലാക്കുന്നുവെന്നത് ശരിയാണ്. പക്ഷെ, മസീഹ് ഇഞ്ചിലിൽ തന്റെ അറിവിനെ നിരകാരിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, എന്റെ സംസാര വിഷയം അതല്ല. താങ്കൾ പറയുന്നതനുസരിച്ച് മസീഹ് ദൈവമാണ്. അത് അങ്ങനെതന്നെയാണ് ആവേണ്ടിയിരുന്നതും. എന്നാൽ അതൊക്കെ വിശ്വാസപരമായ കാര്യങ്ങളാണ്. ഞാൻ നേരത്തെ പറഞ്ഞുവന്നതുപോലെ മസീഹിന് വചനമാണെന്ന് അംഗീകരിച്ചാൽ അതൊരു ഗുണമാണെന്നും മാത്രമല്ല, അതിന് അറിവില്ലെന്നും തെളിയുന്നു. എനിക്ക് ബുദ്ധിപരമായ പ്രമാണങ്ങളിലൂടെ മാത്രമേ പ്രയോജനമുണ്ടാവുകയുള്ളൂ. അതുകൊണ്ട ഒന്നുകിൽ മസീഹിനെ കലിമയാണെന്ന് പറയുന്നത് നിരാകരിക്കേണ്ടിവരും. അതല്ല, താങ്കൾ പറയുന്നതനുസരിച്ച് വചനമാണെന്ന് അംഗീകരിച്ചാൽ മസീഹിന് അറിവില്ലെന്നും സമ്മതിക്കേണ്ടിവരും.

പാതിരി: തീർച്ചയായും ബുദ്ധി അതുതന്നെയാണ് പറയുന്നത്. പക്ഷേ, ഇഞ്ചീൽ ഇക്കാര്യം അംഗീകരിക്കുന്നില്ല.

സത്യാന്വേഷി: ബുദ്ധിപരമായി ത്രിത്വം അംഗീകരിക്കാൻ സാധ്യമല്ലെന്നാണോ?

പാതിരി: അതിലെന്താണ് സംശയം. മനുഷ്യന്റെ ബുദ്ധിക്ക് ദൈവസ്തികൃത്തിന്റെ അടിത്തട്ടിലേക്കെത്താൻ സാദ്ധ്യമല്ല.

സത്യാന്വേഷി: പക്ഷെ ദൈവം നമുക്ക് മനസ്സിലാക്കാനുള്ള മാർഗ്ഗമായി തന്നിരിക്കുന്നത് ബുദ്ധിയാണ്. എന്നിരിക്കെ ബുദ്ധി കൂടാതെ ഏതെങ്കിലും ഒരു സംഗതിയെ നമുക്ക് എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുക. ചില കാര്യങ്ങൾ ബുദ്ധിക്കതീതമാണെന്നത് ശരി തന്നെ. പക്ഷേ, ഒരു ദൈവികമതവും അതിന്റെ അനുയായികളോട് ബുദ്ധിക്കെതിരായി കാര്യങ്ങൾ അംഗീകരിക്കാൻ ആവശ്യപ്പെടുന്നില്ല. ദൈവാസ്തിക്യത്തിന്റെ അടിത്തട്ടിലോളം മനുഷ്യബുദ്ധിക്ക് ചെന്നെത്താൻ കഴിയുകയില്ലെന്ന താങ്കളുടെ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. കാരണം അതിന് ഒരു പരിധിയുണ്ട്. പക്ഷേ, മോക്ഷത്തിന് കാരണമായ കാര്യങ്ങൾ ബുദ്ധിക്കെതിരാണെങ്കിൽ മനുഷ്യനുമുന്നിൽ മോക്ഷത്തിന്റെ കവാടം പൂർണ്ണമായും കൊട്ടിയടക്കപ്പെടും. ഉദാഹരണമായി ദൈവാസ്തിക്യത്തിൽ വിശ്വസിക്കേണ്ടത് മോക്ഷത്തിന് അനിവാര്യമാണ്. അതുകൊണ്ടുതന്നെ ദൈവാസ്തികൃത്തിലുള്ള തെളിവുകൾ ബുദ്ധിക്ക് എതിരാവാതിരിക്കേണ്ടതും അനിവാര്യമാണ്. ത്രിത്വം താങ്കളുടെ മതത്തിന്റെ ഒരു പ്രധാന അംശമാണ്. അതുകൊണ്ടുതന്നെ അത് മനുഷ്യബുദ്ധിക്ക് മനസ്സിലാകുന്ന രീതിയിൽ വിവരിക്കപ്പെടേണ്ടതും അനിവാര്യമാണ്.

പാതിരി: തീർച്ചയായും ബുദ്ധി അതുതന്നെയാണ പറയുന്നത്. പക്ഷേ, ത്രിത്വം അംഗീകരിക്കുന്നതിന് മുമ്പായി ഇഞ്ചിലിനെ അംഗീകരിക്കേണ്ടത് നിർബന്ധമാണ്.

സത്യാന്വേഷി: ക്രിസ്തീയതയുടെ അടിത്തറ തെളിയിക്കപ്പെടുമ്പോഴാണ് ഇഞ്ചലീനെ അംഗീകരിക്കാൻ കഴിയുക. ഇത്തരം പ്രശ്നങ്ങൾ തീർപ്പാകാത്തിടത്തോളം എങ്ങനെയാണ് ഇഞ്ചിലീനെ അംഗീകരിക്കാൻ കഴിയുക.

പാതിരി: ഇഞ്ചിലീനെ അംഗീകരിക്കുന്നതിന് മുമ്പ് ഇത്തരം പ്രശ്നങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടാണെന്ന് ഞാൻ നേരത്തെതന്നെ പറഞ്ഞതാണല്ലൊ. (*തശ്ഹീദുൽ അദ്ഹാൻ*)

ഇതേ സംസാരത്തെക്കുറിച്ച് മറ്റൊരു സന്ദർഭത്തിൽ ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു രസകരമായ സംഭവം വിവരിക്കുന്നു.

ഞാനൊരു പെൻസിൽ അദ്ദേഹത്തിന്റെ മേശയിൽനിന്നെടുത്ത് അദ്ദേഹത്തിനടുത്ത് വെച്ചുകൊണ്ട് ചോദിച്ചു, ''പാതിരി സാഹിബ് താങ്കൾക്ക് ഈ പെൻസിൽ എടുത്ത് മറ്റൊരു സ്ഥലത്ത് വെക്കാൻ കഴിവില്ലേ? അദ്ദേഹം പറഞ്ഞു. ഉണ്ട് അപ്പോൾ ഞാൻ ചോദിച്ചു എനിക്ക് കഴിവില്ലേ? അദ്ദേഹം പറഞ്ഞു. ഉണ്ടല്ലോ. ഞാൻ മൂന്നാമതൊരാളെ ചൂണ്ടിക്കൊണ്ട് ചോദിച്ചു. അദ്ദേഹത്തിന് കഴിയുമോ? പാതിരി പറഞ്ഞു, തീർച്ചയായും.

ഞാൻ ചോദിച്ചു നമുക്കു മൂന്നുപേർക്കും ഈ പെൻസിൽ നീക്കാൻ കഴിവുണ്ടായിരിക്കെ നമ്മൾ മൂന്നുപേരും ബഹളംവെച്ചുകൊണ്ട് മറ്റാളുകളെ വിളിച്ചുകൂട്ടുകയും അവരോട് നമുക്ക് മൂന്നുപേരോടുമൊപ്പം ചേർന്ന് ഈ പെൻസിലൊന്ന് മാറ്റാൻ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചാൽ അവർ നമ്മെ എന്ത് പറയും. മന്ദബുദ്ധികൾ എന്നല്ലെ പറയുക. പാതിരി ചോദിച്ചു എന്താണ് താങ്കളുടെ ഉദ്ദേശ്യം? ഞാൻ പറഞ്ഞു. താങ്കൾ മറുപടി തന്നാൽമതി. അദ്ദേഹം പറഞ്ഞു, അതെ, മന്ദബുദ്ധികൾ എന്നുതന്നെയാണ് പറയുക.

ഞാൻ പറഞ്ഞു പിതാവായ ദൈവവും പുത്രനായ ദൈവവും പരിശുദ്ധാത്മാവായ ദൈവവും ഒറ്റയ്ക്കൊറ്റക്ക് ഈ പ്രപഞ്ചത്തെ സൃഷ്ടിക്കാൻ കഴിവുള്ള

*ശേഷം 37-ൽ*

എ.ക്യു. മഹ്ദി കൊല്ലം

ലേഖനം

# യൂസുഫ്നബി(അ)ന്റെ ഐതിഹാസികമായ ജീവിതകഥ

നിങ്ങൾ വായിച്ചത് ഇതുവരെ.......

മന്ത്രിപത്നിയായ സുലൈഖയുടെ ദുരാരോപണത്തെ തുടർന്ന് യൂസുഫ് ജയിലിലടയ്ക്കപ്പെട്ടു. സഹതടവുകാർക്കിടയിൽ യൂസുഫ് ഒരു ജ്ഞാനിയും, ദൈവനിയോഗിതനും ആണെന്ന് പരക്കെ വിശ്വസിക്കപ്പെട്ടു. അദ്ദേഹത്തോടൊപ്പം ഒരേ തടവറയിൽ കഴിഞ്ഞിരുന്ന, മുമ്പ് കൊട്ടാരം പരിചാരകർ ആയിരുന്ന രണ്ടുപേർ, തങ്ങൾ കണ്ട ഒരു സ്വപ്നത്തെപ്പറ്റി യൂസഫിനോട് പറയുകയും അതിന്റെ വ്യാഖ്യാനം പറഞ്ഞുതരാൻ അപേക്ഷിക്കുകയും ചെയ്തു.

“താൻ വീഞ്ഞ് പിഴിഞ്ഞെടുത്തത് ഒരു പാത്രത്തിൽ ഒഴിക്കുന്നതായി കണ്ട ഒരുവൻ, ജയിലിൽനിന്ന് തന്റെ നിരപരാധിത്വം തെളിഞ്ഞ് മോചിപ്പിക്കപ്പെട്ട് രാജാവിന്റെ കൊട്ടാരത്തിൽതന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കപ്പെടുമെങ്കിൽ, സ്വന്തം തലയിൽ റൊട്ടി ചുമക്കുന്നതായും പക്ഷികൾ വന്ന് ആ റൊട്ടികൾ കൊത്തിത്തിന്നുന്നതായും സ്വപ്നം കണ്ട അപരൻ, തന്റെ കുറ്റകൃത്യം തെളിയിക്കപ്പെട്ടു വധശിക്ഷക്കു വിധേയനാകും....”

ഇതാണ് സ്വപ്നദർശനത്തിന് യൂസുഫ് നൽകിയ വ്യാഖ്യാനം. ഇവിടെവരെയാണ് കഴിഞ്ഞലക്കത്തിൽ നാം വായിച്ചത്. ബാക്കിഭാഗം കാണുക.

രണ്ടു പ്രവചനങ്ങളും അതുപോലെ പുലരുകയും ചെയ്തു. ജയിലിൽനിന്നും മോചനം നേടുമെന്നു പറഞ്ഞയാളോട് യൂസുഫ് പറഞ്ഞു,

“നീ ജയിലിൽനിന്നും മോചിതനായി, ചക്രവർത്തിയുടെ അരമനയിൽ പഴയ ജോലിയിൽതന്നെ നിയമിതനാവും. അപ്പോൾ നീ അദ്ദേഹത്തോടു പറയുക, നിരപരാധിയായ ഞാൻ ഒരു കുറ്റവും ചെയ്യാതെ ഈ തടവറയ്ക്കുള്ളിൽ ന്യായവിചാരണപോലും നടത്തപ്പെടാതെ അകപ്പെട്ടുപോയിരിക്കുന്നുവെന്ന്.”

അയാളതു ഏൽക്കുകയും ചെയ്തു. ജയിലിൽനിന്നും മോചിപ്പിക്കപ്പെട്ട അയാൾ, കൊട്ടാരത്തിൽ തിരികെ ജോലിയിൽ പ്രവേശിച്ചു. പക്ഷേ, എങ്ങനെയോ അയാൾ ചക്രവർത്തിയോട് യൂസുഫ് ഏൽപ്പിച്ച കാര്യം ഉണർത്തിക്കാൻ മറന്നുപോയി. അതിനെപ്പറ്റി പരിശുദ്ധഖുർആനിൽ ഇപ്രകാരമുണ്ട്.

“യജമാനന്റെയടുക്കൽ അദ്ദേഹത്തെ സ്മരിക്കാൻ പിശാച്, (പിശാച് എന്നത് ഇവിടെ, മനുഷ്യന്റെ ഒരു ‘ആന്തരിക വൈകല്യം’ എന്നു സൂചന. ആ വൈകല്യം ഒരുപക്ഷേ, കൊട്ടാരത്തിൽ തിരികെയെത്തി ജോലിയിൽ പ്രവേശിച്ച ആ തടവുകാരന്റെ മറവി തന്നെയാവാം.) മറപ്പിച്ചുകളഞ്ഞു. ഇതിനകം യൂസുഫ് തിളക്കമാർന്ന തന്റെ യൗവ്വനദശയിലെത്തിയിരുന്നു.

വർഷങ്ങളേറെ കടന്നുപോയി. ചക്രവർത്തി ഒരിക്കൽ വിചിത്രതരമായ ഒരു സ്വപ്നം കണ്ടു; അദ്ദേഹം ദർബാർ അംഗങ്ങളെ വിളിച്ചുവരുത്തി തന്റെ സ്വപ്നദർശനവിവരം പറയുകയും ചെയ്തു.

“ഏഴ് തടിച്ചുകൊഴുത്ത പശുക്കൾ, ഏഴ് മെലിഞ്ഞ പശുക്കളെ തിന്നുന്നതായി ഞാൻ സ്വപ്നം കണ്ടു. ഏഴ് പച്ചക്കതിരുകളെയും ഏഴ് ഉണക്കക്കതിരുകളേയും ഒപ്പം ഞാൻ സ്വപ്നദർശനത്തിൽ കണ്ടു. അല്ലയോ പ്രധാനികളേ, നിങ്ങൾ സ്വപ്നത്തിന് അർത്ഥം പറയുന്നവരാണെങ്കിൽ എന്റെ സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞുതരിക.”

അവർക്കാർക്കും ചക്രവർത്തിയുടെ ഈ സ്വപ്നത്തിന്റെ ആന്തരാർത്ഥം പറയാനായില്ല. അവർ പറഞ്ഞൊഴിഞ്ഞതായി ഖുർആനിൽ ഇപ്രകാരം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

“അത് കുഴഞ്ഞുമറിഞ്ഞ പേക്കിനാവുകളാണ്. ഇത്തരം കിനാവുകളുടെ ആന്തരാർത്ഥത്തെപ്പറ്റി ഞങ്ങൾ അറിയുന്നവരല്ല.”

ആ സന്ദർഭത്തിൽ രാജാവിന്റെ പരിചാരകവൃന്ദത്തിൽ ജയിലിൽനിന്നും രക്ഷപ്പെട്ടുവന്ന അയാളുമുണ്ടായിരുന്നു. അയാൾ രാജാവിന്റെ തൊട്ടടുത്ത പരിചാരകനുമായിരുന്നു. തടവറയിൽ തന്നോടൊപ്പമുണ്ടായിരുന്ന തന്റെ സഹതടവുകാരനെപ്പറ്റി അയാൾ ക്കോർമ്മവന്നു. തനിക്കും, തടവിൽ തന്റെ ഒപ്പമുണ്ടായിരുന്നയാൾക്കും തങ്ങൾ കണ്ട സ്വപ്നങ്ങളുടെ യഥാർത്ഥ അർത്ഥം പറഞ്ഞുതന്നതും അദ്ദേഹമായിരുന്നുവല്ലൊ എന്നയാളോർത്തു. ഈ വിവരം രാജാവിനെ അയാൾ ഉണർത്തിക്കുകയും ചെയ്തു.

ചക്രവർത്തിയുടെ നിർദ്ദേശപ്രകാരമാണ് അയാൾ ജയിലിലെത്തിയത്. തന്നോട് ജയിലിൽനിന്നും പുറത്തുപോകുമ്പോൾ ചക്രവർത്തിയെ ധരിപ്പിക്കാൻ ഏൽപ്പിച്ച ദൗത്യത്തെപ്പറ്റി മനഃപൂർവ്വമല്ലാതെതന്നെ താൻ മറന്നുപോയതിൽ ഖേദം പ്രകടിപ്പിച്ച്, അതിനു മാപ്പുതരണ

മെന്ന അപേക്ഷയോടെയാണ് അയാൾ രാജാവിന്റെ സ്വപ്നത്തിന്റെ അർത്ഥം യൂസുഫിനോട് ചോദിച്ചത്.

ജയിലറയിൽവെച്ച്, യൂസുഫ് സ്വപ്നദർശനത്തിന്റെ അർത്ഥം വിശദീകരിച്ചുകൊടുത്തു.

"നിങ്ങൾ തുടർച്ചയായി ഏഴുവർഷം അധ്വാനിച്ചു കൃഷി ചെയ്യും. അപ്പോൾ കൊയ്തെടുക്കുന്ന ധാന്യങ്ങളിൽ, മിതമായി നിങ്ങൾക്കാഹാരത്തിനു ആവശ്യമായവ ഒഴികെ, ബാക്കിയൊക്കെ സുരക്ഷിതമായി സൂക്ഷിച്ചുവയ്ക്കുക. പിന്നീടുള്ള നീണ്ട ഏഴുവർഷങ്ങൾ കടുത്തക്ഷാമത്തിന്റേയും വരൾച്ചയുടേയും കാലമായിരിക്കും. അന്ന് ഭൂമിയാകെ വരണ്ടുണങ്ങി കൃഷിക്കനുയോജ്യമല്ലാതായിത്തീരും. ആ നാളുകളിൽ മുൻവർഷങ്ങളിൽ ശേഖരിച്ചുവെച്ച ധാന്യവും സമ്പത്തും അവ സൂക്ഷിച്ചുവച്ചിട്ടുള്ളവർക്ക് യഥേഷ്ടം ഉപയോഗിക്കാനാവും."

ഈ സ്വപ്നദർശനത്തിന്റെ അർത്ഥവ്യാഖ്യാനം കേട്ടപ്പോൾ രാജാവ്, യൂസുഫിനെ മോചിപ്പിച്ചു തന്റെയടുക്കൽ കൊണ്ടുവരാൻ ഏർപ്പാട് ചെയ്തു.

യൂസുഫ് ജയിലിൽനിന്നും മോചിതനാവാൻ കൂട്ടാക്കിയില്ല. തന്റെ നിരപരാധിത്വം പരസ്യമായ നിലയിൽ രാജാവുൾപ്പെടെ എല്ലാവരും ബോധ്യപ്പെടണം എന്നദ്ദേഹം ശഠിച്ചു. എന്നാൽ, മാത്രമേ താൻ തടവറയിൽ നിന്നും പുറത്തുവരാൻ തയ്യാറാവൂ എന്ന കർശനമായ നിലപാടിൽ അദ്ദേഹം ഉറച്ചുനിന്നു.

തന്നെ മോചിപ്പിക്കാനുള്ള ഉത്തരവുമായി വന്ന രാജകിങ്കരനോട് യൂസുഫ് ഇങ്ങനെ പറഞ്ഞതായി ഖുർആൻ സൂചിപ്പിക്കുന്നു.

"നീ നിന്റെ യജമാനന്റെ സന്നിധിയിലേക്കുതന്നെ തിരിച്ചുചെല്ലുക. എന്നിട്ട് തങ്ങളുടെ കൈകൾ മുറിപ്പെടുത്തിയ ആ സ്ത്രീകളുടെ നിലപാടെന്തെന്ന് അന്വേഷിക്കാൻ അദ്ദേഹത്തോട് പറയുക. എന്റെ നാഥനായ അല്ലാഹു അവരുടെ കുതന്ത്രങ്ങളെക്കുറിച്ച് നല്ല വണ്ണം അറിയുന്നവനാണ്."

യൂസുഫിന്റെ സന്ദേശം ചക്രവർത്തയുടെ സവിധത്തിലെത്തി. വർഷങ്ങളായി ഒരു നിരപരാധി തടവറയിൽ കഴിയുന്ന വിവരം അദ്ദേഹം അറിയുന്നത് അപ്പോൾ മാത്രമാണ്. തന്റെ മന്ത്രിയും അയാളുടെ ഭാര്യ സുലൈഖയുമാണ്, നിരപരാധിയായ ഈ യുവാവിനെ അന്യായമായി തുറുങ്കിലടയ്ക്കാൻ കാരണക്കാരായതെന്ന് അദ്ദേഹം അന്വേഷിച്ചറിഞ്ഞു. ഒപ്പം, അന്ന് സുലൈഖയാൽ ക്ഷണിച്ചുവരുത്തപ്പെട്ട കുറേ സ്ത്രീകളും ഈ വിഷയവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും ചക്രവർത്തിക്കു വിവരം കിട്ടി. അവരെയൊക്കെ ചക്രവർത്തി തന്റെ സന്നിധിയിലേക്ക് വിളിച്ചുവരുത്തി. സത്യസ്ഥിതി എന്തായിരുന്നുവെന്നും അന്ന് യഥാർത്ഥത്തിൽ സംഭവിച്ചത് എന്താണെന്നും അദ്ദേഹം സുലൈഖയുടെ സാന്നിധ്യത്തിൽതന്നെ ആ സ്ത്രീകളോട് ചോദിച്ചു. അവർ പറഞ്ഞതായി ഖുർആനിൽ ഇപ്രകാരമുണ്ട്.

"അല്ലാഹുവിനു സ്തോത്രം. ഞങ്ങൾ അദ്ദേഹത്തിൽ ഒരു ദോഷവും അറിഞ്ഞിട്ടില്ല......

പെട്ടെന്ന് പശ്ചാത്താപവിവശയായ സുലൈഖ, കുറ്റബോധത്തോടെ ചക്രവർത്തിയോടു പറഞ്ഞു, "ഇപ്പോൾ സത്യം വെളിപ്പെട്ടിരിക്കുന്നു. അവന്റെ ഹിതത്തിന്നെതിരായി അവനെ വശീകരിക്കുവാൻ ശ്രമിച്ചത് ഞാൻ തന്നെയാണ്. അദ്ദേഹം സത്യവാന്മാരിൽപെട്ടവൻ തന്നെയാകുന്നു."

യൂസുഫ് രാജസന്നിധിയിൽ ഹാജരാക്കപ്പെട്ടു. നീണ്ടവർഷങ്ങൾ പലതും തടവറയിൽ കഴിഞ്ഞിട്ടും, ആ സൗന്ദര്യത്തിനോ ആരോഗ്യത്തിനോ തെല്ലും മങ്ങലേറ്റിട്ടുണ്ടായിരുന്നില്ല. വിനയപൂർവ്വം യൂസുഫ്, ചക്രവർത്തിയുടെ മുമ്പിൽ നിന്നു. മന്ത്രി അസീസും രാജസദസ്സിലുണ്ടായിരുന്നു. അദ്ദേഹത്തിന് യൂസുഫിന്റെ മുഖത്തുനോക്കാനുള്ള ധൈര്യമുണ്ടായില്ല. കുറ്റബോധത്താൽ തലകുനിച്ചയാൾ നിൽക്കുകയായിരുന്നു. താനാണ് തെറ്റുകാരനെന്നും തന്റെ പിഴവ് ക്ഷമിച്ചുതരണമെന്നും അസീസ്, യൂസുഫിനോടു അപേക്ഷിച്ചു. യൂസുഫ് അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

"സാരമില്ല. ഒക്കെയും സർവശക്തനായ അല്ലാഹു തമ്പുരാന്റെ നിശ്ചയമായിരുന്നു. എന്റെ പരിഭവമെല്ലാം ഇതാ ഇവിടെയിപ്പോൾ അലിഞ്ഞുപോയിരിക്കുന്നു. എന്റെ മുൻയജമാന സുലൈഖക്കും ഞാനിതാ പൊറുത്തുകൊടുത്തിരിക്കുന്നു...."

യൂസുഫിന്റെ സ്വഭാവശുദ്ധിയിലും വിജ്ഞാനത്തിലും ആകൃഷ്ടനായ ചക്രവർത്തി, അദ്ദേഹത്തെ തന്റെ രാജ്യത്തിന്റെ പൊതുഖജനാവിന്റെ പൂർണ്ണചുമതലതന്നെ നൽകുകയും ചെയ്തു.

അധികം വൈകുംമുമ്പ് ചക്രവർത്തി രാജ്യത്തിന്റെ ഭരണനിയന്ത്രണത്തിന്റെ മുഖ്യപങ്കും യൂസുഫിനെതന്നെ ഏല്പിക്കുകയുണ്ടായി. അങ്ങനെ യൂസുഫ് ഈജിപ്ത് ചക്രവർത്തിയുടെ ഭരണകാലത്തിലെ പ്രധാനിയായിത്തീരുകയും ചെയ്തു.

ഇതിനിടെ യൂസുഫിന് പ്രവാചകത്വം ലഭിക്കുകയും അദ്ദേഹം സത്യമതത്തിന്റെ പ്രചരണാർത്ഥം കൂടുതൽ നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

യൂസുഫ് നബി(അ)ന്റെ ഭരണകാലത്ത് ഈജിപ്തിൽ അത്യസാധാരണമായ അഭിവൃദ്ധി കൈവരികയുണ്ടായി. ചക്രവർത്തി കണ്ട സ്വപ്നത്തിന്റെ അർത്ഥം യൂസുഫ് നബി(അ) വ്യാഖ്യാനിച്ച തരത്തിൽ പുലരുകയും ഏഴുവർഷക്കാലത്തെ വിളവെടുപ്പിൽ ലഭിച്ച ധാന്യശേഖരം പിൽക്കാലത്തേക്ക് സൂക്ഷിച്ചുവയ്ക്കപ്പെടുകയും ചെയ്തു. ആ കാലത്ത് ഈജിപ്റ്റിനു പുറത്തുള്ള പല രാജ്യങ്ങളും അതിയായ ക്ഷാമക്കെടുതിയിൽ അകപ്പെടുകയായിരുന്നു. അവിടത്തെ ജനങ്ങൾ ദാരിദ്ര്യത്തിന്റേയും പട്ടിണിയുടേയും പിടിയിലമർന്നു. അവരാരും മുൻവർഷങ്ങളിലെ ധാന്യശേഖരം കരുതിവെച്ചിരുന്നില്ല. പുതിയ ഭരണാധികാരിയായ യൂസുഫ് നബി(അ)ന്റെ കഴിവും സാമർത്ഥ്യവുമാണ് ഈജിപ്തിലെ വമ്പിച്ച ഭരണനേട്ടങ്ങൾക്ക് കാരണമെന്ന് സമീപരാജ്യങ്ങളിൽ പരക്കെ അറിയപ്പെട്ടു. അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയുടെ ഫലമായി ശേക

രിച്ചുവെച്ച ഏഴുവർഷത്തെ ധാന്യസമ്പത്ത്മൂലം ഈജിപ്തിൽ ക്ഷാമമുണ്ടായില്ല എന്നും അയൽരാജ്യങ്ങൾ അറിഞ്ഞു.

കൻയാൻ ദേശത്തെ ജനങ്ങളേയും ക്ഷാമവും പട്ടിണിയും ദുരിതത്തിലാഴ്ത്തി. അവിടെയായിരുന്നുവല്ലോ യഅ്ഖൂബ് നബി(അ) ജീവിച്ചിരുന്നത്. നീണ്ട വർഷങ്ങൾ പലതു കഴിഞ്ഞിട്ടും അദ്ദേഹം തന്റെ പുത്രനായ യൂസുഫ് നഷ്ടപ്പെട്ട ദുഃഖത്തിൽതന്നെ ജീവിതം തള്ളിനീക്കുകയായിരുന്നു. വൃദ്ധനായ ആ പിതാവിന്റെ ഏക ആശ്രയം ബിൻയാമിൻ ആയിരുന്നു. ബിൻയാമിൻ എപ്പോഴും പിതാവിനോടൊപ്പം തന്നെയുണ്ടായിരുന്നു.

ഈജിപ്തിലെ പുതിയ ഭരണനേട്ടങ്ങളെപ്പറ്റിയുള്ള പ്രശസ്തി ഇതിനകം അയൽരാജ്യങ്ങളിലും അറിയപ്പെട്ടുതുടങ്ങിയിരുന്നു.

ഭക്ഷ്യക്ഷാമംമൂലം പട്ടിണിമരണംവരെ സംഭവിക്കാനുള്ള സാധ്യതകൾ കണ്മുമ്പിൽ കണ്ടപ്പോൾ ഈജിപ്ത്‌രാജ്യത്തെ പുതിയ ഭരണാധികാരിയുടെ കാരുണ്യത്തെപ്പറ്റി കേട്ടറിഞ്ഞ് പല അയൽരാജ്യക്കാരും ധാന്യസഹായത്തിനായി ചക്രവർത്തിയുടെ സവിധത്തിൽ എത്തിക്കൊണ്ടിരുന്നു. അവർക്കൊക്കെ യൂസുഫിന്റെ നിർദ്ദേശപ്രകാരം നാമമാത്രമായ ചെറിയൊരു തുകമാത്രം ഈടാക്കി വേണ്ടത്ര ധാന്യം നൽകാൻ ചക്രവർത്തി കല്പിക്കുകയും ചെയ്തു.

ക്ഷാമവും വരൾച്ചയും കൻയാൻ ദേശത്തേയും തളർത്തിക്കളഞ്ഞു. യഅ്ഖൂബ് നബി(അ) തന്റെ പത്ത് മക്കളടങ്ങുന്ന ഒരു നിവേദകസംഘത്തെ സഹായാഭ്യർത്ഥനയുമായി ഈജിപ്ത് ഭരണാധികാരിയെ കാണാനയച്ചു. യൂസുഫ് നബി(അ)യുടെ കയ്യിലായിരുന്നു ഭരണത്തിന്റെ നിയന്ത്രണം മുഴുവൻ.

തങ്ങൾ യഅ്ഖൂബ് നബി(അ)ന്റെ മക്കളാണെന്നും കൻയാൻ ദേശത്തെ വിളവുകളൊക്കെ വരൾച്ചമൂലം നശിച്ചുപോയെന്നും, ജനങ്ങളൊക്കെ പട്ടിണിയുടെ വക്കിലാണെന്നും, കഴിയുന്നത്ര ധാന്യം നൽകി തങ്ങളെ സഹായിക്കണമെന്നും നിവേദകസംഘം ഭരണാധികാരിയോട് അഭ്യർത്ഥിച്ചു.

യൂസുഫ് നബി(അ)ന് തന്റെ സഹോദരന്മാരെ നിഷ്പ്രയാസം തിരിച്ചറിയാൻ കഴിഞ്ഞുവെങ്കിലും അവർക്കദ്ദേഹത്തെ മനസ്സിലാക്കാൻ കഴിഞ്ഞില്ല.

അവരാവശ്യപ്പെട്ട ധാന്യം നൽകാൻ യൂസുഫ്നബി ഉത്തരവിട്ടു. നിറച്ച ധാന്യചാക്കുകളുമായി അവരുടെ ഒട്ടകസംഘം മടങ്ങിപ്പോവും മുമ്പ്, അവർ യൂസുഫിനെ മുഖം കാണിച്ച് നന്ദി പറയാനെത്തി. കുശലാന്വേഷണങ്ങൾക്കിടെ അദ്ദേഹം ചോദിച്ചു,

“നിങ്ങൾ ഏതു നാട്ടുകാരാണെന്നാണ് പറഞ്ഞത്?”

“ഞങ്ങൾ കൻയാൻ ദേശത്തുകാരാണ്...”

“കൻയാൻ ദേശമോ, അപ്പോൾ നിങ്ങൾ യഅ്ഖൂബ് നബിയുടെ നാട്ടുകാരാണല്ലേ?”

“അതെ, ഞങ്ങളോടൊപ്പം അദ്ദേഹത്തിന്റെ പത്തു മക്കളും ഉണ്ട്.” വിനയപുരസ്സരം അവരറിയിച്ചു.

“അദ്ദേഹത്തിന് എത്ര മക്കളാണുള്ളത്?”

“പന്ത്രണ്ടു പേർ.”

“പന്ത്രണ്ട്പേരോ, അവരിൽ എത്രപേർ ഇപ്പോൾ ജീവിച്ചിരിപ്പുണ്ട്?”

“പതിനൊന്നു പേർ...” പെട്ടെന്നു മറുപടിയുണ്ടായി.

“അപ്പോൾ ഒരാളോ?....”

“അയാൾ... അയാൾ....” വിക്കി വിക്കി സംഘത്തിലൊരാൾ പറഞ്ഞു.

“അയാളുടെ പേര് യൂസുഫ് എന്നായിരുന്നു. യൂസുഫ് മരിച്ചുപോയി....”

“മരിച്ചുവെന്നോ, എങ്ങനെ..?”

“ഒരപകടമരണമായിരുന്നു. ഒരിക്കൽ അയാളുടെ ചെറുപ്പകാലത്ത് കാട്ടിൽവെച്ച് ചെന്നായയുടെ ആക്രമണത്തിൽ മരണപ്പെട്ടു.”

“അങ്ങനെയെങ്കിൽ ഇനിയും ഒരാൾകൂടി ബാക്കി ഉണ്ടാവണമല്ലോ...?”

സംഘാംഗങ്ങൾ വിസ്മയത്തോടെ ഉള്ളിലോർത്തു, രാജാവ് എന്തിനാണ് ഇതൊക്കെ തെരയുന്നത്.

“അതെ ഇനി ഒരാൾകൂടിയുണ്ട്, ബിൻയാമിൻ. അവൻ പിതാവിനോടൊപ്പമുണ്ട്. മൂത്തമകൻ യൂസുഫിന്റെ മരണശേഷം അവന്റെ അനുജൻ ബിൻയാമിനെ പിരിഞ്ഞിരിക്കാൻ പിതാവിനു കഴിഞ്ഞിട്ടില്ല. എപ്പോഴും അവൻ പിതാവിനോടൊപ്പം തന്നെയുണ്ടാകും. ഇപ്പോൾ ഞങ്ങളുടെ ഈ സംഘത്തിൽ ബിൻയാമിൻ ഉൾപ്പെടാത്തതിന്റെ കാരണവും അതാണ്....”

“ശരി നിങ്ങളിനി വരുമ്പോൾ അവനെകൂടി കൂട്ടിക്കൊണ്ടുവരണം.....”

ബിൻയാമിനെയോ? തെല്ലൊരു പരിഭ്രമത്തോടെയാണ് അവരത് ചോദിച്ചത്.

അതെ. ബിൻയാമിനെ തന്നെ. എന്താ കൂട്ടുക്കൊണ്ടുവരാനാവില്ലേ? അൽപം ശബ്ദം ഉയർത്തിയാണ് യൂസുഫ് അത് ചോദിച്ചത്. യഅ്ഖൂബ് നബിയുടെ മക്കൾ അത്ഭുതപ്പെട്ടു. എന്തിനാണാവോ രാജാവ്, ബിൻയാമിനെ പ്രത്യേകമായി തെരയുന്നത്.

“അവനെ കൂട്ടിക്കൊണ്ടുവരാൻ ഞങ്ങൾക്ക് കഴിയുമെന്ന് തോന്നുന്നില്ല....” അല്പം മടിച്ചുമടിച്ചാണ് അതവർ പറഞ്ഞത്.

“എന്തുകൊണ്ട്?” ഇക്കുറി രാജാവിന്റെ ശബ്ദം കുറേക്കൂടി ഉയർന്നിരുന്നു.

“കാരണം.. കൂട്ടത്തിലൊരാൾ പരിഭ്രമത്തോടെ പറഞ്ഞു, പിതാവ് അവനെ ഞങ്ങളോടൊപ്പം വിടില്ല.

“എന്ത്, സ്വന്തം സഹോദരന്മാരായ നിങ്ങളോടൊപ്പം ബിൻയാമിനെ വിടില്ലെന്നോ?”

ഒരുനിമിഷം മറുപടി പറയാനാവാതെ അവർ മൗനംപാലിച്ചു. ഒക്കെയും മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ടാണല്ലോ യൂസുഫ് നബി(അ) വിവരങ്ങളൊക്കെ അവരോടു ചോദിച്ചത്.

"പറയൂ..... എന്തുകൊണ്ടാണ് അനുജനെ നിങ്ങളോടൊപ്പം വിടില്ലെന്ന് പറഞ്ഞത്?" ചോദ്യം അദ്ദേഹം ആവർത്തിച്ചു.

അവർ ഒന്നടങ്കം വീണ്ടും നിശ്ശബ്ദരായപ്പോൾ യൂസുഫ് നബി, അല്പം ശബ്ദം ഉയർത്തിതന്നെ പറഞ്ഞു. "ബിൻയാമിനെ തീർച്ചയായും കൂട്ടിക്കൊണ്ടു വരണം. എന്നാലേ എന്നിൽനിന്നും ഇനി എന്തെങ്കിലും സഹായം നിങ്ങൾ പ്രതീക്ഷിക്കേണ്ടതുള്ളൂ..."

കൂട്ടത്തിലൊരാൾ ഒരു വിശദീകരണത്തിനു തയ്യാറായി. "ബിൻയാമിനെ കൂട്ടിവരാൻ പറ്റില്ലെന്ന് പറഞ്ഞത്, അവൻ യഅ്ഖൂബ് നബിയുടെ മകനാണെങ്കിലും, അവന്റെ മാതാവ് വേറെയാണ്; നേരത്തെ സൂചിപ്പിച്ച യൂസുഫിന്റെ ഉമ്മയിൽ ജനിച്ചവൻ......"

"മാതാവ് വേറെയാണെന്നത് നിങ്ങളോടൊപ്പം അവനെ അയക്കുന്നതിന് തടസ്സമാവില്ലല്ലോ. ശരി, അതുപോകട്ടെ അടുത്തപ്രാവശ്യം നിങ്ങൾ വരുമ്പോൾ അവനേയുംകൂടി കൂട്ടിതന്നെ വരണം. ഇനി ഭാവിയിൽ നിങ്ങൾക്ക് എന്തെങ്കിലും സഹായം എന്നിൽനിന്നും ലഭിക്കണമെങ്കിൽ ബിൻയാമിനേയും കൂട്ടിവന്നാലേ പറ്റൂ. അതല്ലെങ്കിൽ ഇനി ഈ ഈജിപ്ത് മണ്ണിൽനിന്നും ഒരുതരി ധാന്യംപോലും നിങ്ങൾക്ക് ലഭിക്കില്ല, ഓർത്തോളൂ....."

നിവേദകസംഘം വല്ലാത്ത ദുർഘടാവസ്ഥയിലായിപ്പോയി. ബിൻയാമിനെ ഒരിക്കലും തങ്ങളോടൊപ്പം അയക്കില്ല എന്ന് ആ സഹോദരന്മാർക്ക് ഉറപ്പുണ്ടായിരുന്നു. അവനെകൂടി കൂട്ടിക്കൊണ്ടുവരുമെന്ന് ഉറപ്പ പറഞ്ഞാൽ മാത്രമേ ഇപ്പോൾ നൽകപ്പെട്ട ധാന്യശേഖരംകൂടി ഒരുപക്ഷേ കൊണ്ടുപോകാൻ രാജാവ് അനുവദിക്കുകയുള്ളൂവെന്നും അവർ ഭയന്നു. ആ ഒരവസ്ഥയിൽ, ഭാവിയിൽപോലും ഒരു സഹായവും ഈജിപ്ത് ഭരണാധികാരിയിൽനിന്നും ലഭിക്കുകയുമില്ല.

ഒടുവിൽ രണ്ടും കല്പിച്ച് അവർ രാജാവിനു വാക്കു കൊടത്തു, തങ്ങൾ അടുത്തുതന്നെ ബിൻയാമിനെ കൂടി കൂട്ടി ഒപ്പം വരാമെന്ന്. അല്ലാഹുവിന്റെ പേരിൽ അത് അവർ സത്യം ചെയ്തു പറയുകയും ചെയ്തു.

യൂസുഫ് അവർക്ക് ഒരു മുന്നറിയിപ്പ് നൽകാൻ മറന്നില്ല. "നിങ്ങൾ ബിൻയാമിനേയും കൂട്ടിവരാമെന്ന് വാക്കുപാലിച്ചില്ലെങ്കിൽ ഓർത്തോളൂ ഞാനെന്റെ പട്ടാളത്തെ അയച്ച് ഇക്കൂട്ടത്തിലുള്ള നിങ്ങളെ ഓരോരുത്തരേയും പിടിച്ചുകൊണ്ടുവന്ന് തടങ്കലിലിടും."

"ഇല്ല ഹുസൂർ, ഒരിക്കലും അതിനിടവരുത്തുകയില്ല; ഞങ്ങൾ കഴിയുന്നത്ര വേഗം ബിൻയാമിനെ കൂട്ടിക്കൊണ്ടുവരും..." അല്പമൊരു ഭയപ്പാടോടെയാണവരത് പറഞ്ഞത്.

ധാന്യചാക്കുകൾ നിറച്ച ശേഖരവുമായി അവരുടെ ഒട്ടകകൂട്ടം കൻയാൻ ദേശത്തേക്ക് മടങ്ങിപ്പോയി.

ചെറിയൊരു വില നൽകിയാണല്ലോ അയൽരാജ്യങ്ങൾ ധാന്യം വാങ്ങിപ്പോയിരുന്നത്. രാജാവിന്റെ നിർദ്ദേശപ്രകാരം കൻയാൻ ദേശക്കാർ ഖജനാവിലടച്ച ഓരോ ചാക്കു ധാന്യത്തിന്റേയും നിശ്ചിതതുക, അവരുടെ ഓരോ ചാക്കുകളിലും ധാന്യത്തോടൊപ്പം രഹസ്യമായിവയ്ക്കുവാൻ യൂസുഫ് ഉദ്യോഗസ്ഥന്മാർക്ക് ആജ്ഞ നൽകിയിരുന്നു. അത്, കൻയാൻ ദേശത്തുനിന്ന് വന്നവർക്ക് അറിയില്ലായിരുന്നു.

വളരെ ബോധപൂർവ്വമാണ് യൂസുഫ് നബി(അ) അങ്ങനെ ചെയ്യാൻ ഏർപ്പാട് ചെയ്തത്. നാട്ടിൽചെന്ന് ചാക്കുകൾ അഴിച്ചുനോക്കുമ്പോൾ, തങ്ങൾ വിലയായി നൽകിയ തുകക്കൂടി ധാന്യത്തോടൊപ്പം കാണുമ്പോൾ തികച്ചും സൗജന്യമായിത്തന്നെ ഈ ധാന്യശേഖരം മുഴുവൻ നൽകപ്പെട്ടതിൽ അവർ കൂടുതൽ സംതൃപ്തരാവുകയും, ഭാവിയിലും ഇത്തരത്തിലുള്ള സൗജന്യസഹായങ്ങൾ പ്രതീക്ഷിച്ച് ബിൻയാമിനെ ഉറപ്പായി കൂട്ടിക്കൊണ്ടുവരികയും ചെയ്യുമെന്ന് അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നു.

ഖുർആനിൽ അതിപ്രകാരമാണ്.

അദ്ദേഹം (യൂസുഫ്) തന്റെ ഭൃത്യന്മാരോട് പറഞ്ഞു, (അവർതന്ന) അവരുടെ ദ്രവ്യങ്ങൾ അവരുടെ ഭാണ്ഡങ്ങളിൽതന്നെ (അവരറിയാതെ) വച്ചേക്കുക. അവർ, അവരുടെ സ്വന്തം കുടുംബത്തിലേക്ക് ചെന്നാൽ അവർക്കത് (ഔദാര്യം) മനസ്സിലാകുകയും (തൽഫലമായി) അവർ തിരിച്ചുവരികയും ചെയ്തേക്കാം..."

അതങ്ങിനെതന്നെ സംഭവിക്കുകയും ചെയ്തു. തങ്ങളുടെ ഓരോ ചാക്ക് ധാന്യത്തോടൊപ്പവും അതിനായി നൽകപ്പെട്ട മൂല്യം തിരികെ വച്ചിരുന്നതായി കണ്ടപ്പോൾ അവർ അത്ഭുതപ്പെട്ടു. ഈജിപ്ത് രാജാവിന്റെ മഹാമനസ്കതയിലും ഔദാര്യത്തിലും അവർ കൂടുതൽ ആകൃഷ്ടരാവുകയും ചെയ്തു.

യഅ്ഖൂബ് നബിയിൽ വളെയധികം സ്വാധീനം ചെലുത്തിയാണ് അവർ ബിൻയാമിനെ ഈജിപ്തിലേക്ക് കൊണ്ടുപോകാൻ അനുവാദം നേടിയത്. ഈ ക്ഷാമബാധിത അവസ്ഥയിൽ, തന്റെ നാട്ടുകാർ പട്ടിണിയുടെ പിടിയിൽനിന്നും മോചിതരാവാൻ, ഈജിപ്ത് ഭരണാധികാരിയിൽനിന്ന് ധാന്യശേഖരം വേണമെന്നതുകൊണ്ട്, യഅ്ഖൂബ് നബി(അ) ഒരു വിട്ടുവീഴ്ചക്ക് തയ്യാറാവുകയുമായിരുന്നു. പക്ഷേ, എന്തിനാണ് രാജാവ് ബിൻയാമിനെകൂടി കൂട്ടിക്കൊണ്ടുവരണമെന്ന് കല്പിച്ചതെന്ന് എത്ര ആലോചിച്ചിട്ടും യഅ്ഖൂബ് നബി(അ)ന് മനസ്സിലായില്ല.

ബിൻയാമീനും കൂട്ടരും യാത്ര പുറപ്പെടും മുമ്പ്, യഅ്ഖൂബ് നബി ഇങ്ങനെയൊരു നിർദ്ദേശം അവർക്കു കൊടുത്തു. "കൊട്ടാരത്തിലെത്തുമ്പോൾ നിങ്ങൾ ഒരേ കവാടത്തിലൂടെ ഉള്ളിൽ പ്രവേശിക്കരുത്. ഓരോരുത്തരും വ്യത്യസ്ത വഴികളിൽകൂടി വേണം കയറി രാജാവിനെ മുഖം കാണിക്കേണ്ടത്."

ഇതും ദൈവം മുൻകൂട്ടി നിശ്ചയിച്ച ഒരു തന്ത്രത്തിന്റെ ഭാഗമായിരുന്നു. ബിൻയാമിനെ കണ്ടിട്ട് നീണ്ട വർഷങ്ങളായ യൂസുഫ് നബി(അ)ന് ഒരുപക്ഷേ ബിൻയാമിനനെ മറ്റു സഹോദരന്മാർകൂടി ഒപ്പമുള്ള കൂട്ടത്തിൽനിന്നും കണ്ടുപിടിച്ച് സ്വകാര്യമായി ബന്ധപ്പെടാനുള്ള അവസരം ഒഴിവായിപ്പോവാതിരിക്കാനാവാം ഈ നിർദ്ദേശം നൽകപ്പെട്ടത്. മാത്രമല്ല, ഓരോ

രുത്തരും പ്രത്യേകം പ്രത്യേകം കവാടങ്ങളിലൂടെ കയറിച്ചെന്നാൽ ബിൻയാമിനെ മാത്രം രഹസ്യമായി ചക്രവർത്തിയുടെ അടുത്തേക്ക് എത്തിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് കഴിയുകയും ചെയ്യും.

അങ്ങിനെതന്നെ അത് സംഭവിക്കുകയും ചെയ്തു. യൂസുഫ് നബി സഹോദരൻ ബിൻയാമിനെ തിരിച്ചറിഞ്ഞു. അവർ തമ്മിൽ മറ്റു സഹോദരന്മാർ അറിയാതെ സ്വകാര്യമായി സംഭാഷണം നടത്തുകയും ചെയ്തു. തനിക്ക് കാട്ടിൽവെച്ച് ആ പത്തു സഹോദരന്മാരിൽ നിന്നും അനുഭവിക്കേണ്ടിവന്ന ഭീകരമായ ദുരന്തത്തെപ്പറ്റി യൂസുഫ് നബി(അ), ബിൻയാമിനോട് വിവരിച്ചു. ജ്യേഷ്ഠനെ ചെന്നായ് പിടിച്ചുവെന്ന് അവർ പിതാവിനെ ധരിപ്പിച്ചത് വിശ്വസിച്ചുകഴിയുകയായിരുന്ന ബിൻയാമിന് ഇതൊരു ഞെട്ടിക്കുന്ന സന്തോഷ വാർത്ത തന്നെയായിരുന്നു. തന്നെ ആ ദുഷ്ടന്മാർ കിണറ്റിലെറിഞ്ഞു കൊല്ലാൻ ശ്രമിച്ചുവെന്നും, അല്ലാഹു മരണത്തിന്റെ കരങ്ങളിൽനിന്നും തന്നെ രക്ഷിച്ച് ഇപ്പോഴിതാ ഈജിപ്തിന്റെ ഭരണസിംഹാസനത്തിൽ പങ്കാളിയാക്കിയെന്നും യൂസുഫ് നബി(അ) പറഞ്ഞപ്പോൾ, ബിൻയാമിൻ അത്ഭുതം വിടർന്നകണ്ണുകളോടെ ഒക്കെയും കേട്ടുകൊണ്ടിരുന്നു.

കൻയാനിൽനിന്നും വന്ന സംഘത്തോടൊപ്പം സഹോദരൻ ബിൻയാമിനെ മടക്കി അയക്കാൻ യൂസുഫ് നബി(അ)നു വൈമനസ്യമുണ്ടായിരുന്നു. അതിനും അല്ലാഹു തന്ത്രപരമായ ഒരു ബുദ്ധി പ്രയോഗിച്ചതായി ഖുർആൻ പറയുന്നു.

ഇക്കുറി ധാന്യങ്ങൾ അളന്ന്, ചാക്കുകളിൽ നിറച്ച് സംഘാംഗങ്ങൾ ഓരോരുത്തരും പുറപ്പെടാൻ തയ്യാറായപ്പോഴാണ് കൊട്ടാരത്തിലെ ധാന്യശേഖരവിഭാഗത്തിൽനിന്നും വെള്ളിയിൽതീർത്ത ഒരു ധാന്യഅളവ് പാത്രം, അതുപയോഗിച്ചാണ് ആ സംഘത്തിന് ധാന്യം അളന്നു നൽകിയത്, നഷ്ടപ്പെട്ടതായി കണ്ടത്. ആ അളവുപാത്രം സംഘാംഗങ്ങളിലാരോ കൈക്കലാക്കിയതായി കൊട്ടാരം ഉദ്യോഗസ്ഥർ സംശയിക്കുകയും ചെയ്തു.

സംഘാംഗങ്ങൾ കൈമലർത്തി. അവർക്കതിനെപ്പറ്റി അറിവൊന്നും ഉണ്ടായിരുന്നില്ല. തങ്ങൾ അതെടുത്തില്ലെന്നും വേണമെങ്കിൽ തങ്ങളുടെ ഭാണ്ഡങ്ങൾ മുഴുവൻ തുറന്നുപരിശോധിക്കാമെന്നും അവരറിയിച്ചു.

കൊട്ടാരം ഉദ്യോഗസ്ഥരോട് അവർ ഇപ്രകാരം പറഞ്ഞതായി ഖുർആൻ പ്രസ്താവിക്കുന്നു.

"ആരുടെ ഭാണ്ഡത്തിൽനിന്ന് അത് കിട്ടുന്നുവോ, അവൻ അതിനുള്ള പിഴയായിരിക്കും. അവനെ ബന്ധനസ്ഥനാക്കുക. ഇങ്ങനെയാണ് കുറ്റം ചെയ്തവരെ ഞങ്ങൾ ശിക്ഷിക്കുന്നത്."

അവരുടെ ഭാണ്ഡങ്ങളും, അവർക്കായി ധാന്യം നിറച്ചുവച്ചിരുന്ന ഓരോ ചാക്കും തുറന്ന്, ഉദ്യോഗസ്ഥർ അതിസൂക്ഷ്മമായി പരിശോധന നടത്തി. ഏറ്റവും ഒടുവിലാണ് ബിൻയാമിന്റെ ധാന്യചാക്ക് തുറന്നത്. ആ വെള്ളിഅളവ് പാത്രം ആ ചാക്കിനുള്ളിൽ ഒളിച്ചുവയ്ക്കപ്പെട്ട നിലയിൽ കണ്ടെത്തി.

ആ സംഘത്തിലുള്ളവർ ഒന്നടങ്കം ആണയിട്ടു പറഞ്ഞു, തങ്ങൾക്കിതിൽ പങ്കൊന്നുമില്ലെന്ന്. ഈ മോഷണം ബോധപൂർവ്വം ചെയ്തത് ബിൻയാമിൻ തന്നെയാവാമെന്നും അവർ അറിയിച്ചു.

ബിൻയാമിൻ കുറ്റക്കാരനാണെന്നു കണ്ടെത്തി. അയാളെ മാത്രം തടഞ്ഞുവയ്ക്കാനും മറ്റുള്ളവരെ നാട്ടിലേക്ക് പോകാൻ അനുവദിക്കാനും ഉത്തരവുണ്ടായി.

ബിൻയാമിനെ കൂടാതെ എങ്ങനെ നാട്ടിലേക്ക് മടങ്ങിപ്പോകും. പിതാവായ യഅ്ഖൂബ് നബിയിൽ വളരെയേറെ സമ്മർദ്ദവും സ്വാധീനവും ചെലുത്തിയപ്പോൾ മാത്രമാണ് അവനെ ഒപ്പം അയച്ചത്. ബിൻയാമിനെ തീർച്ചയായും തിരികെ എത്തിക്കാമെന്ന് അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്യുകകൂടി ചെയ്തു. പണ്ടൊരിക്കൽ ഇതുപോലെ വാഗ്ദാനം നൽകി കൊണ്ടുപോയ യൂസുഫിനെ മടക്കിക്കൊണ്ടുപോരാനും തങ്ങൾക്കു സാധിച്ചില്ല എന്ന് അവരോർത്തു.

അവരൊട്ടാകെ ചിന്താകുഴപ്പത്തിലായി. എന്തുചെയ്യും, എങ്ങെ ബിൻയാമിനെ രക്ഷപ്പെടുത്തി സംഘത്തിൽ ഒപ്പം കൂട്ടും.

തങ്ങളിലൊരുവനെ ജാമ്യത്തടവുകാരനാക്കിയിട്ട് ബിൻയാമിനെ തൽക്കാലത്തേക്കെങ്കിലും മോചിപ്പിച്ച് തങ്ങളോടൊപ്പം വിടണമെന്നവർ രാജാവിനോട് അഭ്യർത്ഥിച്ചു. ഖുർആനിലത് ഇപ്രകാരമാണ്.

"പ്രഭോ, ഇവന് വളരെ വൃദ്ധനായൊരു പിതാവുണ്ട്. അതുകൊണ്ട് ഇവന് പകരം ഞങ്ങളിലൊരാളെ അങ്ങ് പിടിച്ചുവച്ചാലും. ഉദാരമതികളിൽപെട്ട ആളായി ഞങ്ങൾ അങ്ങയെ കാണുന്നു."

അതൊരിക്കലും സാധ്യമാവുമായിരുന്നില്ല. രാജനീതിക്ക് അതെതിരാണ്, നിയമവ്യവസ്ഥയുടെ ലംഘനമാണ്, കുറ്റവാളിയെ വിട്ടയച്ചിട്ട് നിരപരാധിയെ തടവിൽ വയ്ക്കുക.

ഒടുവിൽ, വല്ലാത്തൊരു നിസ്സഹായവസ്ഥയിൽ ബിൻയാമിനെ കൂടാതെ അവർ കൻയാനിലേക്ക് മടങ്ങിപ്പോയി. എങ്ങനെയെങ്കിലും പിതാവിനെ സാന്ത്വനപ്പെടുത്താമെന്നവർ കരുതി. ബിൻയാമിൻ വെള്ളിപ്പാത്രം മോഷ്ടിച്ചതിന് തങ്ങളെന്തു പിഴച്ചുവെന്ന്, യഅ്ഖൂബ് നബിയോടു ചോദിച്ച്, അദ്ദേഹത്തെ ഉത്തരംമുട്ടിക്കാമെന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ.

നാട്ടിലെത്തി സംഭവവിവരങ്ങളെല്ലാം അവർ പിതാവിനെ ധരിപ്പിച്ചു. ഒക്കെയും കേട്ടപ്പോൾ യഅ്ഖൂബ് നബി(അ) തളർന്നുപോയി. തന്റെ ആദ്യമകൻ യൂസുഫ് ഇവർ മുഖേന ചെന്നായുടെ പിടിയിലായിപ്പോയി. ഇപ്പോഴിതാ രണ്ടാമത്തെ മകനും മോഷ്ടാവെന്നനിലയിൽ ഒരന്യരാജ്യത്ത് തടവിലാക്കപ്പെട്ടിരിക്കുന്നു.

ഈജിപ്ത് രാജാവിനോട് മകനുവേണ്ടി യാചിക്കുക, അതായിരുന്നു ആ പിതാവിന് അപ്പോൾ ചെയ്യാനുണ്ടായിരുന്നത്.

വേദനയോടെ അദ്ദേഹം രാജാവിനൊരു കത്തെഴുതി. ക്ഷാമക്കെടുതിയിലായ തന്റെ നാട്ടുകാർക്ക്

ധാന്യസഹായം ചെയ്തതിൽ നന്ദി പറഞ്ഞുകൊണ്ട് അദ്ദേഹം ഈജിപ്ത് ഭരണാധികാരിക്ക് എഴുതിയ കത്തിൽ, തന്റെ രണ്ടാമത്തെ മകനായ ബിൻയാമിനെ മോഷണകുറ്റത്തിനു തടവിലാക്കിയ വിവരം അറിഞ്ഞുവെന്നും, അവൻ അത്തരമൊരു കുറ്റകൃത്യം ഒരിക്കലും ചെയ്തിരിക്കാനിടയില്ലെന്നും സൂചിപ്പിച്ചു. ഇനി ഒരുപക്ഷേ അവൻ കുറ്റം ചെയ്തിട്ടുണ്ടെന്ന് ബോധ്യമായാൽ, അവനെ ഒരിക്കലും വിട്ടയക്കരുതെന്നും എഴുതിയിരുന്നു. കുറ്റക്കാരനാണെങ്കിൽ അർഹിക്കുന്ന ഏതു ശിക്ഷയും നൽകാവുന്നതാണ്. എന്നാൽ ഒരു വിചാരണ കൂടാതെ ഒരിക്കലും അവനെ ശിക്ഷിക്കരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അവൻ കുറ്റം ചെയ്തിട്ടില്ലെങ്കിൽ, നൽകപ്പെടുന്ന ശിക്ഷ തീർച്ചയായും ദൈവസന്നിധിയിൽ അനീതിയായി കണക്കാക്കപ്പെടും. കൂടാതെ വൃദ്ധനായ താനും ഭാര്യയും തന്റെ മൂത്തമകനായ യൂസുഫിന്റെ അകാലമരണത്തിൽ ഹൃദയം നൊന്തുകഴിയുകയാണെന്നും, അപ്പോഴാണീ ഞെട്ടിക്കുന്ന വാർത്തയെന്നും അദ്ദേഹം എഴുതി. അത്, തന്നെ ആകെ തളർത്തിക്കഴിഞ്ഞിരിക്കുന്നുവെന്നും, സദയം നീതി നടപ്പാക്കണമെന്നും അവസാനമായി കത്തിൽ അപേക്ഷിച്ചിരുന്നു.

കത്തുമായി പത്തുമക്കളടങ്ങുന്ന നിവേദകസംഘം വീണ്ടും ഈജിപ്ത് രാജാവിനെ മുഖം കാണിക്കാനെത്തി. യൂസുഫ് നബി(അ) കത്ത് വായിച്ചു. പിതാവിന്റെ കൈയക്ഷരം അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹത്തിനുണ്ടായ സന്തോഷത്തിന്നതിരില്ലായിരുന്നു. പൂർവ്വകാലസ്മരണകൾ ഒരുനിമിഷം ആ മനസ്സിലൂടെ പാഞ്ഞുപോയി. തന്റെ ഭാവപ്പകർച്ചയൊന്നും അദ്ദേഹം പുറത്തുകാട്ടിയില്ല.

ആ നിവേദകസംഘത്തിനു മുമ്പിൽവെച്ച്, അദ്ദേഹം തന്റെ ശിരോവസ്ത്രം വശത്തേക്കു മാറ്റി. മഹാരാജാക്കന്മാർ പുറത്തുള്ളവരോടു ബന്ധപ്പെടുമ്പോൾ ഭാഗികമായി മുഖം മറയ്ക്കുന്ന നേർത്ത ആവരണത്തോടുകൂടിയ ഒരു ശിരോവസ്ത്രം അണിയുക അന്ന് പതിവായിരുന്നു. സുതാര്യമായ ആ ശീലക്കഷണം വശത്തേക്കു മാറ്റിയപ്പോൾ അത്യന്തം തേജസ്സാർന്ന മുഖത്തിന്റെ ദൃശ്യം വ്യക്തമായി. ആ സഹോദന്മാരാകെ ഞെട്ടിത്തരിച്ചുപോയി. അത് അദ്ദേഹമാണ്, യൂസുഫ്. വർഷങ്ങൾക്കു മുമ്പ് തങ്ങൾ കാട്ടിലെ കിണറ്റിലെറിഞ്ഞു കൊലപ്പെടുത്തിയെന്നു കരുതിയിരുന്ന യൂസുഫ്. അവൻ കിണറ്റിൽനിന്നും രക്ഷപ്പെട്ടുവെന്നോ. എങ്കിൽ, യൂസുഫ് എങ്ങനെ ഇവിടെ ഈജിപ്തിലെ രാജാവായി?

വിസ്മയപൂർവ്വം അവരൊന്നാകെ, ചൈതന്യഭാവം തുടിച്ചുനിൽക്കുന്ന തേജസുറ്റ ആ മുഖത്തേക്ക് തുറിച്ചുനോക്കി. പുഞ്ചിരിതൂകി സിംഹാസനത്തിലിരിക്കുന്ന യൂസുഫ് നബി(അ)നോട് അവർ ചോദിച്ചതായി ഖുർആൻ പറയുന്നു,

യൂസുഫ് നീ തന്നെയാണോ? അദ്ദേഹം പറഞ്ഞു, "അതെ, ഞാൻ യൂസുഫ് തന്നെ. ഈ നിൽക്കുന്ന ബിൻയാമിൻ എന്റെ സഹോദരനും.'' അദ്ദേഹം തുടർന്നു, "നിങ്ങളെന്നോടു ക്രൂരത കാട്ടിയെങ്കിലും, നമ്മുടെ പിതാവിനെ എതിർക്കയും വഞ്ചിക്കയും വേദനിപ്പിക്കയും ചെയ്തുവെങ്കിലും ഞാൻ നിങ്ങളോടു പ്രതികാരം ചെയ്യാനൊരുമ്പെടുന്നില്ല."

''നോക്കൂ നിങ്ങളെ ഇപ്പോൾ എനിക്ക് ഏതു ശിക്ഷാവിധിക്കും വിധേയരാക്കാം. ആ ശിക്ഷകൾക്കൊക്കെ നിങ്ങൾ പൂർണ്ണഅർഹരുമാണ്. എങ്കിലും ഞാൻ നിങ്ങൾക്കിതാ പൊറുത്തുതരുന്നു."

"എന്റെ ഭാഗത്തുനിന്നു മാത്രമല്ല, ദൈവികശിക്ഷയിൽനിന്നും ഒഴിവാക്കി നിങ്ങൾക്കു മാപ്പുതരാൻ ഞാൻ സർവ്വശക്തനോടു പ്രാർത്ഥിക്കയും ചെയ്യുന്നു. അവൻ കരുണാനിധിയാണ്, നിങ്ങൾക്കവൻ നിങ്ങളുടെ തെറ്റുകൾ പൊറുത്തുതരട്ടെ."

ഒരുനിമിഷം നിർത്തി, അദ്ദേഹം തുടർന്നു. "ഇതാ നോക്കൂ, ഇതെന്റെ കുപ്പായമാണ്.'' കയ്യിൽ സൂക്ഷിച്ചിരുന്ന തന്റെ പഴയ കുപ്പായം അദ്ദേഹം അവരുടെ മുമ്പിലേക്കിട്ടുകൊടുത്തു.

''പോകുമ്പോൾ ഇതുകൂടി കൊണ്ടുപോയ്ക്കൊള്ളൂ. തീർച്ചയായും ഇതെന്റെ വന്ദ്യപിതാവ് തിരിച്ചറിയും. അല്ലാതെ നിങ്ങളുടെ പാഴ്വാക്കുകളെ അദ്ദേഹം ഇനിയും വിശ്വസിച്ചെന്നു വരില്ല. ബിൻയാമിൻ ഇവിടെ എന്റെ ഒപ്പമുണ്ടാവട്ടെ. ഈ കുപ്പായം കൊടുത്താൽ അത് കണ്ടിട്ട് നമ്മുടെ പിതാവ് എന്നെപ്പറ്റിയുള്ള ഓർമ്മകളിലേക്ക് മടങ്ങിവരും. നിങ്ങൾ അദ്ദേഹത്തേയും കുടുംബത്തേയും കൂട്ടി എന്റെ കൊട്ടാരത്തിൽ വരിക. എനിക്കെന്റെ പിതാവിനേയും മാതാവിനേയും നേരിൽ കാണാൻ തിടുക്കമായിരിക്കുന്നു."

തന്റെ വാക്കുകൾ രാജാവ് അവസാനിപ്പിച്ചു. അദ്ദേഹം നിശ്ശബ്ദനായി ഒരുനിമിഷം ധ്യാനനിരതനായിരുന്നു. ആ മനസ്സിലപ്പോൾ തന്റെ വൃദ്ധരായ പിതാവും മാതാവും മാത്രമാണ് നിറഞ്ഞുനിന്നിരുന്നത്.

ഈജിപ്തിൽപോയ നിവേദകസംഘം മടങ്ങിവരുന്നതു കണ്ടപ്പോൾ യഅ്ഖൂബ് നബി(അ)ന്റെ തളർന്ന കണ്ണുകൾ പ്രതീക്ഷയോടെ ബിൻയാമിനെ തെരഞ്ഞു. സംഘത്തിൽ തന്റെ മകനെ കാണാതെ വന്നപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം ത്രസിച്ചു. പെട്ടെന്നാണ് അവരിലൊരുവൻ പിതാവിന്റെ പക്കൽ, ഈജിപ്ത് രാജാവായ യൂസുഫ് നബി(അ) ഏല്പിച്ച അദ്ദേഹത്തിന്റെ ആ ബാല്യകാല കുപ്പായം ഏല്പിച്ചത്. വിടർന്നകണ്ണുകളോടെ, അത്ഭുതഭാവം സ്ഫുരിക്കുന്ന ഭാവത്തോടെ അദ്ദേഹം ആ കുപ്പായം തിരിച്ചറിഞ്ഞു.

''ഇത് എന്റെ യൂസുഫിന്റെ കുപ്പയാമല്ലേ....?'' അദ്ദേഹം ആ വസ്ത്രം കയ്യിലെടുത്തു.

അന്ന്, എത്രയോ വർഷങ്ങൾക്കു മുമ്പ് നിങ്ങളോടൊപ്പം അവനെ കാട്ടിലയച്ചപ്പോൾ അവൻ ധരിച്ചിരുന്ന അതേകുപ്പായം. പകരം, നിങ്ങളെനിക്കു കൊണ്ടുതന്ന യൂസുഫിന്റെ, കരിപുരണ്ട വസ്ത്രത്തെപ്പറ്റിയും ഞാനിതാ ഇപ്പോഴോർക്കുന്നു. ഇതെങ്ങനെ നിങ്ങളുടെ കയ്യിൽ വന്നു, ആര് തന്നു നിങ്ങൾക്കിത്....?"

അദ്ദേഹം ഉൽകണ്ഠാകുലനായി. "വേഗം പറയൂ,

ബിൻയാമിനേയും കാണുന്നില്ലല്ലോ കൂട്ടത്തിൽ. അവനെവിടെ?"

ക്ഷമ നശിച്ചമട്ടിലായി വൃദ്ധൻ. എല്ലാ വിവരങ്ങളും വിശദമായി ആ പത്തുമക്കളും പിതാവിനോടു പറഞ്ഞപ്പോൾ സന്തോഷാധിക്യത്താൽ ആ വൃദ്ധന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം പറഞ്ഞു,

"നമുക്കുടനെ ഈജിപ്തിലേക്കു പോകാം. എനിക്ക് എന്റെ യൂസുഫിനെ കാണാൻ തിടുക്കമായി. എത്ര വർഷങ്ങളായി ഞാനവനെ വേർപെട്ടിട്ട്. അവൻ രാജാവായതിലല്ല, ജീവിച്ചിരിക്കുന്നുവെന്നറിഞ്ഞതിലാണ് ഇന്നെനിക്കു സന്തോഷം."

പിതാവിന്റെ ഈ വാക്കുകൾ കേട്ടമാത്രയിൽ അവർ, ഈ എല്ലാ അനിഷ്ടകരമായ സംഭവങ്ങൾക്കും ചുക്കാൻ പിടിച്ച, അവയ്ക്കൊക്കെ സാക്ഷികളായി ത്തീർന്ന ആ പത്തുമക്കളും ഒരുപോലെ വിലാപസ്വരത്തിൽ പറഞ്ഞു,

"ഞങ്ങളുടെ പിതാവേ, ഞങ്ങൾക്കുവേണ്ടി അല്ലാഹുവിനോട് മാപ്പപേക്ഷിച്ചാലും. തീർച്ചയായും ഞങ്ങൾ പാപികളായിരിക്കുന്നു."

യഅ്ഖൂബ് നബി(അ) ശാന്തസ്വരത്തിൽ മറുപടി പറഞ്ഞു, ''തീർച്ചയായും നിങ്ങൾക്കായി ഞാൻ അല്ലാഹുവിനോടു മാപ്പപേക്ഷിക്കുന്നതാണ്. അവൻ പൊറുക്കുന്നവനും കരുണാനിധിയുമാണ്."

പിതാവായ യഅ്ഖൂബ് നബി(അ)യുമായി അവർ യൂസുഫ് നബി(അ)ന്റെ കൊട്ടാരത്തിലെത്തി. അദ്ദേഹം തന്റെ വന്ദ്യമാതാപിതാക്കളെ സ്വീകരിച്ചാദരിച്ച്, താനിരുന്ന ഈജിപ്ത് രാജ്യത്തിന്റെ സിംഹാസനത്തിലിരുത്തി. അവർ,ആ സഹോദരങ്ങൾ, പാപവിവശരായി യൂസുഫ് നബി(അ)ന്റെ കാൽക്കൽ വീഴുകയും, വീണ്ടും വീണ്ടും മാപ്പപേക്ഷിക്കയും ചെയ്തു.

യൂസുഫ് നബി(അ) പിതാവിനെ നോക്കിപറഞ്ഞു, "പിതാവേ, ഇത് ഞാൻ മുമ്പുകണ്ട സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ്; പതിനൊന്നു നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും എനിക്കു സാഷ്ടാംഗപ്രണാമം ചെയ്യുന്നതായി. അതെ, പത്തുസഹോദരന്മാരും ബിൻയാമിനും ഉൾപ്പെടുന്ന പതിനൊന്നു നക്ഷത്രങ്ങളും, പിന്നെ അങ്ങും എന്റെ മാതാവുമടങ്ങുന്ന സൂര്യചന്ദ്രന്മാരും ഇതാ ഇപ്പോൾ എന്നോടൊപ്പമുണ്ട്.'' അനന്തരം അദ്ദേഹം തന്റെ പ്രാർത്ഥനാവാക്കുകൾ ഉരുവിട്ടു.

"നാഥാ, നീ എന്റെ ദിവ്യസ്വപ്നത്തെ സത്യമാക്കി പൂർത്തീകരിച്ചുതന്നിരിക്കുന്നു. തീർച്ചയായും നീ എനിക്കു നന്മ ചെയ്തു. എന്നെ ആദ്യം കിണറ്റിലെ അപടകാവസ്ഥയിൽനിന്നും, പിന്നീട് കൽത്തുറുങ്കിൽ നിന്നും രക്ഷപ്പെടുത്തി. കൻയാൻ മലഞ്ചെരിവിൽ നിന്നും എന്റെ മാതാപിതാക്കളെ ഇവിടെ എന്റെ സവിധത്തിൽ എത്തിച്ചുതന്നു. എന്റെ സഹോദരന്മാരെ പശ്ചാത്താപവിവശരാക്കി. എന്നെ നീ ഈജിപ്തിലെ ഭരണാധികാരിയാക്കി. സ്വപ്നത്തിന്റെ വ്യാഖ്യാനങ്ങൾ നീ എനിക്ക് പഠിപ്പിച്ചുതരികയും, അത് നിറവേറ്റുകയും ചെയ്തു. നീ തന്നെയാണെന്റെ രക്ഷിതാവ്. എന്നെ സത്യവിശ്വാസിയായി ജീവിപ്പിക്കുകയും, സന്മാർഗ്ഗികളോടൊപ്പം ചേർക്കുകയും ചെയ്യേണമേ...."

യഅ്ഖൂബ് നബി(അ), തന്റെ പ്രിയപുത്രൻ യൂസുഫിന്റെ പ്രാർത്ഥനാവാക്കുകൾ കേട്ട് കോരിത്തരിച്ചിരുന്നുപോയി. ആ പത്തുസഹോദരന്മാരും, ബിൻയാമിനും ഈ രംഗങ്ങൾക്കൊക്കെ മൂകസാക്ഷികളായി അപ്പോഴും അവിടെതന്നെ നിൽക്കുന്നുണ്ടായിരുന്നു. ●

## കേരളസംസ്ഥാന മജ്ലിസ് ആമിലാ അംഗങ്ങൾ

1. ജനാബ് വി.പി. ആശിക് സാഹിബ് (കടലായി മജ്ലിസ്), നായിബ് നാസിം തബ്ലീഗ്, തർബിയ്യത്ത്
2. ജ: ടി. അഹ്മദ് സഈദ് സാഹിബ് (കോഴിക്കോട് മജ്ലിസ്), നായിബ് നാസിം തഅ്ലീം
3. ജ: എം. ജമീൽ അഹ്മദ് സാഹിബ് (കണ്ണൂർ ടൗൺ മജ്ലിസ്), നായിബ് നാസിം ഉമൂമി
4. ജ: എം. റാഫി അഹ്മദ് സാഹിബ് (കോഴിക്കോട് മജ്ലിസ്), നായിബ് നാസിം മാൽ
5. ജ: പി.പി. ഹസ്സൻ കോയ സാഹിബ് (മഞ്ചേരി മജ്ലിസ്), നായിബ് നാസിം സിഹ്-ഹത്തെ ജിസ്മാനി
6. ജ:പി. മുസഫ്ഫർ അഹ്മദ് സാഹിബ് (കണ്ണൂർ സിറ്റി മജ്ലിസ്), നായിബ് നാസിം തജ്നീദ്
7. ജ: ഇബ്രാഹീംകുട്ടി സാഹിബ് (മാത്ര മജ്ലിസ്), നായിബ് നാസിം തഹ്രീകെ ജദീദ്
8. ജ:എം. അബ്ദുൽ ഗഫൂർ സാഹിബ് (കണ്ണൂർ ടൗൺ മജ്ലിസ്), നായിബ് നാസിം വഖ്ഫെ ജദീദ്
9. ജ: സി. നാസിറുദ്ദീൻ സാഹിബ് (പള്ളുരുത്തി മജ്ലിസ്) നായിബ് നാസിം ഇശാഅത്ത്
10. ജ: എം. മുഹമ്മദ് സലീം സാഹിബ് (കണ്ണൂർ ടൗൺ മജ്ലിസ്), നായിബ് നാസിം ഖിദ്മത്തെ ഖൽഖ്
11. ജ: മുഹമ്മദ് ഇസ്മായിൽ സാഹിബ് (മുറിയക്കണ്ണി മജ്ലിസ്) ആഡിറ്റർ
12. ജ: സി.ജി. അബ്ദുൽ കരീം സാഹിബ് (കവറത്തി മജ്ലിസ്)

ലേഖനം

ടി. ശംസുദ്ദീൻ, കണ്ണൂർ

# വാഗ്ദത്ത പരിവർത്തനകാരി

ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ രണ്ടാംഖലീഫയും വാഗ്ദത്ത മസീഹ്(അ)ന്റെ വാഗ്ദത്തപുത്രനുമായ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) 1889 ജനുവരി 12-ന് ശനിയാഴ്ചയാണ് ജനിച്ചത്. ഇദ്ദേഹത്തിന്റെ ജനനത്തിന് മുമ്പുതന്നെ ഈ വ്യക്തിത്വത്തെ കുറിച്ച് ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. വാഗ്ദത്ത മസീഹിന്റെ വിഖ്യാതമായ ഒരു പ്രവചനമാണ് ഇതിനു കാരണം. 1886 ഫെബ്രുവരി 20-നാണ് വാഗ്ദത്ത മസീഹ്(അ) തന്റെ വിഖ്യാതമായ ഈ പ്രഖ്യാപനം ലോകത്തെ അറിയിച്ചത്.

### വാഗ്ദത്ത മസീഹിന്റെ പ്രവചനം

ഇസ്ലാമിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും മറ്റു മതങ്ങളുടെമേൽ ഇസ്ലാമിന്റെ മഹത്വം വെളിപ്പെടുമാറാകുന്നതിനും ഇസ്ലാമിക പ്രബോധനം ലോകത്തിന്റെ അറ്റങ്ങളോളം എത്തിപ്പെടുന്നതിനുമായി ഒരു ജീവൽദൃഷ്ടാന്തം വെളിപ്പെടുത്തുന്നതിന് വാഗ്ദത്ത മസീഹ്(അ) അല്ലാഹുവിനോട് കേണപേക്ഷിച്ചുകൊണ്ടിരുന്നു. ഇതിനായി നബിമാരുടെ ചര്യയനുസരിച്ച് നാൽപതുനാൾ ദൈവധ്യാനത്തിലും പ്രത്യേക പ്രാർത്ഥനകളിലും നിരതനായിക്കൊണ്ട് ഒരു തപോയജ്ഞമനുഷ്ഠിക്കാൻ ആഗ്രഹിച്ചു. ദൈവികമായ അറിയിപ്പ് ലഭിക്കുന്നതുവരെ വാഗ്ദത്ത മസീഹ്(അ) അതിന്നായി കാത്തുനിന്നു. ഒടുവിൽ ദൈവികമായ അറിയിപ്പ് വന്നെത്തി. അതിന്നായി അദ്ദേഹം ഹോശിയാർപൂരിന്നടുത്ത സോജാൻപൂർ എന്ന സ്ഥലം തെരഞ്ഞെടുത്തു. അവിടെ ഒരു ഇരുനിലകെട്ടിടത്തിന്റെ മുകൾഭാഗം നാല്പതു ദിവസത്തെ കഠിനപ്രാർത്ഥനയ്ക്കായി നിശ്ചയിച്ചു. ഈ ദിവസങ്ങളിൽ നിരവധി സുവാർത്തകൾ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. ഒടുവിൽ നാൽപതാം ദിവസം വാഗ്ദത്തപുത്രനെ സംബന്ധിച്ചു തനിക്കു ലഭിച്ച ദൈവികഅറിയിപ്പ് അദ്ദേഹം പ്രസിദ്ധീകരിച്ചു. പ്രസ്തുത വിജ്ഞാപനത്തിൽ ഇങ്ങനെ പ്രഖ്യാപിക്കുന്നു.

"അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു. ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരടയാളം നല്കുന്നു. നീ എന്നോട് ചോദിച്ചപ്രകാരം. ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർത്ഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര (ലുധിയാന-ഹോശിയാർപൂർ) നിനക്ക് അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അൽഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്ക് നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്ക് ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ പുഞ്ചിക നിനക്ക് കരസ്ഥമാകുകയാണ്. അല്ലയോ ജയാശാലി നിനക്ക് സമാധാനം. ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷ ലഭിക്കാനും, കബറുകളിൽ മറവ് ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്ലാമതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരുമയും ജനങ്ങൾക്ക് വെളിപെടുന്നതിനും, ഞാൻ സർവ്വശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിന് മനസ്സിലാക്കുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്ക് ദൃഢബോധ്യം വരുന്നതിനും, ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)യെ നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗ്ഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. ആകയാൽ, നിനക്ക് സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്ക് ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും."

"സുന്ദരനായ പരിശുദ്ധസുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്ന. അവന്റെ പേര് ഇമാനുവേൽ എന്നും ബശീർ എന്നുമാണ്. അവന് പാവനമായ ആത്മാവ് നല്കപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽ നിന്നെല്ലാം അതീതനായിരിക്കും. അവൻ 'ദൈവത്തിന്റെ പ്രഭ' (നൂറുല്ലാഹ്) ആയിരിക്കും. ആകാശത്തിൽനിന്നു വരുന്നവൻ അനുഗ്രഹീതൻ."

"അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്തുവന്ന് തന്റെ മസീഹി ഗുണവും റൂഹുൽ ഹഖിന്റെ (സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനുമായിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും- ഇതിന്റെ അർത്ഥം മനസ്സിലായിട്ടില്ല- തിങ്കളാഴ്ച അനുഗ്രഹപൂർണ്ണമായ തിങ്കളാഴ്ച; വാത്സല്യപുത്രൻ, മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്തരഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ. അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗ്രഹീതവും ദൈവത്തിന്റെ പ്രതാപം വെളിപെടുത്തുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ

ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാവശാലി വരുന്നു. നാം നമ്മുടെ വചനം അവനിലാക്കും. അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽനിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗ്ഗത്തിൽ തനിക്കുള്ള ആത്മസ്ഥാനത്തേക്ക് കരേറ്റപ്പെടും. ഇത് വിധിച്ചുപോയ കാര്യമാണ്."

പ്രവചനം വിളംബരം ചെയ്ത് മൂന്നുവർഷത്തിനുള്ളിൽ 1889 ജനുവരി 12-ന് വാഗ്ദത്തപുത്രൻ ജനിച്ചു. ശത്രുക്കൾ പ്രവചനത്തിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളും ഒന്നിനു പിറകെ മറ്റൊന്നായി പുലർന്നത് ലോകം നോക്കിക്കണ്ടു.

**വിജ്ഞാനത്തിന്റെ നിറകുടം**

"ഭൗതികവും ആത്മീയവുമായ ജ്ഞാനങ്ങളാൽ അവൻ നിറയ്ക്കപ്പെടും." പ്രവചനത്തിൽ പറഞ്ഞ ഇക്കാര്യം എങ്ങനെ പുലർന്നു?

ഭൗതികവിദ്യാഭ്യാസം നന്നേകുറവായിരുന്ന മുസ്‌ലിഹ് മൗഊദ്(റ)ന് വിശുദ്ധഖുർആനുമായി അഗാധബന്ധമാണുണ്ടായിരുന്നത്. 1897 ജൂൺ 7-ന് തന്റെ 8-ാം വയസ്സിൽ അദ്ദേഹം വിശുദ്ധഖുർആൻ ഓതി പൂർത്തിയാക്കി. ജമാഅത്തിന്റെ ഒന്നാം ഖലീഫ ഹസ്റത്ത് അൽഹാജ് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)ൽ നിന്നാണ് വിശുദ്ധഖുർആനും ഹദീസുകളും മറ്റ് ആത്മീയകാര്യങ്ങളും അദ്ദേഹം ഏറെ പഠിച്ചത്. വളർന്നുവരുന്നതിനനുസരിച്ച് വിശുദ്ധഖുർആനുമായി കൂടുതൽ ബന്ധം സ്ഥാപിക്കാനും അതിന്റെ വ്യാഖ്യാനം മനസ്സിലാക്കാനും അദ്ദേഹം ശ്രദ്ധിച്ചു. ഖുർആനിലില്ലാത്ത ഒരു ജ്ഞാനവും ലോകത്തിലില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. യുവാവായിരിക്കുമ്പോൾതന്നെ അദ്ദേഹം ഖുർആൻ ദർസ് എടുക്കുമായിരുന്നു. അതുവരെ ആരും വ്യാഖ്യാനിക്കാത്ത തരത്തിൽ നവീനജ്ഞാനങ്ങൾ ഇത്തരം ദർസിലൂടെ ലോകത്തിനു ലഭിച്ചുതുടങ്ങി. മുസ്‌ലിഹ് മൗഊദ്(റ)വിന്റെ ഖുർആൻ ദർസ് ഒന്നാം ഖലീഫയിൽ ഏറെ മതിപ്പുളവാക്കിയിരുന്നു. "എനിക്കറിയാത്ത പല കാര്യങ്ങളും മിർസാ മഹ്മൂദ് ഖുർആൻ വ്യാഖ്യാനത്തിലൂടെ പറഞ്ഞുകൊണ്ടിരിക്കുന്നുവെന്ന്" അദ്ദേഹം സാക്ഷ്യപ്പെടുത്തിയത് ഇതിനു തെളിവാണ്. വിശുദ്ധഖുർആൻ ആധാരമാക്കി നിരവധി ലേഖനങ്ങളെഴുതിയ വാഗ്ദത്തപുത്രൻ സൂറഃഫാതിഹയെ സംബന്ധിച്ചുമാത്രം മുന്നൂറിൽപരം പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. "തഫ്സീറെ കബീർ" എന്ന പേരിൽ പ്രസിദ്ധീകൃതമായ വിശുദ്ധഖുർആന്റെ ബൃഹത്‌വ്യാഖ്യാനം ഏറെ സുപ്രസിദ്ധിയാർജ്ജിച്ചതാണ്. ചെറുതും വലുതുമായ 250-ലേറെ ഗ്രന്ഥങ്ങൾ ആ മഹാത്മാവ് പിൽക്കാലത്ത് രചിക്കുകയുണ്ടായി. അങ്ങനെ വാഗ്ദത്ത മസീഹിന്റെ വാഗ്ദത്തപുത്രൻ അല്ലാഹുവിനാൽ ആത്മീയജ്ഞാനം നിറയ്ക്കപ്പെട്ടവനായി ലോകം സാക്ഷ്യപ്പെടുത്തി.

ഭൗതികവിദ്യാഭ്യാസം നേടുന്നതിൽ വളരെ പിന്നിലായിരുന്ന ഹസ്റത്ത് മുസ്‌ലീഹ് മൗഊദ്(റ) മെട്രിക്ക് പരീക്ഷയിൽ തോറ്റതോടുകൂടി സ്കൂൾ വിദ്യാഭ്യാസം മതിയാക്കി. പക്ഷെ, അല്ലാഹു വാഗ്ദത്ത മസീഹിന് നൽകിയ വാഗ്ദാനം നിറവേറ്റുകതന്നെ ചെയ്തു. കാലക്രമത്തിൽ ഭൗതികവിജ്ഞാനത്തിൽ അദ്ദേഹം ഏറ്റവും മുൻപന്തിയിലെത്തി. ഇതൊരു ദൈവനിശ്ചയമായിരുന്നു. അദ്ധ്യാപകരിൽനിന്ന് ലഭിച്ച ചിട്ടയായ ശിക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസത്തിൽ അദ്ദേഹം മുന്നിലായിരുന്നുവെങ്കിൽ ശത്രുക്കൾ അത് ആക്ഷേപത്തിനുള്ള ഒരവസരമാക്കി മാറ്റുമായിരുന്നു. വാഗ്ദത്തപുത്രന്റെ ഉന്നതശ്രേണിയിലുള്ള ജ്ഞാനത്തിനു കാരണം ദൈവികസംവിധാനമല്ല, മറിച്ച്, അദ്ധ്യാപകരുടെ പ്രാഗത്ഭ്യമാണെന്ന് അവർ ആക്ഷേപിക്കുമായിരുന്നു. പക്ഷേ, അതിനുള്ള അവസരം അല്ലാഹു അവർക്കു നല്കിയില്ല. ഭൗതികവിദ്യാഭ്യാസത്തെ അദ്ദേഹംതന്നെ പറയുകയുണ്ടായി: "സ്കൂൾ വിദ്യാഭ്യാസത്തിൽ ഞാനെന്നും തികഞ്ഞ പരാജയമായിരുന്നു. മിഡിൽപരീക്ഷയിൽ പരാജയപ്പെട്ട എന്നെ വീട്ടുകാർ വീണ്ടും സ്കൂളിൽ അയച്ചു. പക്ഷേ, മെട്രിക്ക്പരീക്ഷ വന്നെത്തിയതോടെ എന്റെ ഭൗതികവിദ്യാഭ്യാസത്തിന്റെ അന്ത്യം കുറിക്കപ്പെട്ടു. ഉർദു, അറബി എന്നീ ഭാഷകളിലൊഴികെ മറ്റെല്ലാ വിഷയങ്ങളിലും തോറ്റു."

മെട്രിക് പരീക്ഷ പാസാകാതെ സ്കൂൾവിദ്യാഭ്യാസം നിറുത്തേണ്ടിവന്ന ഒരു വ്യക്തി പിന്നീട് മുഴുവൻ ശാസ്ത്രശാഖകളിലും മറ്റു മേഖലകളിലും മഹാജ്ഞാനിയാകുന്നതാണ് കാണാൻ സാധിച്ചത്. അല്ലാഹു അദ്ദേഹത്തിൽ ഭൗതികവിജ്ഞാനം നിറച്ചു. പണ്ഡിത കുലപതിമാരുടെമേൽ അദ്ദേഹത്തിന് വിജയം ലഭിച്ചു. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം, ഇസ്‌ലാമിലെ സമ്പദ്‌വ്യവസ്ഥ, ഇസ്‌ലാമും സാമൂഹ്യപ്രശ്നങ്ങളും, ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം, നവലോകക്രമം തുടങ്ങിയ വിഖ്യാതമായ ഗ്രന്ഥങ്ങൾ അദ്ദേഹത്തിൽ നിറയ്ക്കപ്പെട്ട ജ്ഞാനത്തിന്റെ വ്യാപ്തി തെളിയിക്കുന്നു. വിവിധ വിഷയങ്ങൾ ആസ്പദമാക്കി നിരവധി കവിതകളും അദ്ദേഹത്തിന്റെ സംഭാവനയായിട്ടുണ്ട്. ചുരുക്കത്തിൽ വാഗ്ദത്തപുത്രനെ സംബന്ധിച്ച ഈ പ്രവചനം അക്ഷരംപ്രതി പൂർത്തീകരിക്കപ്പെട്ടു.

**ജമാഅത്ത് സംവിധാനം സുസംഘടിതമാക്കുന്നു**

വാഗ്ദത്തപുത്രൻ അതീവബുദ്ധിമാനായിരിക്കുമെന്ന് പ്രവചനത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ജമാഅത്ത് സംവിധാനം സുസംഘടിതമായതിലൂടെ അത് തെളിയിക്കപ്പെട്ടു. ബുദ്ധിപരവും ദീർഘവീക്ഷണത്തോടെയുമുള്ള പദ്ധതികളിലൂടെ അഹ്മദിയ്യാജമാഅത്തിന്റെ സംഘാടനം അദ്ദേഹം ശക്തിപ്പെടുത്തി. മുസ്‌ലിഹ് മൗഊദ്(റ)ന് 19 വയസ്സുള്ളപ്പോഴാണ് പിതാവ് വാഗ്ദത്ത മസീഹ്(അ) ഇഹലോകവാസം വെടിഞ്ഞത്. ആ സമയത്ത് പിതാവിന്റെ ജനാസയുടെ തലഭാഗത്തുനിന്നുകൊണ്ട് അദ്ദേഹം ഒരു പ്രതിജ്ഞയെടുത്തു. "ആരുതന്നെ അങ്ങയെ വിട്ടുപിരിഞ്ഞാലും

ഞാൻ ഏകനായിക്കൊണ്ട് അങ്ങയുടെ ദൗത്യപ്രചാരണത്തിന് തീവ്രയത്നം നടത്തുന്നതാണ്. ഇതദ്ദേഹം അക്ഷരംപ്രതി നിറവേറ്റി. അദ്ദേഹം ജമാഅത്തിനെ ഒരു അജയ്യശക്തിയാക്കി മാറ്റി. 1911-ൽ ഒന്നാംഖലീഫയുടെ അനുവാദത്തോടെ അഞ്ചുമൻ അൻസാറുല്ലായ്ക്ക് രൂപംനൽകി. തബ്‌ലീഗ്, തർബിയ്യത്ത് എന്നിവ ഇതിന്റെ ലക്ഷ്യങ്ങളായി നിശ്ചയിച്ചു. ഇതിലംഗമാകുന്നവർക്ക് ഒരു നിശ്ചിതസമയം തബ്‌ലീഗിന്നായി മാറ്റിവെക്കേണ്ടത് നിർബന്ധമാണ്. 1914-ൽ 25-ാം വയസ്സിൽ മുസ്‌ലിഹ് മൗഊദ്(റ)നെ ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയായി തിരഞ്ഞെടുത്തു. പേരുകേട്ട നിരവധി പണ്ഡിതന്മാരുടെ ഇടയിൽനിന്നുമാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. ഖലീഫാ തിരഞ്ഞെടുപ്പിന് പിന്നിൽ അല്ലാഹുവിന്റെ കരങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെടുത്തുന്ന സംഭവങ്ങളാണ് പിന്നീട് കണ്ടത്. ജമാഅത്ത് സംവിധാനം ശക്തിപ്പെടുത്താനുള്ള നടപടികൾ അദ്ദേഹം ആരംഭിച്ചു. ഇതിനായി 'മജ്‌ലിസ് ശൂറ' എന്ന കൂടിയാലോചനാ സമിതിക്ക് 1914-ൽ അദ്ദേഹം രൂപം നല്കി. ജമാഅത്തിന്റെ പ്രചരണതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിന്നായിട്ടായിരുന്നു ഈ സമിതിക്ക് ആരംഭം കുറിച്ചത്. 1922 മുതൽ ഇതൊരു സ്ഥിരം സംവിധാനമാക്കി. വർഷത്തിലൊരിക്കൽ ശൂറ യോഗം ചേരാൻ നിർദ്ദേശിക്കപ്പെട്ടു. 1919-ൽ കൂടുതൽ പ്രവർത്തന സൗകര്യത്തിനായി വിവിധ വകുപ്പുകൾ (നിസാറത്തുകൾ) രൂപീകരിച്ചു. ഇത് ജമാഅത്തിന്റെ പ്രവർത്തനത്തിൽ കൂടുതൽ കാര്യക്ഷമത കൈവരുത്തി. തുടർന്ന് അദ്ദേഹം ജമാഅത്തിൽ ശാഖാസംഘടനകൾ രൂപീകരിച്ചു. 1922-ൽ 15 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കായി 'ലജ്ന ഇമായില്ല' എന്ന സംഘടനയും 1928-ൽ 15 വയസ്സിൽ താഴെയുള്ള പെൺകുട്ടികൾക്കായി 'നാസിറാത്തുൽ അഹ്മദിയ്യാ'യും 1938-ൽ യുവസംഘടന 'ഖുദ്ദാമുൽ അഹ്മദിയ്യാ'യും 1940-ൽ വയോജനങ്ങൾക്കായി 'മജ്‌ലിസ് അൻസാറുല്ലാ'യും രൂപീകരിച്ചു. 1940-ൽ തന്നെ ആൺകുട്ടികളുടെ സംഘടനയായ 'അത്ഫാലുൽ അഹ്മദിയ്യാ'യും രൂപീകരിച്ചു. ഈ ശാഖാസംഘടനകളിലൂടെ നിരവധി പ്രവർത്തകരെ ജമാഅത്തിനു ലഭ്യമായി. 1925-ൽ 'ദാറുൽ ഖളാ' എന്ന ഒരു ജുഡീഷ്യൽ സംവിധാനം ജമാഅത്തിൽ സ്ഥാപിച്ചു. ജമാഅത്തംഗങ്ങൾക്കിടയിലുണ്ടാകുന്ന തർക്കങ്ങൾ ഇസ്‌ലാമിക അദ്ധ്യാപനപ്രകാരം പരിഹരിക്കുന്നതിനുള്ള ഒരു സംവിധാനമാണിത്.

### വിദ്യാഭ്യാസ വിചക്ഷണൻ

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മഹാനായ ഒരു വിദ്യാഭ്യാസ വിചിക്ഷണനായിരുന്നു. ഇസ്‌ലാം എന്നും വിദ്യാഭ്യാസത്തിന് വൻപ്രാധാന്യമാണ് നൽകിയിരുന്നത്. നബി(സ) തരുമേനിക്ക് ആദ്യമായുണ്ടായ വെളിപാടുതന്നെ '***ഇഖ്റഅ്***' (നീ വായിക്കുക) എന്നതാണ്. ചൈനയിൽ പോയെങ്കിലും വിദ്യ അഭ്യസിക്കുക എന്ന പാഠമാണ് ആ കാലത്ത് നബി(സ) അനുയായികൾക്കു നൽകിയത്. അന്ന് അറേബ്യയിൽനിന്നും ചൈനയിൽ എത്തിച്ചേരുക ഏറെ ദുഷ്കരമായിരുന്നു. എന്തുത്യാഗം സഹിച്ചും അറിവ് നേടണമെന്നാണതിനർത്ഥം. വിദ്യാഭ്യാസത്തോടുള്ള ഈ ഇസ്‌ലാമിക കാഴ്ചപ്പാടിന്റെ ഫലം ലോകം കണ്ടു. മുസ്‌ലിംകൾ വിദ്യാഭ്യാസമേഖലയിൽ ഏറെ മുന്നോട്ടെത്തി. ഈ മേഖലയിൽ നിരവധി സംഭാവനകൾ അവർ നൽകി. എന്നാൽ കാലാന്തരേണ ഈ സ്ഥിതിക്ക് മാറ്റംവന്നു. ഇസ്‌ലാമിനു തന്നെ അപചയം വന്നതോടുകൂടി മുസ്‌ലിംകൾ വിദ്യാഭ്യാസത്തിൽ പിൻതള്ളപ്പെട്ടു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷിദ്ധമെന്നുവരെ ഉലമാക്കൾ വിധിയെഴുതി.

ഈയൊരു ശോചനീയാവസ്ഥ മാറ്റിയെടുക്കുന്നതിനുള്ള പദ്ധതികൾ മുസ്‌ലിഹ് മൗഊദ്(റ) ആവിഷ്ക്കരിച്ചു. അഹ്മദിയ്യാ ജമാഅത്ത് വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി. സ്ത്രീകളുടേയും പുരുഷന്മാരുടേയും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി അദ്ദേഹം നിരവധി നടപടികൾ കൈക്കൊണ്ടു. ഇതിന്നായി "ഫസ്‌ലെ ഉമർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്" എന്ന ഒരു ഗവേഷണസ്ഥാപനം സ്ഥാപിച്ചു. സ്ത്രീകൾക്കായി പ്രത്യേകമായ മദ്രസ്സ ആരംഭിക്കുകയും അതുവഴി അവർക്ക് മതവിജ്ഞാനം നൽകാനാരംഭിക്കുകയും ചെയ്തു. പെൺകുട്ടികളുടെ ഭൗതികവിദ്യാഭ്യാസത്തിന്നായി 1925-ൽ ഖാദിയാനിൽ നുസ്രത്ത് ഗേൾസ് സ്കൂളും 1928-ൽ "ജാമിഅ അഹ്മദിയ്യാ"യും ആരംഭിച്ചു. ഇസ്‌ലാമിക മിഷണറിമാരെ വളർത്തിയെടുക്കുകയായിരുന്നു ജാമിഅയുടെ ലക്ഷ്യം. ഇത്തരം ജാമിഅകൾ ഇന്ന് മറ്റു രാജ്യങ്ങളിലും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. 1944-ൽ തഅലീമുൽ ഇസ്‌ലാം കോളേജും 1948-ൽ പെൺകുട്ടികൾക്കു മാത്രമായി 'ജാമിഅ നുസ്രത്ത് കോളേജും' നിലവിൽവന്നു. ചുരുക്കത്തിൽ അഹ്മദികൾക്ക് ആത്മീയവും ഭൗതികവുമായ ശിക്ഷണം നൽകി ഇസ്‌ലാമിക പ്രബോധകരാക്കാനുള്ള സംവിധാനം ഹസ്റത്ത് മുസ്‌ലിഹ് മൗഊദിനാൽ സ്ഥാപിതമായി. ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ സ്തുത്യർഹമായ സേവനങ്ങൾ അർപ്പിച്ചുവരുന്നു.

### തഹ്‌രീക്-ജദീദ് പദ്ധതി

ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് 1929-ൽ 'അഞ്ചുമൻ അഹ്റാൽ' എന്നൊരു സംഘടന ഇന്ത്യയിൽ രൂപീകരിക്കപ്പെടുകയുണ്ടായി. ഈ സംഘടന കാലക്രമേണ ഒരു അഹ്മദിയ്യാവിരുദ്ധ സംഘടനയായി മാറുകയും അഹ്മദിയ്യാ പ്രസ്ഥാനത്തെ ഭൂമുഖത്തുനിന്നും തുടച്ചുനീക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയുമുണ്ടായി. 1933-ൽ ഈ സംഘടന ചില മുസ്‌ലിം നേതാക്കളുടെ പരസ്യപിന്തുണയോടും മറ്റു ചില മുസ്‌ലിം നേതാക്കളുടെ രഹസ്യപിന്തുണയോടും കൂടി അഹ്മദിയ്യാ ജമാഅത്തിനെതിരെ പ്രക്ഷോഭം സംഘടിപ്പിച്ചു. ഇവരുടെ സംഘടിത നീക്കങ്ങളുടെ അനന്തരഫലമെന്നോണം ഇന്ത്യയിലാകമാനം അഹ്മദിയ്യാ ജമാഅത്തിനെതിരായ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു. അഹ്മദിയ്യത്തിനെ തകർക്കാൻ തയ്യാറുള്ള ആരുമായും കൂട്ടുകൂടാൻ ഈ സംഘടന തയ്യാറായി. ആര്യസമാജികളും ക്രിസ്ത്യാനികളും സിക്കുകാരും മുസ്‌ലിം

നേതാക്കൾക്കൊപ്പം ഈ സംഘടനയിൽ അണിനിരന്നു. 1934-ൽ ഇവർ ഖാദിയാനിൽ ഒരു അഹ്മദിയ്യാ വിരുദ്ധറാലി സംഘടിപ്പിച്ചു. ജമാഅത്തിനെതിരിൽ ദുഷ്പ്രചാരണങ്ങളിൽ ഇവർ വ്യാപൃതരായി. ഈയൊരവസ്ഥയിൽ അഹ്മദിയ്യത്തിന്റെ യഥാർത്ഥ ആശയങ്ങൾ കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിന് ഖലീഫ(റ) തീരുമാനിച്ചുറച്ചു. വിദേശങ്ങളിൽ മിഷണറിമാരെ അയക്കുന്നതിനുള്ള പദ്ധതി അദ്ദേഹം തയ്യാറാക്കി. അതാണ് തഹ്രീക്ക് ജദീദ് പദ്ധതി. ആദ്യം മൂന്നു വർഷത്തേക്കുള്ള ഒരു പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ട ഇത് പിന്നീട് സ്ഥിരം പദ്ധതിയാക്കി മാറ്റുകയുണ്ടായി. 1934 നവംബർ 23-നാണ് തഹ്രീക്ക് ജദീദ് പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. അഹ്മദികൾ തങ്ങളുടെ ജീവിതം ലളിതമാക്കി ഇസ്‌ലാമിക പ്രചാരണത്തിനുള്ള പണം സ്വരൂപിക്കാൻ മുസ്‌ലിഹ് മൗഊദ്(റ) ആഹ്വാനം ചെയ്തു. അഹ്മദിയ്യാ ജമാഅത്തിനുവേണ്ടി ജീവിതമർപ്പിക്കാൻ സ്വമേധയാ മുന്നോട്ടുവരാൻ അദ്ദേഹം അംഗങ്ങളെ ഉൽബോധിപ്പിച്ചു. ഈ ആഹ്വാനത്തിന്റെ ഫലമായി വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ നിരവധി സജീവപ്രവർത്തകരെ ജമാഅത്തിനു ലഭിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു മിഷണറിമാർ അയക്കപ്പെട്ടു. അതിന്റെ ഫലമായി അഹ്മദിയ്യത്തിന്റെ ശബ്ദം ലോകത്തിന്റെ എല്ലാ കോണുകളിലും എത്തി. ഇന്ത്യയിൽ വച്ചുതന്നെ ജമാഅത്തിനെ നശിപ്പിക്കാമെന്ന് വ്യാമോഹിച്ചവർ ഇതുകണ്ടമ്പരന്നു. അഹ്റാർ സംഘടനതന്നെ ഇല്ലാതാകുന്നതാണ് പിന്നീട് കണ്ടത്. തഹ്രീക് ജദീദ് പദ്ധതിയുടെ ഭാഗമായി 1934-ൽ ഈസ്റ്റ് ആഫ്രിക്ക, 1935-ൽ ജപ്പാൻ, 1938-ൽ ബർമ്മ, 1945-ൽ ഫ്രാൻസ്, 1946-ൽ സ്പെയിൻ, 1947-ൽ ഹോളണ്ട്, 1948-ൽ സ്വിറ്റ്സർലണ്ട്, 1949-ൽ ജർമ്മനി, 1956-ൽ ഡൻമാർക്ക് എന്നീ വിദേശരാഷ്ട്രങ്ങളിൽ മിഷനുകൾ സ്ഥാപിക്കപ്പെട്ടു. ഇന്ന് 181 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തിച്ചുവരുന്നു.

**ഇന്ത്യാവിഭജനവും റബ്‌വ നിർമ്മാണവും**

1947-ൽ ഇന്ത്യ രണ്ടായി വിഭജിക്കപ്പെട്ടു. ഇന്ത്യയെന്നും പാക്കിസ്ഥാനെന്നും പേരുള്ള രണ്ട് സ്വതന്ത്ര രാഷ്ട്രങ്ങൾ നിലവിൽവന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാൻ പൂർണ്ണമായും ഇന്ത്യൻ അതിർത്തിക്കുള്ളിലാണ് ഉൾപ്പെട്ടത്. തുടർന്ന് ഖലീഫയ്ക്കും സദർഅഞ്ചുമന്റെ അംഗങ്ങൾക്കും പാക്കിസ്ഥാനിലേക്ക് പോകേണ്ടിവന്നു. ഇത്തരത്തിലുള്ള ഒരു ഹിജ്റത്തിനെ സംബന്ധിച്ച് അല്ലാഹു മുസ്‌ലിഹ് മൗഊദ്(റ)നെ കാലേകൂട്ടിതന്നെ അറിയിച്ചിട്ടുണ്ടായിരുന്നു. അതിനാൽ ദീർഘവീക്ഷണത്തോടെ മുന്നൊരുക്കങ്ങൾ നടത്താൻ അദ്ദേഹത്തിന് സാധിച്ചു.

കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു. "ഈ ശാന്തിഗേഹത്തിൽവെച്ച് അഭയാർത്ഥികളായെത്തിയ ആർക്കെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഞാൻ സ്വയം ഏറ്റെടുക്കുന്നതാണ്." അല്ലാഹുവിന്റെ ഖലീഫയ്ക്കല്ലാതെ മറ്റാർക്ക് ഇത് പറയാനാകും.

ഖാദിയാനിൽ ഒന്നും സംഭവിച്ചില്ല. മസീഹിന്റെ ജന്മഗേഹം ശാന്തിഗേഹമായി അറിയപ്പെട്ടു. എഴുപതിനായിരത്തോളം അനഹ്മദികളാണ് അഭയംതേടി ഇവിടെയെത്തിയത്. നേരത്തേതന്നെ സംഭരിച്ചുവെക്കപ്പെട്ട ധാന്യങ്ങൾ ഇവർക്കു ഭക്ഷണമായി. ഒടുവിൽ ആ ദിനം വന്നെത്തി. അഹ്മദികൾ ഖാദിയാനെന്ന പുണ്യഭൂമിയിൽനിന്നും ഒഴിഞ്ഞുപോകാനാരംഭിച്ചു. ബദ്ർ യുദ്ധത്തിന്റെ സ്മരണ പുതുക്കിക്കൊണ്ട് 313 കാവൽ ഭടന്മാരെ ഖാദിയാന്റെ സംരക്ഷണചുമതലയേൽപ്പിച്ചു. 1947 ആഗസ്റ്റ് 31-ന് പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആഫീസുകളും മറ്റു സ്വകാര്യകെട്ടിടങ്ങളും അടച്ചു. അഹ്മദികൾ 'ഖുദ്ദാമുൽ അഹ്മദിയ്യാ' എന്ന സന്നദ്ധസേനയുടെ അകമ്പടിയുമായി പാക്കിസ്ഥാനിലേക്കു യാത്രയായി. വളരെ വേദനാജനകമായിരുന്നുവെങ്കിലും ഈ യാത്ര അനിവാര്യമായിരുന്നു. അഹ്മദികൾ സുരക്ഷിതരായി പുതിയ സ്ഥലത്തെത്തിച്ചേർന്നു. അവിടെ പുതിയൊരു കേന്ദ്രം സ്ഥാപിക്കുന്നതിന്നായി 'ചീനാബ്' നദീതീരത്ത് തരിശായി കിടന്നിരുന്ന 1034 ഏക്കർ ഭൂമി സർക്കാരിൽനിന്നും വിലക്കുവാങ്ങി. മരങ്ങളില്ലാത്ത ഒരു വരണ്ടഭൂമി. അവിടത്തെ അന്തേവാസികൾ പാമ്പുകളും തേളുകളും കുറുക്കന്മാരും ചെന്നായ്ക്കളും മാത്രം. സമുദ്രനിരപ്പിൽനിന്നും അറുന്നൂറടി ഉയരമുള്ള ഈ പ്രദേശത്തിന് 'റബ്‌വ' എന്ന് നാമകരണം ചെയ്തു. ഈസാനബിക്കും മാതാവിനും ഒരു ഉയർന്ന പ്രദേശത്ത് അല്ലാഹു സംരക്ഷണം നൽകിയെന്ന് ഖുർആൻ പറയുന്നു. ഇവിടെ 'റബ്‌വ' എന്ന ഉയർന്ന പ്രദേശം രണ്ടാം മസീഹിന്റെ പുത്രനും അനുയായികൾക്കും അഭയസ്ഥാനമായി. 1948 സെപ്തംബർ 19-ന് അഹ്മദികളുടെ ആദ്യസംഘം അവിടെയെത്തി. പുതിയ കേന്ദ്രപ്രദേശം പടുത്തുയർത്തുന്നവർക്കുള്ള താൽക്കാലിക വാസസ്ഥലം ഒരുക്കുകയെന്ന ദൗത്യമാണീ സംഘത്തിനു നൽകപ്പെട്ടത്. ഈ പ്രഥമസംഘത്തിൽ മുസ്‌ലിഹ് മൗഊദ്(റ)ന്റെ പുത്രനും പിന്നീട് നാലാം ഖലീഫയുമായിതീർന്ന ഹസ്റത്ത് മിർസാ താഹിർ അഹ്മദ്(റഹ്)യും ഉൾപ്പെട്ടിരുന്നു. ക്രമേണ റബ്‌വ ഒരു നഗരമായി മാറിത്തുടങ്ങി. അതൊരു മനോഹരമായ പട്ടണമായി മാറി. ആരും അസൂയയോടുകൂടി നോക്കുന്നതരത്തിൽ ആ തരിശുഭൂമി മാറ്റപ്പെട്ടു. പാക്കിസ്ഥാനിലെ ഒരു വികസിതനഗരമായി റബ്‌വ അറിയപ്പെട്ടു. സാക്ഷരതയിൽ ആ പ്രദേശം മുന്നിട്ടുനിന്നു. അങ്ങനെ വാഗ്ദത്തപുത്രൻ മുസ്‌ലീഹ് മൗഊദ്(റ)നാൽ മറ്റൊരു പുണ്യദേശംകൂടി മുസ്‌ലിംകൾക്കു ലഭ്യമായി. *(തുടരും)*

---

*26-ൽ നിന്ന് തുടർച്ച*

വരായിരിക്കെ ഇതിനുവേണ്ടി അവർ പരസ്പരം വിളിക്കുകയാണെങ്കിൽ വിളിക്കപ്പെടുന്ന ദൈവവും നമ്മളും വിളിക്കുന്ന ദൈവത്തെ മന്ദബുദ്ധി എന്നുതന്നെയല്ലെ പറയുക. മന്ദബുദ്ധി ദൈവമായിരിക്കാവതല്ലല്ലോ. ഒന്നുകിൽ മന്ദബുദ്ധി എന്നു പറയപ്പെടുന്ന ആൾ ദൈവമല്ല. അല്ലെങ്കിൽ ഈ പ്രപഞ്ചത്തെതന്നെ അത്തരം മന്ദബുദ്ധി നശിപ്പിക്കുന്നതാണ്. (*തഫ്സീർ കബീർ*)

**വിവ: സഗീർ. എച്ച്.എസ്, കാവശ്ശേരി**

ലേഖനം

ഉമർ പാറപ്പുറത്ത്

# കാർട്ടൂൺ ഉയർത്തുന്ന പ്രശ്നങ്ങൾ

**മു**ഹമ്മദ് നബി(സ)യെ കുറിച്ചുള്ള കാർട്ടൂൺ ലോകമൊട്ടാകെ ചർച്ചചെയ്യപ്പെടുന്നുണ്ട് ഇപ്പോൾ. ചർച്ചകളുടെ ദിശയും പരിണാമവും എന്തായാലും ഈ കാർട്ടൂൺ വിവാദം വെളിപ്പെടുത്തുന്ന ചില സത്യങ്ങൾ നമുക്ക് അവഗണിക്കാവുന്നതല്ല. ഇത്തരം കാർട്ടൂൺ പ്രദർശനങ്ങൾ തികച്ചും യാദൃശ്ചികമല്ല. മറ്റൊന്ന് ഇവയുടെ ലക്ഷ്യം ശരിയായരീതിയിൽ നടപ്പിലാകുന്നുണ്ട് എന്നതാണ്. ഇതിലൊക്കെയുമുപരി ഒട്ടനവധി ബൗദ്ധികവും പ്രായോഗികവുമായ കാര്യങ്ങൾ ഈ വിവാദത്തിലൂടെ മുസ്‌ലിംലോകത്തിന് മുമ്പാകെ എത്തിയിട്ടുണ്ട്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, ഈ പ്രശ്നത്തിന്റെ ഗൗരവം മുസ്‌ലിം പണ്ഡിതന്മാർക്ക് മനസ്സിലായോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

2005 സെപ്തംബർ അവസാനമാണ് ജെലന്റ്സ് പോസ്റ്റൻ എന്ന പാരമ്പര്യവാദിയായ ഡാനിഷ് പത്രം റസൂൽ തിരുമേനി(സ)യെക്കുറിച്ചുള്ള കാർട്ടൂൺ പരമ്പര പ്രസിദ്ധീകരിക്കുന്നത്. കാർട്ടൂണുകൾ പലപ്പോഴായി ഭരണകൂടങ്ങളേയും ഏകാദിപതികളെയുമൊക്കെ ചൊടിപ്പിച്ചിട്ടുണ്ട്. തീവ്രവും മൗലികവും ഹാസ്യത്മകവുമായ കാർട്ടൂണുകൾ ചരിത്രത്തിലുട നീളം തെളിഞ്ഞുകാണാം. ഇന്ത്യയിലെ അടിയന്തിരാവസ്ഥപോലെ പ്രതികൂലസാഹചര്യങ്ങളിൽപോലും ജനകീയ ചെറുത്തുനില്പിന്റെ ഭാഗമായി കാർട്ടൂൺ ചിന്തകളും ചിരികളും സൃഷ്ടിക്കപ്പെടാറുണ്ട്. എന്നാൽ അങ്ങനെയൊരു ധാർമ്മിക പരിസരം ഡാനിഷ്പത്രം പ്രസിദ്ധീകരിച്ച കാർട്ടൂണിന് അവകാശപ്പെടാനില്ല. മറിച്ച്, വികാരപരമായ ചില പ്രത്യേകതകളെ സജീവമാക്കി മാറ്റി സാമൂഹികമായ ചേരിതിരിവ് സൃഷ്ടിക്കാനുള്ള വ്യഗ്രതയാണിവിടത്തെ രാസത്വരകം.

ഈ കാർട്ടൂൺ വിവാദമായി മാറിയപ്പോൾ പല മുസ്‌ലിം രാജ്യങ്ങളുടേയും ഡന്മാർക്കിലെ അംബാസിഡർമാർ ഇതോട് പ്രതികരിച്ചു. ഈ പ്രതികരണങ്ങളുടെ അവസാനം ഇവർ ഡാനിഷ് പ്രധാനമന്ത്രിയുമായി ഒരു കൂടിക്കാഴ്ച നടത്തി. എന്നാൽ, ഡാനിഷ് പ്രധാനമന്ത്രി ആൻഡേയ്സ് റോസ് മുഡൻ കാർട്ടൂൺ പിൻവലിക്കാനുള്ള ആവശ്യം നിരസിച്ചു. കാര്യം ഡാനിഷ് വ്യവസ്ഥിതിയനുസരിച്ച് പത്രാവിഷ്കാര സ്വാതന്ത്ര്യങ്ങൾ വിലമതിക്കപ്പെടേണ്ടതുണ്ട്. ഇതിനൊരു മറുവശം കൂടിയുണ്ട്. ഇപ്പോഴത്തെ ഡാനിഷ് ഗവർമ്മെന്റ് ഒരു ബഹുകക്ഷി കൂട്ടായ്മയാണ്. ഇതിലൊരു ഘടകകക്ഷി 'ഡാനിഷ് പ്യൂപ്പിൾസ് പാർട്ടി' കടുത്ത യാഥാസ്ഥിതികരും കുടിയേറ്റ വിരുദ്ധരുമാണ്. ഡാനിഷ് പ്രധാനമന്ത്രി വ്യക്തിപരമായിത്തന്നെയും കുടിയേറ്റക്കാർക്കിടയിലുള്ള 'അപക്വമതി'കൾക്കെതിരായി സംസാരിക്കുന്നയാളുമാണ്. ഈ പ്രശ്നത്തിൽ ഡാനിഷ് മുസ്‌ലിംകൾ വൈകാരികമായി സമീപിച്ചില്ല എന്നത് ശ്രദ്ധാർഹമാണ്. എന്നാൽ തങ്ങളുടെ വിശ്വാസത്തിനെതിരെയുള്ള കടന്നുകയറ്റമായിത്തന്നെ അവരതിനെ കണ്ടു. എങ്കിലും ഫലപ്രദമായ പ്രതികരണത്തിനുള്ള സാദ്ധ്യത ഇവിടെ വിരളമാകുന്നുണ്ട്.

2006 ജനുവരിയോടെയാണ് പ്രശ്നം ചൂടാവുന്നത്. ഈ സമയം ചില മുസ്‌ലിംരാജ്യങ്ങൾ ഡാനിഷ് ഉല്പനങ്ങളുടെ ഇറക്കുമതി തടഞ്ഞു. പാലുല്പന്നങ്ങൾക്കും മുട്ടയ്ക്കുമൊക്കെ പേരുകേട്ട നാടാണ് ഡന്മാർക്ക്. ഡാനിഷ് പാലുല്പാദക സഹകരണസംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് അറേബ്യൻനാടുകൾ വലിയ വിപണിയുമാണ്. എന്തായാലും രംഗം തെരുവിലേക്ക് മാറാൻ അധികസമയമെടുത്തില്ല. ലോകമെമ്പാടും മുസ്‌ലിംകൾ തെരുവുകൾതോറും പ്രതിഷേധിച്ചു. ജനക്കൂട്ടം ഡാനിഷ് പത്രത്തിന്റേയും ഗവർമ്മെന്റിന്റെയുമൊക്കെ രക്തത്തിനുവേണ്ടി അലറിവിളിച്ചു. പലയിടങ്ങളിലും ഡാനിഷ് കൗൺസിലുകൾ അക്രമിക്കപ്പെട്ടു. ഇതരയൂറോപ്യൻ എംബസികൾക്കുനേരേയും അക്രമം നടന്നു. വെടിവയ്പും ലാത്തിചാർജ്ജും നിത്യസംഭവങ്ങളായി. മരണസംഖ്യ വളരെയേറെ കൂടി. ദിനംതോറും കോടികളുടെ മുതലുകൾ നശിപ്പിക്കപ്പെട്ടു. ഈ പ്രതിഷേധം വിഷയത്തിന്റെ യഥാർത്ഥവശത്തെ മറച്ചുകളഞ്ഞു. അതിലുപരി 'ഇസ്‌ലാം-ഭീകരത' എന്ന പാശ്ചാത്യഭാഷ്യത്തിന് കൂടുതൽ സ്വീകാര്യതയും ലഭിച്ചു. ചുരുക്കിപ്പറഞ്ഞാൽ പ്രകോപനത്തിന്റെ ലക്ഷ്യം പൂർണ്ണതയിലെത്തി എന്ന അർത്ഥം.

കാർട്ടൂൺ പ്രസിദ്ധീകരിച്ച ജലാന്റ്സ് പോസ്റ്റൻ എന്ന ഡാനിഷ് പത്രത്തിൽ അല്പകാലം മുമ്പ് യേശുക്രിസ്തുവിനെ കുറിച്ചുള്ള ഒരു കാർട്ടൂൺ ലഭിച്ചുവത്രെ. എന്നാൽ ഈ കാർട്ടൂൺ പ്രസിദ്ധീകരിക്കാൻ പത്രസാരഥികൾ സമ്മതിച്ചില്ല. ഇക്കാര്യം വെളിപ്പെടുത്തിയത് ഒരു കാർട്ടൂണിസ്റ്റുതന്നെയാണ്. (അവലംബം, ദി ഹിന്ദു, ഫെബ്രുവരി 16, 2006) കാർട്ടൂൺ നിരസിക്കപ്പെടാനുള്ള കാരണമായി പത്രം പറയുന്നത് അവ വേണ്ടത്ര ഹാസ്യാത്മകമല്ല എന്നും അതുപോലെ തന്നെ വായനക്കാരുടെ പ്രതിഷേധം വിളിച്ചുവരുത്തും എന്നതുമായിരുന്നു. വ്യക്തമായി പറഞ്ഞാൽ യേശുക്രിസ്തുവെ അപഹസിക്കുന്നതിലും എളുപ്പം മുഹമ്മദ് നബി(സ)യെ അപഹസിക്കുക എന്നതാണ്. കൂടാതെ ഡന്മാർക്കിലെ ന്യൂനപക്ഷ മുസ്‌ലിം സമൂഹത്തെ സമൂഹത്തിന്റെ ഭാഗമായി കരുതാനുള്ള മാനസികവളർച്ച പത്രത്തിനോ അതിന്റെ നടത്തിപ്പുകാർക്കോ ഇനിയും നേടാനായിട്ടില്ല. വിശുദ്ധഖുർആ

നിൽ സൂറഃ അഅ്റാഫിൽ ഇങ്ങനെ പറയുന്നു. 'അഹങ്കരിച്ചിരുന്നവർ ഇങ്ങനെ പറഞ്ഞു. നിങ്ങൾ വിശ്വസിച്ചവരെ നിഷേധിക്കുന്നവരാണ് ഞങ്ങൾ'. (7:77) ഡന്മാർക്കും ഇതര യൂറോപ്യൻരാജ്യങ്ങളും ഈ സൂക്തത്തിന്റെ പരിധിയിൽ വരുന്നുണ്ട്. കാര്യമെന്തെന്നാൽ മാനുഷികമായ പരിഗണനയോ വിശ്വാസപരമായ തുല്യതയോ മുസ്‌ലിംകൾക്ക് നൽകാൻ ഇക്കൂട്ടർ തയ്യാറല്ല. മതനിന്ദ നിർലോഭം പ്രദർശിപ്പിക്കാനുള്ള ഉപാധികളത്രെ പത്രസ്വാതന്ത്ര്യവും ആവിഷ്കാരസ്വാതന്ത്ര്യവുമൊക്കെ.

ഇനി പ്രതിഷേധത്തിന്റെ അവസ്ഥ നോക്കാം. 2005 സെപ്തംബറിലാണ് പത്രം കാർട്ടൂൺ പ്രസിദ്ധീകരിക്കുന്നത്. പിന്നീട് 2006 ജനുവരി മുതലാണ് അക്രമാസക്തമായ പ്രതിഷേധസമരം അരങ്ങേറുന്നത്. ഈയൊരു സമയദൈർഘ്യം പ്രതികരണത്തിന്റെ സമകാലീനതയെ നശിപ്പിച്ചു. സ്വാഭാവികമായും വൈകിവന്ന പ്രതികരണങ്ങൾ അക്രമത്തിന്റെ രൂപത്തിലായിത്തീർന്നു. ആത്യന്തികമായി യഥാർത്ഥ പ്രശ്നം ചർച്ച ചെയ്യപ്പെടാതെ പ്രതിഷേധ കോലാഹലങ്ങളിലായി ലോകശ്രദ്ധ.

മുമ്പ് സൽമാൻ റുഷ്തിയുടെ സാത്താനിക് വേർസസ് എന്ന നോവലിനെതിരെയുണ്ടായ പ്രതികരണങ്ങൾ ഈയവസരത്തിൽ ഓർമ്മിക്കപ്പെടേണ്ടതുണ്ട്. ഖുമൈനി വിധിച്ച വധശിക്ഷയും മറ്റനവധി പ്രക്ഷുബ്ധമായ പ്രതിഷേധങ്ങളും റുഷ്തിയെ ഒരു അന്താരാഷ്ട്രവ്യക്തിത്വമാക്കിത്തീർത്തു. തീർത്തും അവഗണിക്കപ്പെടേണ്ടിയിരുന്ന ഒരു നാലാംകിട നോവൽ, മാസങ്ങളോളം ബെസ്റ്റ് സെല്ലർ പത്രികയിലുണ്ടായി. ലക്ഷക്കണക്കിന് പ്രതികൾ ചിലവായ ഈ പുസ്തകം സാഹിത്യപരമായി വട്ടപൂജ്യമായിരുന്നു. ആധുനിക മാർക്കറ്റിംഗ് തന്ത്രങ്ങളുടെ കൃത്യമായ നിർവഹണമത്രെ ഇത്. കമ്പോളവല്കരിക്കപ്പെടുന്ന ആശയങ്ങളും പുസ്തകങ്ങളും വിവാദങ്ങളുടെ പിൻബലത്തിൽ വലിയ ലാഭം കൊയ്തെടുക്കുന്നു. സൽമാൻ റുഷ്തി ഇങ്ങനെയൊരു നോവൽ രചിച്ചതുകൊണ്ട് മുഹമ്മദ്നബി(സ)ക്ക് എന്ത് സംഭവിച്ചു? അദ്ദേഹത്തിന്റെ സർവ്വലൗകികവും ദൈവദത്തവുമായ പ്രതിച്ഛായ ഒരിക്കലും കളങ്കപ്പെടുന്നില്ല. മറിച്ച്, പ്രകോപനപരമായ പ്രതികരണങ്ങൾ ഇസ്‌ലാമിക ശൈലിയെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾക്ക് ബലം കൂട്ടി.

കാർട്ടൂൺ വിവാദത്തെ തുടർന്ന് യൂറോപ്പിൽ സജീവമായ ചർച്ചകൾ അത്തരമൊരു യാഥാർത്ഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. പല യൂറോപ്യൻ മാധ്യമങ്ങളും ഈ വിഷയത്തിന് ഊന്നൽകൊടുക്കുന്നത് വ്യത്യസ്തമായ സംസ്കാരങ്ങളുടെ ഏറ്റുമുട്ടൽ എന്ന നിലയിലാണ്. ഇസ്‌ലാമിക സംസ്കാരം അസഹിഷ്ണുത നിറഞ്ഞുനില്ക്കുന്ന ഒന്നായിട്ടാണ് ഇവ ചിത്രീകരിച്ചത്. ഇവരുടെ കാഴ്ചപ്പാടിൽ മദ്ധ്യപൂർവ്വ കാലഘട്ടങ്ങളിലെവിടെയോ സ്തംഭിച്ചുനില്ക്കുന്ന ഒരു നാഗരികതയത്രെ അത്. ആധുനികമായ യാതൊരു യുക്തിയും അവർക്ക് ഇസ്‌ലാമിൽ കാണാനാവുന്നില്ല. അതിനാൽ ജനാധിപത്യം, ആവിഷ്ക്കാര-അഭിപ്രായ പ്രകടന സ്വാതന്ത്ര്യങ്ങൾ തുടങ്ങിയവയെ നിരസിക്കുന്ന ഒന്നായി പാശ്ചാത്യമാധ്യമങ്ങൾ ഇസ്‌ലാമിനെ പുനർനിർമ്മിക്കുന്നു. ഈ പുനർനിർമ്മിതിയിലൂടെ ഇസ്‌ലാമിനെ ലോകസമാധാനത്തിനുപോലും ഭീഷണിയുയർത്തുന്ന ഒന്നായി പാശ്ചാത്യർക്കിടയിൽ പ്രതിഷ്ഠിക്കുന്നു. പാശ്ചാത്യനാടുകളിലെ വലതുപക്ഷ ലിബറൽ ഗ്രൂപ്പുകൾ ഇസ്‌ലാമിക തീവ്രവാദത്തെ കാർട്ടൂൺ വിവാദവുമായി ബന്ധപ്പെടുത്തുന്നുണ്ട്. അതിനിടെ കാർട്ടൂണിസ്റ്റിനെ വധിക്കാൻ അഫ്ഗാനിസ്ഥാനിലെ താലിബാൻ ഫത്വ പുറപ്പെടുവിച്ചു. അക്കൂട്ടത്തിൽ വർഷങ്ങൾക്കുമുമ്പ് ഭാമിയാനിൽ ബുദ്ധപ്രതിമകൾ തകർത്തപ്പോൾ താലിബാനികൾ ബുദ്ധമതാനുയായികളുടെ വികാരങ്ങളെ മാനിച്ചുവോ എന്നത് പരിഗണിക്കപ്പെടേണ്ടുന്ന ചോദ്യമാണ്. താലിബാൻ നടത്തിയ സംസ്കാരരാഹിത്യം തന്നെയാണ് കാർട്ടൂൺ പുനഃപ്രസിദ്ധീകരണത്തിലൂടെ യൂറോപ്യൻമീഡിയ ചെയ്യുന്നത്. രണ്ടും അപക്വവും വികലവുമായ മനസ്സിന്റെ പരിണിതഫലമാണ്.

ഈ പശ്ചാതലത്തിൽ കാർട്ടൂൺ വിവാദത്തിലെ ലക്ഷ്യങ്ങൾ എന്തെന്ന് പരിശോധിക്കേണ്ടയിരിക്കുന്നു. പല ലക്ഷ്യങ്ങൾ കണ്ടേക്കാം. ഒന്ന് മുസ്‌ലിം ലോകത്തെ മൊത്തത്തിൽ അപഹസിക്കുക എന്നതാണ്. രണ്ടാമതായി, പ്രതിഷേധ പ്രതികരണങ്ങളുടെ അധാർമ്മികതയിലൂടെ മുസ്‌ലിം സംസ്കൃതിയെ വികൃതമാക്കുക. ഇനിയും മറ്റൊന്ന് ആവിഷ്കാര സ്വാതന്ത്ര്യത്തേയും അഭിപ്രായപ്രകടനത്തേയും ഹനിക്കുന്നവരാണ് മുസ്‌ലിം മതാനുയായികൾ എന്നൊരു പ്രതീതി ജനിപ്പിക്കുക. നിർഭാഗ്യമെന്നു പറയട്ടെ ഈ മൂന്ന് ലക്ഷ്യങ്ങളും ഏറെക്കുറെ മുഴുവനായി നേടിക്കഴിഞ്ഞു.

മുസ്‌ലിം ജനതയെ അപഹസിക്കുക എന്ന ലക്ഷ്യം പിറക്കുന്നത് ഡന്മാർക്കിൽ പ്രത്യേകിച്ചും യൂറോപ്പിൽ പൊതുവായുമുള്ള ഒരു ചിന്തയുടെ ഫലമായാണ്. ഈ രാജ്യങ്ങളിൽ കുടിയേറ്റക്കാരായി എത്തുന്ന മുസ്‌ലിം ജനത കർമ്മശേഷികൊണ്ട് ഭൗതികമായി നല്ല ചുറ്റുപാടുകൾ സൃഷ്ടിക്കാറുണ്ട്. തീർത്തും ദുർബലമായ ഒരു ന്യൂനപക്ഷത്തെ കുത്തിമുറിവേല്പിക്കാനുള്ള പ്രധാന കാരണം ഈ ഭൗതികപുരോഗതിയിലുള്ള തദ്ദേശീയമായ അസൂയതന്നെയാണ്. 70കളുടെ പകുതി മുതൽ 90കൾവരെ സജീവമായിരുന്ന സോഷ്യൽ ഡമോക്രാറ്റുകളുടെ പതനം ഈ വീക്ഷണത്തെ ബലപ്പെടുത്തുന്നു. സോഷ്യൽ ഡമോക്രാറ്റുകൾക്കു പകരം അടിത്തറ വിപുലപ്പെടുത്തിയ ക്രിസ്ത്യൻ ഡമോക്രാറ്റുകൾ മതനിരപേക്ഷവും വംശരഹിതവുമായ കാഴ്ചപ്പാടല്ല പുലർത്തുന്നത്. മണ്ണിന്റെ മക്കൾ വാദംപോലെ തദ്ദേശീയമായ വികാരങ്ങൾക്കാണിവ മുൻഗണന കാട്ടുന്നത്. തുടക്കത്തിൽ പറഞ്ഞ ഡാനിഷ് പീപ്പ്ൾ പാർട്ടി ഇത്തരമൊരു തീവ്രനിലപാടിന്റെ പ്രണേതാക്കളാണത്രെ.

ഇനി പ്രതികരണങ്ങളുടെ സ്തോഭജനകമായ ചില പിന്നാമ്പുറങ്ങൾ. വിവാദത്തെ തുടർന്ന് അറേബ്യൻ നാടുകൾ വൻകിട ഡാനിഷ് കമ്പനി ആര്യ ഫുഡ്സിന്റെ ഉല്പന്നങ്ങൾ ബഹിഷ്കരിക്കുകയുണ്ടായി. സക്രിയമായി ഒരു സാമ്പത്തിക പ്രതിഷേധമായിരുന്നു അത്. എന്നാൽ, തെരുവുകളിലെ അക്രമാസക്തമായ പ്രക്ഷോഭങ്ങൾ നയിക്കപ്പെടുന്നത് ജനക്കൂട്ടത്തിന്റെ മാനസിക അപഭ്രംശത്തിലേക്കാണ്. ഈ മാനസിക അപഭ്രംശത്തെ സാർത്തകമായി തെരുവുകളിലും വാണിജ്യകേന്ദ്രങ്ങളിലും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഡാനിഷ് കമ്പനികൾക്ക് വമ്പിച്ച നഷ്ടം തന്നെ ഈ വിവാദത്തിലൂടെ ഉണ്ടായി. ഈ വിവാദത്തിനു പിറകിൽ വൻകിട കുത്തക കമ്പനികൾ തമ്മിലുള്ള മത്സരമാണോ? ഡാനിഷ് കമ്പനികൾക്ക് ആര്യ ഫുഡ്സിനുൾപ്പെടെ അറബ് നാടുകൾ പ്രിയപ്പെട്ട വിപണിയാണ്. ഗുണമേന്മയിൽ ഇതര പാശ്ചാത്യ ഉല്പന്നങ്ങളുടേതിലും നിലവാരം പുലർത്തുന്നവയാണ് ഡാനിഷ് ഉല്പന്നങ്ങൾ. ഈ വിപണി ഡാനിഷ് കമ്പനിയിൽനിന്ന് എന്നെന്നേക്കുമായി നശിപ്പിക്കാനുള്ള യൂറോ–അമേരിക്കൻ ചിന്താപദ്ധതിയായികൂടെ കാർട്ടൂൺ വിവാദം. അപ്പോൾ മുസ്ലിംജനത ആരോപിച്ച തിരക്കഥയിൽ കഥയറിയാതെ വേഷം കെട്ടുകയായിരുന്നു.

ഇനി മിക്ക മൂന്നാംലോക രാജ്യങ്ങളിലേയും പ്രക്ഷോഭകാരികൾ തകർത്തെറിഞ്ഞത് ഡന്മാർക്കുകാരന്റേയോ യൂറോപ്യന്റേയോ സ്വത്തുക്കളായിരുന്നില്ല. മറിച്ച്, തദ്ദേശീയമായ ഒരുപക്ഷെ മുസ്ലിംകളുടേതു തന്നെയായ സ്വത്തുവകകളായിരുന്നു. മരണസംഖ്യ തുർക്കി, പാക്കിസ്ഥാൻ, പലസ്തീൻ, മലേഷ്യ ഇങ്ങനെയുള്ള രാജ്യങ്ങളിലായി നീണ്ടുകിടക്കുന്നു. സൂറഃ അൽഫുർഖാൻ പറയുന്നു. പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്. അവിവേകികൾ അവരുമായി നേരിട്ടാൽ അവർ സമാധാനം എന്നുപറഞ്ഞ് ഒഴിഞ്ഞുമാറുന്നതാണ്. (25:64) ഈയൊരു നിത്യസത്യം ഖുർആൻ പാരായണം ചെയ്യുന്ന വിശ്വാസികൾ കാണുന്നില്ല എന്നതാണ് ഈ കാലത്തിന്റെ ദുരന്തം. തൽഫലമായി വിശ്വാസത്തിന്റെ പേരിൽ തീവ്രമായ നിലപാടുകളിലേക്ക് ജനക്കൂട്ടം വഴിതെറ്റുന്നു. തിരുനബി(സ) തന്റെ ജീവിതത്തിൽ വിമർശകരേയും, പ്രകോപനം സൃഷ്ടിക്കുന്നവരേയും നേരിട്ടത് അക്രമത്തിലൂടെയായിരുന്നില്ല. മറിച്ച്, ക്ഷമിച്ചും, അവഗണിച്ചുമൊക്കെയായിരുന്നു. സുഹൈലിബ്നു അംറിം തുടങ്ങിയവർ മുഹമ്മദ് നബിയുടെ കടുത്ത വിമർശകരായിരുന്നല്ലോ. ഇവരെ നബി(സ) നേരിട്ടത് മാനുഷികമായ സഹവർത്തിത്വത്തിലൂടെയാണ്. ഈയൊരു കാഴ്ചപാടിന്റെ ഉദാത്തമായ തലം തെരുവിൽ അക്രമാസക്തമാകുന്ന മുസ്ലിം ജനം അറിയേണ്ടതുണ്ട്.

ഇനി ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പ്രശ്നമെടുക്കാം. മൗലികവും ധൈഷണികവുമായ കാഴ്ചപാടുകൾ ധീരതയോടെ ആവിഷ്കരിക്കാനുള്ള സ്വാതന്ത്ര്യം ഏതൊരാൾക്കും ഉണ്ട്. എന്നാൽ ഈ കാഴ്ചപ്പാടിന് ചില പരിമിതികളുണ്ട്. സ്വന്തം അഭിപ്രായം ആരെയെങ്കിലും വേദനിപ്പിക്കുന്നുണ്ടോ എന്ന് ചിന്തിക്കുക അതിലൊന്നത്രെ. മറ്റൊരു കാര്യം താൻ പറയുന്നത് ഇതര ജനവിഭാഗങ്ങളുടെ മതപരമോ ആചാരപരമോ ആയ ചിഹ്നങ്ങളെ തകർക്കുന്നതാണോ എന്ന് വിലയിരുത്തുക എന്നതാണ്. ഇവിടെ കാർട്ടൂൺ പ്രസിദ്ധീകരിച്ച പത്രം മറന്നുപോയത് ഇക്കാര്യമാണ്. അതിലുപരി ഇസ്ലാമിലെ വ്യക്തിസ്വാതന്ത്ര്യത്തേയും അഭിപ്രായ പ്രകടനസ്വാതന്ത്ര്യത്തേയും സാദ്ധ്യതകൾ പൊതുജന മദ്ധ്യത്തിൽ ഇകഴ്ത്തി പറയുന്നതിലാണ് യൂറോപ്യൻ മീഡിയ അഭിരമിച്ചത്. അതുകൊണ്ടാണ് ഡാനിഷ് പ്രധാനമന്ത്രി കാർട്ടൂൺ വിഷയവുമായി ബന്ധപ്പെട്ട് ടിവിയിൽ ക്ഷമാപണം നടത്തുന്നതിനിടയിലും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുവേണ്ടി കൂടുതൽ വാദിച്ചത്.

ഇവിടെ യഥാർത്ഥത്തിൽ മർദ്ദനോപാധിയാവുകയാണ് ആവിഷ്കാരസ്വാതന്ത്ര്യം. മതനിരപേക്ഷമായ രാജ്യത്ത് ചെറുതെങ്കിലും വ്യതിരിക്തമായ വിശ്വാസ സമ്പ്രദായങ്ങളുള്ള ഒരു സമൂഹത്തെ വ്രണപ്പെടുത്തുന്നത് എങ്ങനെയാണ് ആവിഷ്കാര സ്വാതന്ത്ര്യമാവുന്നത്. ആവിഷ്കരിക്കുന്നതിൽ ഔചിത്യം നിർബന്ധമാണ്. അല്ലെങ്കിൽ മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം നഷ്ടപ്പെടുന്നുണ്ട്. അപ്പോൾ പ്രമുഖ മുസ്ലിം ബുദ്ധിജീവി സിയാവുദ്ദീൻ സർദാർ ചൂണ്ടിക്കാട്ടിയതുപോലെ ആവിഷ്കാര സ്വാതന്ത്ര്യം ചില പരിമിതികൾക്കുള്ളിൽതന്നെ നിലയുറപ്പിക്കേണ്ടതാണ്. ഈ പരിമിതികൾ നിർണ്ണയിക്കുന്നത് മനുഷ്യന്റെ വിവേകബുദ്ധിയാണ്. ഇത്തരമൊന്ന് ഖുർആനിലൂടെ പകർന്നുകിട്ടിയതുകൊണ്ടാണ് മുഹമ്മദ് നബി(സ) യുടെ കാർട്ടൂണിന് പകരം യേശുവിന്റെയോ ഇതര മതചിഹ്നങ്ങളുടേയോ നിന്ദാപരമായ കാർട്ടൂണുകൾ മുസ്ലിംകൾ പ്രസിദ്ധീകരിക്കാത്തത്. വീണ്ടും ഖുർആൻ പറയുന്നു. നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് നിങ്ങളും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുന്നില്ല തന്നെ. (2:191)

ചുരുക്കത്തിൽ ഇക്കാര്യങ്ങളൊക്കെ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്ന ചില കാര്യങ്ങളുണ്ട്. ഒന്ന് ഇസ്ലാമിനെതിരെ ആസൂത്രിതവും പ്രഖ്യാപിതവുമായ ആക്രമണങ്ങൾ നടക്കുന്നുണ്ട്. ഈ ആക്രമണങ്ങളുടെ കുന്തമുന ബോധപൂർവ്വം മുഹമ്മദ് നബി (സ)യുടെ നേർക്കാണ് തിരിച്ചുവെച്ചിരിക്കുന്നത്. അവിടത്തെ പാവനമായ ജീവിതത്തെ വക്രീകരിച്ചും മലിനപ്പെടുത്തിയും മുസ്ലിം ജീവിതശൈലിയെതന്നെ അപമതിക്കാനുള്ള ഗൂഢനീക്കമാണിതിന് പിന്നിൽ. രണ്ടാമതായി ഇത്തരം പ്രശ്നങ്ങളെ നേരിടുന്ന മുസ്ലിം ജനസാമാന്യത്തിന്റെ ശോചനീയമായ അവസ്ഥയാണ്. തീർത്തും വികാരപരമായി മാത്രം ചിന്തിക്കുന്ന അതീവ ദുർബലമായ ഒരു ജനക്കൂട്ടമായി

മുസ്‌ലിംകൾ മാറുന്നു. ചിന്തയിൽ വിശ്വാസപരമായ ക്രോഡീകരണം ഇവർക്കുണ്ടാകുന്നില്ല. ശക്തമായ ആത്മീയനേതൃത്വം ഇവരെ നേർവഴിക്ക് നടത്തുന്നില്ല. പാളിപോയ ചിന്തകളും ദിശാബോധമില്ലാത്ത പെരുമാറ്റവും ഇസ്‌ലാമിക വിശ്വാസികളെ പരിഹാസ്യരാക്കുന്നുണ്ട്.

ഡാനിഷ് മുസ്‌ലിംകളുടെ സഹിഷ്ണുത നിറഞ്ഞ പെരുമാറ്റം ചില പത്രമാധ്യമങ്ങൾ എടുത്തുപറഞ്ഞു. ഇത്തരുണത്തിൽ നമ്മളോർക്കേണ്ടത് ഡന്മാർക്കിലെ അഹ്മദിയ്യ മിഷിണറി നടത്തിയ പരിശ്രമങ്ങളായിരുന്നു. സമാധാനപരമായി ശരിയായ സമയത്തുതന്നെ കാർട്ടൂൺ പ്രസിദ്ധീകരിച്ച അതേ പത്രത്തിൽ പ്രതിഷേധ കുറിപ്പ് ശക്തമായ ഭാഷയിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഇതായിരുന്നു യഥാർത്ഥ ഇസ്‌ലാമിക മാർഗ്ഗം. ഈ മാർഗ്ഗം ഇതര മുസ്‌ലിംകൾക്ക് അപ്രാപ്യമാണ്. കാരണം കാലത്തിന്റെ ചുവരെഴുത്ത് ഇവർ കാണുന്നില്ല. ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹു ഈ വിഷയവുമായി ബന്ധപ്പെട്ട് ഇങ്ങനെ പറഞ്ഞു: "മറ്റു മുസ്‌ലിംകളുടെ പ്രതികരണം എന്തുമായിക്കൊള്ളട്ടെ. പക്ഷെ, ഒരഹ്മദിയുടെ പ്രതികരണം ഈ നീചപ്രവർത്തി ചെയ്യുന്നവർക്ക് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുകയും അല്ലാഹുവിന്റെ കോപത്തെ തൊട്ട് ഭയപ്പെടുത്തുകയും ചെയ്യുക എന്നതാണ്. നബി(സ)യുടെ മനോഹരമായ ചിത്രം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുക. സർവ്വശക്തനും എല്ലാ കഴിവുകളുടേയും അധിപതിയുമായ അല്ലാഹുവിന്റെ സഹായം തേടുകയും ചെയ്യുക". ഇത്തരമൊരു മാർഗ്ഗം സത്യവിശ്വാസികളുടേതുമാത്രമാണ്. സമാധാനത്തിന്റെ വഴി സത്യവിശ്വാസത്തിന്റേതുകൂടിയാണ്. നീതി നിഷേധത്തിനും വിവേചനത്തിനുമുള്ള മറുപടി പ്രാർത്ഥനയും ക്ഷമയുമാണെന്ന് ഇസ്‌ലാമിക അദ്ധ്യാപനം ഉൾക്കൊള്ളാൻ മുസ്‌ലിം ജനത തയ്യാറാകേണ്ടതുണ്ട്. ●

### അറിയിപ്പ്

സത്യമിത്രത്തിലേക്കുള്ള ലേഖനങ്ങളും, റിപ്പോർട്ടുകളും താഴെകാണുന്ന വിലാസത്തിൽ അയക്കുക.

***എഡിറ്റർ, സത്യമിത്രം, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം - 18***

## കേരള പര്യടനം

എറണാകുളം: ഭാരത ഇസ്‌ലാഹോ ഇർശാദ് സെക്രട്ടറി മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി ഫെബ്രുവരിമാസം കേരളം സന്ദർശിച്ചു. ഫെബ്രുവരി 17-ന് എറണാകുളത്ത് എത്തിയ അദ്ദേഹം എറണാകുളം മേഖലയിലെ വിവിധ ജമാഅത്തുകൾ സന്ദർശിക്കുകയും ഐരാപുരം ജമാഅത്തിൽ പുതുതായി നിർമ്മിക്കാൻ പോകുന്ന പള്ളിക്ക് തറക്കല്ലിടുകയും ചെയ്തു. പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന എറണാകുളം അഹ്മദിയ്യാ മസ്ജിദിൽവെച്ച് 19-ാം തിയ്യതി ചേർന്ന എറണാകുളം മേഖല സമ്മേളനം മൗലാനാ മുഹമ്മദ് ഇനാം ഗോരി സാഹിബ് ഉദ്ഘാടനം ചെയ്തു. ഹുസൂറിന്റെ ഖാദിയാൻ സന്ദർശനത്തോടെ ജമാഅത്തംഗങ്ങളിൽ ഉണ്ടായിട്ടുള്ള ഉണർവ്വും ഉന്മേഷവും നിലനിർത്തുകയാണ് തന്റെ കേരള പര്യടനത്തിന്റെ ഉദ്ദേശ്യമെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഗോരിസാഹിബ് പറഞ്ഞു. മേഖലാ അമീർ ജ: ബി. ബി. അഹ്മദ് കബീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൗലാനാ മുഹമ്മദ് ഉമർ സാഹിബ് (ചീഫ് മുബല്ലിഗ്, കേരള), മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബ്, മൗലവി ടി. ശഫീഖ് അഹ്മദ് സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ് എന്നിവർ ക്ലാസ്സെടുത്തു. മേഖല അൻസാറുല്ലാ സഈം ജ: സജിദ് പടിയത്ത് സാഹിബ് ആശംസകൾ അർപ്പിക്കുകയും സൗത്ത് സോൺ ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് ഉച്ചക്കുശേഷമുള്ള പരിപാടികൾ നിയന്ത്രിക്കുകയും ചെയ്തു.

എറണാകുളം മേഖല പര്യടനത്തിനുശേഷം തിരുവനന്തപുരം മേഖല സന്ദർശിക്കുകയും തമിഴ്നാട്ടിലെ രണ്ട് ജമാഅത്തുകളിൽ പര്യടനം നടത്തി അദ്ദേഹം കണ്ണൂരിലേക്ക് പുറപ്പെടുകയും ചെയ്തു. 24-ാം തിയ്യതി വെള്ളിയാഴ്ച കോഴിക്കോട് ചേർന്ന അമീർമാരുടെ യോഗത്തിലും തുടർന്നുള്ള മുബല്ലിഗ് മുഅലിമിങ്ങളുടെ യോഗത്തിലും പങ്കെടുത്തശേഷം 25, 26 തിയ്യതികളിൽ കൽകുളത്ത് ചേർന്ന മലപ്പുറം മേഖല സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കുകയുണ്ടായി. മലപ്പുറം മേഖലാ സമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട മുഹമ്മദലി സാഹിബ് മേഖലാ അമീർ മലപ്പുറം യോഗത്തിൽ അധ്യക്ഷനായിരുന്നു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ചീഫ് മുബല്ലിഗ് കേരള, മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ്, മൗലവി കെ.സിദ്ദീഖ് സാഹിബ്, മൗലവി എം.നാസിർ അഹ്മദ് സാഹിബ്, മൗലവി സി.പി.മൊയ്തീൻകുട്ടി സാഹിബ്, മൗലവി മുഹമ്മദ് സാഹിബ്, മൗലവി ടി.കെ. മഹ്മൂദ് സാഹിബ് കൽകുളം തുടങ്ങിയവർ ക്ലാസ്സെടുത്തു. എറണാകുളം മേഖല അമീർ ബി.ബി.അഹ്മദ് കബീർ സാഹിബ് ആശംസാപ്രസംഗം നടത്തി.

27-ാം തിയ്യതി മണ്ണാർക്കാട് ചേർന്ന പാലക്കാട് മേഖലയോഗത്തിൽ ജ:ഗോരി സാഹിബ് പങ്കെടുത്തു. വിവിധ ജമാഅത്തുകൾ സന്ദർശിച്ചശേഷം അദ്ദേഹം ചെന്നൈയിലേക്ക് യാത്രതിരിച്ചു. അദ്ദേഹത്തിന്റെ പര്യടനം കേരള ജമാഅത്തുകൾക്ക് പുതിയ ഉണർവ്വും ഉന്മേഷവും നൽകിയിരിക്കുകയാണ്.

# ദുആകളും ആരാധനകളും ചെയ്യേണ്ട ക്രമം

**അഹ്മദിയ്യാ ഖിലാഫത്ത് ശതവാർഷിക ജൂബിലി 2008-നോടനുബന്ധിച്ച് സയ്യിദുനാ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്- ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) ആഹ്വാനം ചെയ്ത ദുആകളും ആരാധനകളും ചെയ്യേണ്ട ക്രമം.**

1. ഓരോ മാസവും ഒരു നഫൽനോമ്പു പിടിക്കുക. ഇതിനുവേണ്ടി പ്രാദേശിക ജമാഅത്തുകൾ മാസത്തിലെ അവാസന ആഴ്ചയിലെ ഒരു ദിവസം നിശ്ചയിക്കേണ്ടതാണ്.

2. ഓരോ ദിവസവും രണ്ട് റക്അത്ത് നഫൽ നമസ്കരിക്കുക. ഇശാക്കു ശേഷം മുതൽ ഫജറിനു മുമ്പുവരേയോ ളുഹറിനു ശേഷമോ ഈ നഫൽ നമസ്കരിക്കാവുന്നതാണ്.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۝ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ الرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۝ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

3. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

സകല സ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു. പരമകാരുണികനും കരുണാനിധിയുമായവൻ പ്രതിഫലം നൽകുന്ന നാളിന്റെ ഉടമസ്ഥൻ. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടുമാത്രം ഞങ്ങൾ സഹായമർത്ഥിക്കുകയും ചെയ്യുന്നു. നീ ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ, കോപത്തിന് പാത്രമായവരുടേയോ വഴിപിഴച്ചവരുടേയോ മാർഗ്ഗത്തിലല്ല. ദിവസവും **ഏഴ് പ്രാവശ്യമെങ്കിലും ചൊല്ലുക.**

رَبَّنَآ اَفْرِغْ عَلَيْنَا صَبْرًا وَّثَبِّتْ اَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِيْنَ۔

4. ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞുതരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിർത്തുകയും അവിശ്വാസികൾക്കെതിരെ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. (2:251) **ദിവസവും 11 തവണയെങ്കിലും ചൊല്ലുക.**

رَبَّنَا لَا تُزِغْ قُلُوْبَنَا بَعْدَ اِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَّدُنْكَ رَحْمَةً ۚ اِنَّكَ اَنْتَ الْوَهَّابُ

5. ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയ ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ. നീ ഞങ്ങൾക്ക് നിന്റെ അടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്. (3:9) **ദിവസവും 33 പ്രാവശ്യമെങ്കിലും ചൊല്ലുക.**

اَللّٰهُمَّ اِنَّا نَجْعَلُكَ فِيْ نُحُوْرِهِمْ وَنَعُوْذُبِكَ مِنْ شُرُوْرِهِمْ۔

6. അല്ലാഹുവേ, അവരെ നേരിടാൻ ഞങ്ങൾ നിന്നെ തന്നെ അവരുടെ നെഞ്ചകങ്ങളിലാക്കുന്നു. അവരുടെ എല്ലാ ഉപദ്രവങ്ങളിൽനിന്നും ഞങ്ങൾ നിന്നോട് രക്ഷതേടുകയും ചെയ്യുന്നു. **ദിവസവും 11 പ്രാവശ്യമെങ്കിലും ചൊല്ലുക.**

اَسْتَغْفِرُ اللّٰهَ رَبِّيْ مِنْ كُلِّ ذَنْبٍ وَّاَتُوْبُ اِلَيْهِ۔

7. എന്റെ രക്ഷിതാവായ അല്ലാഹുവിനോട് ഞാൻ പൊറുക്കലിനെ തേടുന്നു. എല്ലാ പാപങ്ങളിൽനിന്നും അവനിലേക്ക് മടങ്ങുകയും ചെയ്യുന്നു. **ദിവസവും 33 പ്രാവശ്യമെങ്കിലും ചൊല്ലുക.**

سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيْمِ
اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّاٰلِ مُحَمَّدٍ

8. അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം ഞാൻ അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. മഹോന്നതനായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ, മുഹമ്മദ്(സ) തിരുമേനിയുടേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും മേൽ നിന്റെ അനുഗ്രഹങ്ങൾ വർഷിക്കേണമേ. **ദിവസം 33 പ്രാവശ്യം ചൊല്ലു**ക

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ
عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ
اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا بَارَكْتَ
عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ

9. അല്ലാഹുവേ, മുഹമ്മദ്(സ) തിരുമേനിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ സവിശേഷ കാരുണ്യം നൽകേണമേ. ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ സവിശേഷ കാരുണ്യം നൽകിയതുപോലെ. തീർച്ചയായും നീ സ്തുതിക്കപ്പെടുന്നവനും മഹത്വമുള്ളവനും ആകുന്നു. അല്ലാഹുവേ, മുഹമ്മദ്(സ) തിരുമേനിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ അളവറ്റ അനുഗ്രഹം നൽകേണമേ. ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുബത്തിനും നീ അളവറ്റ അനുഗ്രഹം നൽകിയതുപോലെ. തീർച്ചയായും നീ സ്തുതിക്കപ്പെടുന്നവനും മഹത്വമുള്ളവനും ആകുന്നു. **33 പ്രാവശ്യം ചൊല്ലുക.** (*ബദർ പത്രം, 2.2.2006, പേജ് 11*)

**സമ്പാദകൻ: ടി.എം. മുഹമ്മദ്**